## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 –ലെ യോഗത്തിന്റെ നടപടിവിവരം

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 2 | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023, 22.06.2023, 03.07.2023, 26.10.2023, 14.11.2023, 04.01.2024, 22.01.2024,06.03.2024, 06.06.2024 എന്നീ തീയതികളിൽ നടന്ന യോഗതീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 1 |
| 2.1 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 1 |
| 4.46 | ആലപ്പുഴ മുനിസിപ്പാലിറ്റി | 1 |
| **2.2** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 2 |
| 4.47 | പെരുമ്പാവൂർ നഗരസഭ | 2 |
| 2.3 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 3 |
| 4.13 | കോട്ടയം നഗരസഭ | 3 |
| 2.4 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 4 |
| **3.2** | ആംബുലൻസ് | 4 |
| 4.5 | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 7 |
| 4.7 | കായംകുളം നഗരസഭ | 8 |
| 4.18 | വട്ടവട ഗ്രാമപഞ്ചായത്ത് | 8 |
| 4.33 | റബ്ഫാം പ്രൊഡ്യൂസർ കമ്പനി **(RUBFARM)** | 9 |
| 2.5 | കോഓർഡിനേഷൻ കമ്മിറ്റിയുടെ **14.11.2023**–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 11 |
| 3.5 | ഇലക്ട്രിക് സ്കൂട്ടർ | 11 |
| 3.6 | പ്രീ ഫാബ് സാങ്കേതികവിദ്യ | 11 |
| 4.56 | കാറളം ഗ്രാമപഞ്ചായത്ത് | 13 |
| 4.71 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 14 |
| 2.6 | കോഓർഡിനേഷൻ കമ്മിറ്റിയുടെ **04.01.2024** ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 15 |
| 4.13 | റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | 15 |
| 2.7 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 16 |
| 4.6 | എടവനക്കാട് ഗ്രാമപഞ്ചായത്ത് | 16 |
| 4.14 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 17 |
| 4.25 | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | 18 |
| 4.27 | വളവന്നൂർ ഗ്രാമപഞ്ചായത്ത് | 19 |
| 4.28 | കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് | 20 |
| 4.31 | വിളയൂർ ഗ്രാമപഞ്ചായത്ത് | 21 |
| 4.33 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 21 |
| 4.36 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 22 |
| 4.70 | പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 23 |
| 4.80 | വെച്ചൂർ ഗ്രാമപഞ്ചായത്ത് | 24 |
| 4.96 | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | 24 |

| | | |
|---|---|---|
| 2.8 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 25 |
| 4.7 | ഇടമലക്കുടി ഗ്രാമപഞ്ചായത്ത് | 26 |
| 4.13 | കവിയൂർ ഗ്രാമപഞ്ചായത്ത് | 27 |
| 4.17 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 28 |
| 4.39 | കുമ്പള ഗ്രാമപഞ്ചായത്ത് | 29 |
| 4.53 | ചെല്ലാനം ഗ്രാമപഞ്ചായത്ത് | 29 |
| 4.60 | കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് | 30 |
| 4.67 | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | 31 |
| 2.9 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 33 |
| 3.7 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തി | 33 |
| 3.8 | കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള പ്രോജക്ടുകൾ | 34 |
| 3.15 | അടുക്കള നവീകരണം | 36 |
| 4.3 | കൊടുങ്ങല്ലൂർ നഗരസഭ | 36 |
| 4.6 | പൊന്നാനി നഗരസഭ | 37 |
| 4.12 | പീരുമേട് മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈററി | 38 |
| 4.13 | കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 39 |
| 3 | പൊതു വിഷയം | 40 |
| 3.1 | ചെലവഴിക്കപ്പെടാത്ത ഐ.എ.വൈ.വിഹിതത്തിന്റെ ഉപയോഗം | 40 |
| 3.2 | അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം | 40 |
| 3.3 | റബ്ബർ ചെടിച്ചട്ടികൾ | 40 |
| 3.4 | അലോപ്പതി മരുന്നു വാങ്ങൽ | 41 |
| 3.5 | ജലസ്രോതസ്സുകളുടെ പരിപാലനം | 41 |
| 4 | പ്രത്യേക വിഷയം | 42 |
| 4.1 | കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് | 42 |
| 4.2 | കുറവ ഗ്രാമപഞ്ചായത്ത് | 42 |
| 4.3 | വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | 43 |
| 4.4 | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 43 |
| 4.5 | ഒറ്റൂർ ഗ്രാമപഞ്ചായത്ത് | 44 |
| 4.6 | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് | 44 |
| 4.7 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 45 |
| 4.8 | കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് | 45 |
| 4.9 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് സ്ഥലം വാങ്ങൽ | 46 |
| 4.10 | വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് | 46 |
| 4.11 | മണർകാട് ഗ്രാമപഞ്ചായത്ത് | 47 |
| 4.12 | മൊറയൂർ ഗ്രാമപഞ്ചായത്ത് | 48 |
| 4.13 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 48 |
| 4.14 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 49 |
| 4.15 | പാമ്പാടി ഗ്രാമപഞ്ചായത്ത് | 49 |
| 4.16 | ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ 07.06.2024-ലെ 258/Min/Agri/2024-ാം നമ്പർ കത്ത് (SRG/549/24) | 50 |
| 4.17 | മയ്യിൽ ഗ്രാമപഞ്ചായത്ത് | 54 |
| 4.18 | പള്ളം ബ്ലോക്ക് പഞ്ചായത്ത് | 55 |
| 4.19 | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 56 |

| | | |
|---|---|---|
| 4.20 | കൊല്ലം കോർപ്പറേഷൻ | 57 |
| 4.21 | വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 58 |
| 4.22 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 59 |
| 4.23 | കുടുംബശ്രീ | 60 |
| 4.24 | ശുചിത്വ മിഷൻ | 61 |
| 4.25 | മട്ടന്നൂർ മുനിസിപ്പാലിറ്റി | 61 |

No./400/2024/SRG/LSGD/CC(3)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024ന നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 10.00 മണിക്ക് സംസ്ഥാന ആസൂത്രണബോർഡ് സമൃദ്ധി ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ്മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

യോഗ നടപടി ആരംഭിക്കുന്നതിന് മുൻപ് മുൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.കുട്ടി അഹമ്മദ്കുട്ടിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

സാധാരണയായി കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ 1 ആയി അജണ്ടയിൽ ഉൾപ്പെടുത്താറുള്ള പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ 2 ആയി ഉൾപ്പെടുത്താറുള്ള മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരമുള്ള തുടർനടപടി, ക്രമനമ്പർ മൂന്ന് ആയി ഉൾപ്പെടുത്താറുള്ള പൊതുവിഷയം ക്രമനമ്പർ നാലായി ഉൾപ്പെടുത്താറുള്ള പ്രത്യേക വിഷയം എന്നിവയാണ് ഇന്നത്തെ യോഗത്തിൽഉൾപ്പെടുത്തിയിരിക്കുന്നത്.

## 2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023, 22.06.2023, 03.07.2023, 26.10.2023, 14.11.2023, 4.01.2024, 22.01.2024 06.03.2024, 06.06.2024 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 ഖണ്ഡിക 4.46**

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 02.01.2023 ലെ E2-22502/21-ാം നമ്പർ കത്ത് (SRG/ 330/23 - CC/85/2023)**

**വിഷയം:-** അമൃത് പദ്ധതിയിൽ ലോൺ എടുത്ത തുക സി.എഫ്.സി (ടൈഡ്) ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കുന്നതിനു അനുമതി സംബന്ധിച്ച്.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് 1.0 പദ്ധതിയിൽ 222.7 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക 50:30:20 അനുപാതത്തിൽ കേന്ദ്രം, സംസ്ഥാനം, നഗരസഭാ വിഹിതമായാണ് കണക്കാക്കുന്നത്. ഇതിൽ ലോൺ വിഹിതം 23.85 കോടി രൂപയാണ്. 10 തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശയോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഈ തുക തിരികെ അടയ്ക്കുന്നത്. എന്നാൽ വെള്ളപ്പൊക്കം, കൊവിഡ് എന്നിവ മൂലം യഥാസമയം ലോൺ തിരികെ അടച്ചിട്ടില്ല. ആകെ 56.00 ലക്ഷം രൂപയാണ് തിരികെ അടച്ചത്. ഈ സാഹചര്യത്തിൽ ലോൺ തുകയുടെ ഗഡുക്കൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്ന് അടയ്ക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**15.06.2023 ലെ തീരുമാനം :-** ഈ പദ്ധതിയിലെ മാനദണ്ഡങ്ങൾ, നിബന്ധന തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ അമൃത് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**13.08.2024 ന നൽകിയ റിപ്പോർട്ട്:-** അമൃത് 1.0 പദ്ധതിയിലുൾപ്പെട്ട നഗരസഭകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് തദ്ദേശഭരണസ്ഥാപന വിഹിതമോ ലോണോ അടയ്ക്കുന്നതിന് പ്രത്യേക നിർദ്ദേശമോ അനുമതിയോ ഇല്ല. എന്നാൽ അമൃത് 2.0 പദ്ധതി നടപ്പാക്കുന്ന നഗരസഭകൾക്ക് അവരുടെ വിഹിതം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്.

**13.08.2024 -ലെ തീരുമാനം:-** ആലപ്പുഴ നഗരസഭ അമൃത് 1.0 പദ്ധതിയാണ് നടപ്പാക്കുന്നത് എന്നതിനാൽ ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023ന് കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 4.47**

**പെരുമ്പാവൂർ നഗരസഭ**

**പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 26.05.2023-ലെ PH3- S097/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 835/23).**

**വിഷയം:-** പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ഭവനപുനരുദ്ധാരണത്തിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്.

ഭവനപുനരുദ്ധാരണത്തിന് കഴിഞ്ഞ വർഷം (2022-23) പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗുണഭോക്തൃ ലിസ്റ്റിലുള്ള താഴെ പറയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ താമസിക്കുന്നത് പുറമ്പോക്ക് ഭൂമിയിലാണ്.

1) ശ്രീമതി ഉഷ കുട്ടപ്പൻ, കണ്യാറപറമ്പിൽ, വാർഡ് 23
2) ശ്രീമതി ശാന്ത സുനിൽ, കരവട്ട്, വാർഡ് 26
3) ശ്രീമതി ഉഷരാജൻ, പാറപ്പുറത്ത്, വാർഡ് 15
4) ശ്രീ. ഷിബു എ, എരേക്കാട്ടു കുടി, വാർഡ് 26
5) ശ്രീമതി സുജ ശിവദാസ്, തേലക്കാട്ടു കുടി, വാർഡ് 9

ഇവർ റവന്യൂ അധികാരികളിൽ നിന്നു കൈവശരേഖ ഹാജരാക്കിയിട്ടുണ്ട്. കൈവശ രേഖയുടെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**22.06.2023 ലെ തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**04.01.2024-ന് നൽകിയ റിപ്പോർട്ട്:-** ഈ കുടുംബങ്ങൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരാണെന്നും ഇവർക്ക് മുകളിൽ പറഞ്ഞ രീതിയിലുള്ള ആനുകൂല്യത്തിന് അർഹരാണെന്നും അറിയിച്ചു.

**04.01.2024-ലെ തീരുമാനം:-** ഏതു തരത്തിലുള്ള പുറമ്പോക്ക് ഭൂമിയാണെന്നു വ്യക്തമാക്കി നൽകാൻ നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിച്ച പ്രകാരം റിപ്പോർട്ട് നൽകി.

**13.08.2024-ൽ നൽകിയ റിപ്പോർട്ട്:-** പുറമ്പോക്ക് സംബന്ധിച്ച വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| **ക്രമ നം** | **പേര്** | **പുറമ്പോക്കിന്റെ തരം** | **ഉടമസ്ഥത** |
|---|---|---|---|
| 1 | ശ്രീമതി. ഉഷ കുട്ടപ്പൻ, കണ്യാറപറമ്പിൽ | റവന്യൂ പുറമ്പോക്ക് | സർക്കാർ ഉടമസ്ഥത |
| 2 | ശ്രീമതി ശാന്ത സുനിൽ, കരവട്ട് | സർക്കാർ കുളം | മുനിസിപ്പാലിറ്റി |
| 3 | ശ്രീമതി ഉഷരാജൻ, പാറപ്പുറത്ത്, | റോഡ് പുറമ്പോക്ക് | മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| 4 | ശ്രീ. ഷിബു എ, എരേക്കാട്ടു കുടി | സർക്കാർ തരിശ് | സർക്കാർ ഉടമസ്ഥത |
| 5 | ശ്രീമതി സുജ ശിവദാസ്, തേലക്കാട്ടു കുടി, | റോഡ് പുറമ്പോക്ക് | പി.ഡബ്ല്യു.ഡി |

**13.08.2024 –ലെ തീരുമാനം:–** മുകളിൽ പറഞ്ഞതിൽ ക്രമനമ്പർ 1, 4 (ശ്രീമതി. ഉഷ കുട്ടപ്പൻ, ശ്രീ.ഷിബു.ഐ) എന്നിവർക്ക് മാത്രം മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകുന്നു. മറ്റുള്ളവർക്ക് (ക്രമനമ്പർ 2, 3, 5) എന്നിവർക്ക് ധനസഹായം നൽകാവുന്നതല്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 ന്റെ കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 ഖണ്ഡിക 4.13**

**കോട്ടയം നഗരസഭ**

**ശ്രീ കെ. ചന്ദ്രൻപിള്ള, പ്രതീക്ഷ, കാരാപ്പുഴയുടെ 12.05.2023 ലെ കത്ത് (SRG/ 802/23)**

**വിഷയം:–** കോട്ടയം നഗരസഭയിലെ പുത്തൻ തോടിൽ നിർമ്മിച്ച പാലത്തിനു ബിൽതുക നൽകുന്നത് സംബന്ധിച്ച്.

കോട്ടയം നഗരസഭയിൽ 2006–2011 കാലഘട്ടത്തിൽ MLASDF സ്കീമിൽ രണ്ടാം വാർഡിൽ പുത്തൻതോടിന് കുറുകെ താൽക്കാലിക നടപ്പാലം നിർമ്മിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയുടെ ശുപാർശയോടെ ഫൈനൽ ബിൽ ജില്ലാ കളക്ടർക്ക് നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം നടപ്പാലത്തിന് കേടു വന്നതിനാൽ ബിൽ തുക നൽകിയില്ല. ഇപ്പോൾ ഹൈക്കോടതി ഇതു സംബന്ധിച്ച വിഷയത്തിൽ സ്റ്റേ നൽകിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു. നടപ്പാലം നിർമ്മിച്ച 74 വയസ്സുള്ള ശ്രീ. കെ.ചന്ദ്രൻപിള്ള വിവിധ രോഗങ്ങളാലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളാലും വലിയ പരാധീനത അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ ബിൽതുകയും പലിശയും അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**03.07.2023 ലെ തീരുമാനം :–** പ്രളയംമൂലം നടപ്പാലത്തിനു കേടുപാടുകൾ വന്നത് പാലം നിർമ്മിച്ച കരാറുകാരന്റെ വീഴ്ചയല്ലെന്ന് യോഗം നിരീക്ഷിച്ചു. ഇത് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെങ്കിലും കോട്ടയം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി ആയതിനാലും അപേക്ഷകൻ പ്രായാധിക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വ്യക്തിയാണെന്നത് പരിഗണിച്ചും ഇതിന്മേൽ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കാൻ കോട്ടയം ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭിച്ചില്ല. 04.01.2024–ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഈ വിഷയം കോട്ടയം ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയെങ്കിലും ഇതുവരെയും റിപ്പോർട്ട് ലഭിച്ചില്ല എന്നത് 06.06.2024–ലെ യോഗം ചർച്ച ചെയ്തു.

**06.06..2024 ലെ തീരുമാനം:–** കോട്ടയം ജില്ലാ കളക്ടറുമായി ഈ വിഷയം പ്രത്യേകം ചർച്ച ചെയ്യാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഒപ്പം ഈ വിഷയം ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിച്ചു. ഇതു സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**13.08.2024–ലെ യോഗത്തിൽ അവതരിപ്പിച്ച റിപ്പോർട്ട്**

താഴെപ്പറയുന്ന വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇതു സംബന്ധിച്ച് കോട്ടയം മുനിസിപ്പൽ സെക്രട്ടറി 23.07.2024 ന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം MLASDF സ്കീമിൽ ഉൾപ്പെടുത്തി 2009–2010 കാലഘട്ടത്തിൽ 2,60,000 രൂപ പാലം നിർമ്മിക്കുന്നതിന് അനുവദിച്ചിരുന്നു. ചന്ദ്രൻപിള്ള, പ്രതീക്ഷ കാരാപ്പുഴ എന്നയാൾ ഗുണഭോക്തൃ സമിതി കൺവീനറായി എഗ്രിമെന്റ് വയ്ക്കുകയും തുടർന്ന് പ്രവൃത്തി

പൂർത്തീകരിക്കുകയും ചെയ്തു. ഇതിന്റെ ബിൽ 30.03.2011-ൽ കോട്ടയം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത പാലം പണി പൂർത്തീകരിച്ച് ബഹു. എം.എൽ.എ ഉത്ഘാടനം ചെയ്യുകയും തുടർന്നുള്ള മൂന്നുമാസക്കാലം ഈ പാലം നാട്ടുകാർ ഉപയോഗിച്ചിരുന്നതായും പ്രസ്തുത പ്രദേശത്തെ മുതിർന്ന പൗരന്മാരുൾപ്പെടെയുള്ള നാട്ടുകാരിൽ നിന്നും അറിയാൻ കഴിഞ്ഞു. എന്നാൽ ഇതേ വർഷം (2011) കാലവർഷത്തിലെ മഴവെള്ള പാച്ചിലിൽ പായലും പോളയും വന്നടിയുകയും അധികഭാരം മൂലം പാലം ഒഴുകി പോയതായും നാട്ടുകാർ അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ ഉണ്ട്. കോടിമതയിലേയ്ക്ക് പെട്ടെന്ന് എത്തിച്ചേരാനുള്ള മാർഗ്ഗം എന്ന നിലയിൽ ചുരുങ്ങിയ കാലയളവിൽ തന്നെ ഈ പാലം പരിസരവാസികൾക്ക് വളരെയധികം പ്രയോജനമുണ്ടായിരുന്നെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

സ്ഥല പരിശോധന സമയത്ത് പ്രസ്തുത പാലത്തിന്റെ അവശിഷ്ടങ്ങളൊന്നും കാണാൻ സാധിച്ചിട്ടില്ല. പാലം ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്ന ഭാഗത്ത് തോടിന്റെ ഇരുകരകളിലുമുള്ള കൽക്കെട്ടുകൾ പൊളിഞ്ഞു കിടക്കുന്നത് കാണാൻ കഴിഞ്ഞുവെന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2011-ലെ വാർഡ്സഭാ മിനിറ്റ്സ് ബുക്ക് പരിശോധിച്ചെങ്കിലും പ്രസ്തുത പാലം പൊളിഞ്ഞത് സംബന്ധിച്ച് യാതൊരു പരാമർശവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തിയുടെ എം. ബുക്ക് ബില്ലിനൊപ്പം കൺവീനർ കളക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ടിലുണ്ട്.

ബിൽ തുക അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ട് പ്രവൃത്തിയുടെ കൺവീനറായ ശ്രീ. ചന്ദ്രൻപിള്ള അഡ്വ.വികെ. സത്യവാൻ നായർ മുഖേന കേസ് ഫയൽ ചെയ്യുകയും കക്ഷിക്ക് അനുകൂലമായി സബ്കോടതിയും ജില്ലാ കോടതിയും വിധി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാരിനുവേണ്ടി (ഏതു ഓഫീസിൽ നിന്നാണ് കേസ് നൽകിയതെന്ന് അറിയിച്ചിട്ടില്ല) ബഹു.ഹൈക്കോടതിയിൽ വിധി നടപ്പിലാക്കുന്നതിനെതിരെ CMA No 182/2018 in RSA No. 470/2018 പ്രകാരം സ്റ്റേ പെറ്റീഷൻ ഫയൽ ചെയ്തു. ബഹു.ഹൈക്കോടതി പ്രസ്തുത വിധി സ്റ്റേ ചെയ്തു. അതിനാൽ കേസ് പെൻഡിംഗിലാണ്. ഈ സാഹചര്യത്തിൽ ഇതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ലായെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**13.08.2024 -ലെ തീരുമാനം:-** ഇതു സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് കൂടി ലഭിച്ചതിനുശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.ഇത്രയും കാലതാമസം വന്നിട്ടും ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചില്ല എന്നത് യോഗം ചർച്ച ചെയ്തു. ഇത് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടപടി സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേ ണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)നഗരകാര്യ ഡയറക്ടർ<br>3.)ജില്ലാ കളക്ടർ, കോട്ടയം<br>4)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

## 2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.4 ഖണ്ഡിക 3.2**

**ആംബുലൻസ്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ<br>(ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

**പ്രിൻസിപ്പൽ ഡയറക്ടർ 04.01.2024-ന നൽകിയ റിപ്പോർട്ട്**

**തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം**

| ക്രമ നം | ജില്ല | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം) | | | | | PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആകെ ആംബുലൻസുകളുടെ എണ്ണം 798

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെപറയും പ്രകാരമാണ്.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |

| | | | |
|---|---|---|---|
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ യോഗം 08.01.2024-ന്ന കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് ഉടനെ നൽകുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**<u>04.01.2024 ലെ തീരുമാനം:-</u>** ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ആംബുലൻസിന്റെ വിവരങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. സ്വകാര്യ മേഖല/സന്നദ്ധ സംഘടനകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകളും പൊതുജനങ്ങളുടെ സേവനത്തിന് ലഭ്യമാകും എന്ന് യോഗം വിലയിരുത്തി. ഇതടക്കം എത്ര ആംബുലൻസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ലഭ്യമാകും എന്ന വിവരം കൂടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

**<u>13.08.2024-ൽ നൽകിയ റിപ്പോർട്ട്:</u>** ട്രാൻസ്പോർട്ട് കമ്മീഷണറോട് റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**<u>13.08.2024-ലെ തീരുമാനം:-</u>**

1) സ്വകാര്യ മേഖല/NGO/സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വിവരങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്ന് ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2) ആരോഗ്യവകുപ്പ് ഡയറകടർ നൽകിയ റിപ്പോർട്ട് പ്രകാരം ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്/ ആരോഗ്യ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥത യിൽ ആംബുലൻസ് കുറവ് എന്ന് യോഗം വിലയിരുത്തി

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**2)ആരോഗ്യവകുപ്പ് ഡയറക്ടർ**<br>**3)റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**4)അർബൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**5)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.4 ഖണ്ഡിക 4.5**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2023 ലെ LSGD/BOKHD (KSD)/36/2023 -ാം നമ്പർ കത്തും (SRG/ 1093/23).**

**വിഷയം:-** മാലിന്യ സംസ്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതും സംബന്ധിച്ച്

| | | | |
|---|---|---|---|
| *പ്രോ.നം: 76/24* | | ***അടങ്കൽ*** | ***23,85,914 രൂപ*** |
| | | *ശുചിത്വമിഷൻ വിഹിതം* | ***18,85,914 രൂപ*** |
| | | *സി.എഫ്.സി റൈഡ് ഗ്രാന്റ്* | ***5,00,000 രൂപ*** |
| *പേര്* | **RRF ലേക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.** | | |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വെളുത്തോളി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററിൽ ശേഖരിക്കാനും മാലിന്യ സംസ്കരണത്തിനുമാണ് പ്രോജക്ട്. ഇവിടെ 2022-23 ൽ RRF കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഒപ്പം ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്നും പി.വി.സി പൈപ്പുപോലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വരുമാനദായക പദ്ധതിയായി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി യന്ത്രസാമഗ്രികൾ വാങ്ങുന്നതിനാണ് പ്രോജക്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>26.10.2023-ലെ തീരുമാനം :-</u>** ഈ പ്രോജക്ടിന്റെ സാങ്കേതിക -സാമ്പത്തിക സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>06.03.2024 ന നൽകിയ റിപ്പോർട്ട് :-</u>** ഈ പ്രോജക്ട് നടപ്പാക്കാൻ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയോടെ EPR (Extended Producer Responsibility) പോർട്ടലിൽ PWP(Plastic Waste Processors) ആയി ബ്ലോക്ക് പഞ്ചായത്ത് രജിസ്റ്റർ ചെയ്യണം. പ്ലാന്റിനു സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രങ്ങളുടെ സാങ്കേതിക പരിശോധന ജില്ലാതല സാങ്കേതിക സമിതിയാണ് ( 19.08.2023ലെ 1688/23/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ളത്) നടത്തേണ്ടത്.

**<u>06.03.2024-ലെ തീരുമാനം:-</u>**ഈ പ്രോജക്ടിന്റെ സാങ്കേതിക സാമ്പത്തിക ഫീസിബിലിറ്റിയും സുസ്ഥിരതയും പരിശോധിച്ച് റിപ്പോർട്ട് നൽകാനാണ് 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചത്. ശുചിത്വ മിഷൻ നൽകിയ റിപ്പോർട്ടിൽ ഇത്തരം കാര്യങ്ങൾ ഇല്ല. കോഓർഡിനേഷൻ കമ്മിറ്റി ആവശ്യപ്പെട്ട വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ച പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 03.06.2024-ന് നൽകിയ ഡി.പി.ആർ ശുചിത്വ മിഷന്റെ 05.06.2024 ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റിയിൽ പരിശോധിച്ചപ്പോൾ ലഭ്യമാക്കിയ DPR ൽ ഇനി പറയുന്ന ന്യൂനതകൾ ഉണ്ട്

- ടെക്നിക്കൽ വയബിലിറ്റി പരിശോധിക്കാനായി അതിൽ ഉപയോഗിക്കുന്ന മെഷീനറിയുടെ കപ്പാസിറ്റി, സ്റ്റാൻഡേർഡ്, പവർ റിക്വയർമെന്റ്സ്, പ്രോസസ്സ് ഫ്ലോ എന്നിങ്ങനെയുള്ള വിവരങ്ങൾ ലഭ്യമല്ല.
- ജലസേചനത്തിനാവശ്യമായ പൈപ്പാണ് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്നതിനാൽ ഉപയോഗിക്കുന്ന പരമാവധി റീസൈക്കിൾഡ് പ്ലാസ്റ്റിക്കിന്റെ അളവ്, ഉത്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രോഡക്ടിന്റെ BIS സ്റ്റാന്റേർഡ്സ് , മാർക്കറ്റിംഗ് സാധ്യത എന്നിവ വിശദമാക്കിയിട്ടില്ല.
- ഫിനാൻഷ്യൽ ഫീസിബിലിറ്റി പരിശോധിക്കുന്നതിലേയ്ക്കായി ഓപ്പറേഷണൽ കോസ്റ്റ്, മെഷിനറി കോസ്റ്റ്, ലീസ് വാല്യു ഓഫ് ലാന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

  ഈ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ ഡി.പി.ആർ നൽകുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായ കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

| | |
|---|---|
| **13.08.2024 –ലെ തീരുമാനം :–** | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വിശദമായ DPR തയ്യാറാക്കി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയോടെ മതിയായ തുക വകയിരുത്തി നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. DPR തയ്യാറാക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സഹായിക്കണം. |
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ 2)തദ്ദേശസ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്** |

**2.4 ഖണ്ഡിക 4.7**

**കായംകുളം നഗരസഭ**

**കോട്ടയം ഷാരോൺ വാട്ടർസൊല്യൂഷൻ ഉടമയുടെ 03.08.2023 ലെ കത്തും നഗരകാര്യ ഡയറക്ടർ സർക്കാരിനു നൽകിയ 16.03.2022 ലെ DC1-5101/2021-ാം നമ്പർ കത്തും (SRG/ 1092/23).**

**വിഷയം:–** കായംകുളം നഗരസഭയിൽ സ്ഥാപിച്ച Effluent Treatment Plant ൽ അധികമായി ചെയ്ത പ്രവൃത്തിയുടെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

കായംകുളം നഗരസഭയിൽ 2018-19 ൽ അറവുശാലയിൽ Effluent Treatment Plant (ETP) സ്ഥാപിക്കുന്നതിന് 33,85,000 രൂപയുടെ അടങ്കൽ തുകയിൽ പ്രോജക്ട് എടുത്തിരുന്നു. ഇത് ടെണ്ടർ ചെയ്തപ്പോൾ 23,50,000 രൂപ ക്വാട്ട് ചെയ്ത കോട്ടയം ഷാരോൺ വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചു. ഇതനുസരിച്ച് 31.01.2019 ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി പൂർത്തിയാക്കി 28.03.2019 ന് ബിൽതുക കരാറുകാരന് നൽകി. എന്നാൽ നഗരസഭ ആവശ്യപ്പെട്ട പ്രകാരം ഇ.റ്റി.പിയോടനുബന്ധിച്ച് 11.50 ലക്ഷം രൂപയുടെ അധിക പ്രവൃത്തി ചെയ്തു. ഇതിന്റെ ബിൽതുക കരാറുകാരന് ലഭിച്ചില്ല. പ്രോജക്ടിന്റെ ആകെ അടങ്കൽ തുകയായ 33.85 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ചെലവായ തുക നൽകണമെന്നതു സംബന്ധിച്ച്

**26.10.2023 തീരുമാനം :–** നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടാണോ കരാറുകാരൻ അധിക പ്രവൃത്തി ചെയ്തതെന്നതടക്കമുള്ള വിവരങ്ങൾ, അധിക പ്രവൃത്തി ചെയ്തതിന്റെ വാല്യുവേഷൻ തുക എത്രയാണെന്ന് എന്നിവ മുനിസിപ്പൽ എഞ്ചിനീയർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് സഹിതം നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.4 ഖണ്ഡിക 4.18**

**വട്ടവട ഗ്രാമപഞ്ചായത്ത്**

**തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.06.2023 ലെ LSGD/PD/42807/2023/DPLAI നമ്പർ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2023 ലെ DGPM09/GPO/23/856-ാം നമ്പർ കത്തും (SRG/918/23).**

**വിഷയം:–** വട്ടവട ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് അധിക നിരക്ക് നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

വട്ടവട ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അധികനിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഇവിടെയെത്താൻ ദൂരക്കൂടുതലുള്ളതു കൊണ്ട് 20 ശതമാനമെങ്കിലും അധിക നിരക്ക് ലഭ്യമായെങ്കിൽ മാത്രമേ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാവൂ എന്നറിയിച്ചിരിക്കുന്നു. അതിനാൽ വട്ടവട ഗ്രാമപഞ്ചായത്തിന് തദ്ദേശസ്വയം

ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകം കോസ്റ്റ് ഇൻഡക്സ് നിശ്ചയിച്ച് നൽകണമെന്നതു സംബന്ധിച്ച്

**<u>26.10.2023-ലെ തീരുമാനം</u> :-** ഈ പ്രദേശത്തെ മാർക്കറ്റ് നിരക്ക് കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി

**<u>06.03.2024 ന നൽകിയ റിപ്പോർട്ട്</u> :-** നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സ് പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 30 മുതൽ 50 ശതമാനം വരെ അധികമാണ് കോവിലൂരിലെ (വട്ടവട) റേറ്റ്. ദേവികുളം ബ്ലോക്കിന്റെ പരിധിയിൽ വരുന്ന വട്ടവട ഗ്രാമപഞ്ചായത്തിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് വട്ടവട ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ സാമഗ്രികൾക്ക് ബേസിക് മെറ്റീരിയൽ കോസ്റ്റിന്റെ 20 ശതമാനം അഡീഷണൽ കൺവേയൻസ് എന്ന നിലയിൽ **Observed Data** യിൽ ഉൾക്കൊള്ളിക്കുന്നത് പരിഗണിക്കാവുന്നതാണ്.

Comparison of Rates at Koviloor, Vattavada

| Sl No | Item Code | Item | Unit | DSR 2018 Rate (inclussing of carriage) | DSR Rate with cost index of Munnar@ 39.83 (In Rs)(a) | Current Market Rate at Koviloor (In Rs) (b) | Current Marker Rate Devikulam (c) | % Excess of (B) above (a) |
|---|---|---|---|---|---|---|---|---|
| 1 | 367+2209 | Cement | Tonne | 5032.24 | 7036.58 | 9600 | 9000 | 36.43 |
| 2 | 982+2203 | Sand | Cum | 1453.77 | 2023.81 | 3178 | 3780 | 56.34 |
| 3 | 0293+2206 | 40 MM Metal | Cum | 1412.79 | 1975.5 | 3107.72 | 2894 | 57.31 |
| 4 | 0295+2202 | 20 MM Metal | Cum | 1453.77 | 2032.81 | 3001.77 | 2750 | 47.67 |
| 5 | 0297+2202 | 10 MM Metal | Cum | 1453.77 | 2032.81 | 3107.72 | 2986 | 52.88 |
| 6 | MR1 | 8 inch Solid Block 40x20x20 | Each | 48 | 48 | 70 | 48 | 45.83 |
| 7 | MR 4 | 6 inch Solid Block 40x20x15 | Each | 35 | 35 | 56 | 35 | 60 |
| 8 | MR 5 | 4 inch Solid Block 40x20x15 | Each | 26 | 18 | 45 | 26 | 73.08 |
| 9 | MR | GI Sheet | Sqm | 367 | 367 | 465 | 367 | 26.7 |
| 10 | 1549+2205 | GI -Pipe-40 MM Dia | Kg | 68.13 | 95.27 | 99 | 95.41 | 3.92 |
| 11 | 1005+2205 | Tmt bar | Kg | 46.09 | 64.15 | 90 | 80 | 39.64 |

**<u>06.03.2024 -ലെ തീരുമാനം</u> :-** ഇതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**<u>2.4 ഖണ്ഡിക 4.33</u>**
**<u>റബ്ഫാം പ്രൊഡ്യൂസർ കമ്പനി (RUBFARM)</u>**
**<u>റബ്ഫാം പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 20.06.2023 ലെ കത്ത്</u> (SRG 1050/23)**

**വിഷയം:-** റബ്ബർ നിർമ്മിതമായ ചെടിച്ചട്ടികൾ കൃഷി ആവശ്യത്തിനും മറ്റും ഉപയോഗിക്കുന്നതു സംബന്ധിച്ച്.

റബ്ബർ ഉല്പാദന മേഖലയിലെ ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പനിയാണ് RUBFARM. ചെറുകിട റബ്ബർ കർഷകരുടെ കൂട്ടായ്മ എന്ന നിലയിലാണ് ഇതു രൂപീകരിച്ചിരിക്കുന്നത്. പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചു കൊണ്ടുള്ള റബ്ബർ ചെടിചട്ടികൾ RUBFARM ഉല്പാദിപ്പിക്കുന്നുണ്ട്. കുറഞ്ഞത് 10 വർഷമെങ്കിലും ഇത് ഉപയോഗിക്കാമെന്നറിയിച്ചിട്ടുണ്ട്. കൃഷി ആവശ്യത്തിന് ഗ്രോബാഗിനു പകരം റബ്ബർ ചെടിചട്ടികൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കണമെന്നും ഇതിന് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**26.10.2023-ലെ തീരുമാനം :-** റബ്ബർ ബോർഡിന്റെയും കൃഷി ഡയറക്ടറുടെയും അഭിപ്രായം തേടി റബ്ബർ ചട്ടിയുടെ ഉപയോഗത്തിന്റെ സാങ്കേതിക വശം കൂടി പരിശോധിച്ച് സ്പെസിഫിക്കേഷൻ, വലുപ്പം തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**13.08.2024 ൽ നൽകിയ റിപ്പോർട്ട്** :- റബർ ഗ്രോബാഗ് / ചെടിച്ചട്ടികൾ പ്രകൃതിദത്ത റബ്ബർ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്നും പരിസ്ഥിതി സൗഹൃദവും പൂർണ്ണമായും പുനരുപയോഗം ചെയ്യാവുന്നതുമാണെന്ന് വ്യക്തമാക്കുന്ന പരിശോധനാ റിപ്പോർട്ട് റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, റബ്ബർ ബോർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്പന്നം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

റബ്ബർ നിർമ്മിതമായ ചെടിച്ചട്ടികളുടെ Degradability, UV/heat resistance, ozone resistance, bio accumulation (impact on food chain), recyclability, air pollution, leachate എന്നിവ പഠിക്കുവാൻ സഹായകരമായ സംവിധാനങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ ഇല്ലെന്ന് 06.06.2024-ലെ കേരള കാർഷിക സർവ്വകലാശാലയിലെ ഗവേഷണ വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കൃഷി വകുപ്പിൽ നിന്നും സാങ്കേതിക റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ ഇടയില്ലാത്ത സാഹചര്യത്തിൽ റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ റബ്ബർ ബോർഡിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ ഉത്പ്പന്നം പരിഗണിക്കാവുന്നതാണ്.

റബർ ചെടിച്ചട്ടിയുടെ വലുപ്പം, മറ്റ് സ്പെസിഫിക്കേഷൻ, വില എന്നിവ സംബന്ധിച്ച വിവരങ്ങൾ റബ്ഫാം നൽകിയത് താഴെ ചേർക്കുന്നു.

1. **RUBARM RUBBER GROWBAGS 1.4 mm Thickness**

**Specifications**

| | |
|---|---|
| Height | 10 Inch |
| Diameter | 10.23 Inch |
| Thickness | 1.4 mm |
| Life period/Durability | 6 years |
| Rubber Grow bag Dimensions | Size = 25.5cm W*23CM H |
| Capacity | Rubfarm Rubber Grow bags can accommodate 10 to 12 Kgs of Poting Mixture – 10 Liters |
| Price | MRP Rs 230 including 18%GST<br>Special Farmer Rate Rs 148/- including 18% GST |

**2. RUBARM OUTDOOR POTS/BAGS 3mm Thickness**

**Specifications**

| | |
|---|---|
| Height | 10 Inch |
| Diameter | 10.23 Inch |
| Thickness | 3 mm |
| Life period/Durability | 8 years |

| | |
|---|---|
| Rubber Grow bag Dimensions | Size = 25.5cm W*23CM H |
| Capacity | Rubfarm Rubber Grow bags can accommodate 10 to 12 Kgs of Poting Mixture – 10 Liters |
| Price | MRP Rs 265 including 18 % GST<br>Special Farmer Rate Rs 195/- including 18% GST |

**13.08.2024-ലെ തീരുമാനം**:- പൊതു തീരുമാനം ഖണ്ഡിക 3.3 ബാധകമാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.5 ഖണ്ഡിക 3.5**

**ഇലക്ട്രിക് സ്കൂട്ടർ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടുന്നുണ്ട്. വില അടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് താഴെപറയും പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**13.08.2024 ൽ നൽകിയ റിപ്പോർട്ട്** ഇലക്ട്രിക് സ്കൂട്ടറിന്റെ സ്പെസിഫിക്കേഷൻ, വില എന്നിവ നിശ്ചയിച്ചു നൽകാൻ ANERT ഡയറക്ടറെ ചുമതലപ്പെടുത്താവുന്നതാണെന്ന് അറിയിച്ചു.

**13.08.2024-ലെ തീരുമാനം :-** ചീഫ് എഞ്ചിനീയർ അറിയിച്ച പ്രകാരം ഈ വിവരങ്ങൾ നൽകാൻ ANERT നോടാവശ്യപ്പെടാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ഡയറക്ടർ,** ANERT<br>**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**2.5 ഖണ്ഡിക 3.6**

**പ്രീ ഫാബ് സാങ്കേതികവിദ്യ**

നിർമ്മാണ മേഖലയിൽ പ്രീ ഫാബ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ഒരു പാനൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കണം. ഈ സാങ്കേതികവിദ്യ എവിടെയൊക്കെ ഉപയോഗിക്കാമെന്നതടക്കമുള്ള ചട്ടക്കൂട് തയ്യാറാക്കണം. ഇതിനായി കിലയുടെ സഹായവും തേടാവുന്നതാണ്. ഇതനുസരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**13.08.2024 ൽ നൽകിയ റിപ്പോർട്ട്** പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന വലിയ തോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നിർവ്വഹിക്കപ്പെട്ടിട്ടില്ല. പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണപ്രവൃത്തികൾ ചെയ്തു വരുന്ന പാലക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന E CUBE എന്ന സ്ഥാപനവുമായി 21.06.2024 ൽ ഇത് സംബന്ധിച്ച് ഒരു Presentation നടത്തിയിരുന്നു. ഈ Presentation പ്രകാരം പ്രീ-ഫാബ് സാങ്കേതിക വിദ്യ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

(a) **പ്രീ-ഫാബ് സാങ്കേതികവിദ്യയുടെ പ്രസക്തി**

കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ ഏറ്റവും കുറഞ്ഞ കോൺക്രീറ്റിന്റെ അളവ് ഏറ്റവും കുറച്ച് ഉപയോഗിച്ച് അടിത്തറ, ഭിത്തി, മേൽക്കൂര, സ്ലാബ്, വാതിൽ, വിൻഡോ ഫ്രെയിമുകൾ, സ്റ്റെപ്പ് ബീമുകൾ എന്നിങ്ങനെ കെട്ടിടങ്ങൾ നിർമ്മിക്കാൻ ലോകത്തിലെ ഏറ്റവും കനം കുറഞ്ഞ പ്രീ സ്ട്രെസ്ഡ് കോൺക്രീറ്റ് Section ഈ സാങ്കേതികവിദ്യ നൽകുന്നു. ആവശ്യമായ Strength ലഭ്യമാക്കുന്നതിന് അനുയോജ്യമായ രീതിയിൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ പ്രയോജനപ്പെടുത്തി പരമാവധി കനം കുറഞ്ഞ കോൺക്രീറ്റ് Sections നിർമ്മിച്ച് ആയത് കൃത്യമായി സംയോജിപ്പിക്കുന്നതാണ് ഈ സാങ്കേതികവിദ്യയുടെ രീതി. നിർമ്മാണത്തിൽ

ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഏറ്റവും കുറഞ്ഞ Wastage ഇതിന്റെ ഒരു പ്രത്യേകതയാണ്.

ചുവടെ പറയുന്ന മേഖലകളിൽ ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള നിർമ്മാണപ്രവൃത്തികൾക്ക് സാധ്യതയുള്ളതായി വിലയിരുത്തുന്നു.

Normal residential Construction

Construction of the affordable housing schemes

Commercial Constructions and multi-storey malls, Schools, commercial complexes and hospitals, Seashore protection (Including bulkheads, breakwaters, step heads, underwater reefs)

Protection of river banks

Pre stressed concreate road pavements.

മുകളിൽ പരാമർശിച്ചിട്ടുള്ളതിനു പുറമെ Compound walls, Retaining walls (using concrete nailing technology) Drainage systems. permanent sheet-piling എന്നീ ആവശ്യങ്ങൾക്കും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താവുന്നതാണ്.

**(b) സാങ്കേതിക നേട്ടങ്ങൾ**

Hollow Shells-ഉം, പ്രീ-സ്ട്രെസ്സ്ഡ് ബീമുകളും സംയോജിപ്പിച്ചാണ് കെട്ടിടങ്ങൾ രൂപപ്പെടുത്തുന്നത് എന്നതിനാൽ തന്നെ 80% സീലിംഗ് ടൈലുകളും ബീമുകളും വാൾ പാനലുകളും ശ്രദ്ധാപൂർവ്വം നീക്കം ചെയ്താൽ പുനരുപയോഗിക്കാൻ സാധിക്കുന്നതാണ്. കെട്ടിടങ്ങൾ Leak Proof ആയി നിലനിർത്താൻ സഹായകരമാണ്. താരതമ്യേന കുറഞ്ഞ Maintenance ആണ് ആവശ്യമായി വരുന്നത്. Earth quake Resistant ആയി Structures നിർമ്മിക്കാൻ സാധിക്കും. Thermal Protection ഒരു ശ്രദ്ധേയമായ നേട്ടമായി കാണുന്നു. പ്രത്യേകം രൂപകൽപ്പന ചെയ്ത ഷെൽ മെത്തഡോളജി ഉപയോഗിച്ചാണ് നിർമ്മാണമെന്ന തിനാൽ തന്നെ ഷെല്ലിനുള്ളിലെ എയർ കോളവും പൊള്ളയായ കോർ വാൾ പാനലും താപനില കൈമാറ്റത്തിന് നല്ല ഇൻസുലേഷൻ നൽകും. ഫാക്ടറി-കാസ്റ്റ് യൂണിറ്റുകളുടെ ഉപയോഗം സാധാരണയായി ഫാക്ടറിയിൽ നിന്ന് ന്യായമായ ദൂരത്തിനുള്ളിൽ ലാഭകരമാണ്.

**(c)<u>പോരായ്മകൾ</u>**

പ്രീകാസ്റ്റ് യൂണിറ്റുകൾ പലപ്പോഴും ഗണ്യമായ വലുപ്പമുള്ളവയാണ്. ഭാരമേറിയതും, താരതമ്യേന ദുർബലവുമായ Pre-cast യൂണിറ്റുകൾ Transport പോകുമ്പോൾ നാശനഷ്ടമുണ്ടാകാനുള്ള സാധ്യത ഉണ്ട്. Pre-Cast Units കൈകാര്യം ചെയ്യുമ്പോഴും Erect ചെയ്യുമ്പോഴും ഉണ്ടാകാൻ സാധ്യതയുള്ള Stress ഒരു പ്രധാനപ്പെട്ട Structural Design Concern ആയി നില കൊള്ളുന്നു. ഉൽപ്പാദനം ലാഭകരമാക്കാൻ പ്രീ-കാസ്റ്റ് നിർമ്മാണത്തിന് ഉയർന്ന അളവ് ആവശ്യമാണ്. നിർമ്മാണ പ്ലാന്റിനായുള്ള കനത്ത നിക്ഷേപവും സാങ്കേതികവിദ്യയുടെ വ്യാപകമായ ഉപയോഗത്തെ തടസ്സപ്പെടുത്തുന്നു.

(d) **<u>പരമ്പരാഗത രീതിയുമായുള്ള താരതമ്യം</u>**

Conventional Concrete മായി താരമ്യപ്പെടുത്തുമ്പോൾ Aggregate Consumption 40%, Cement Consumption 56%, Steel Consumption 54%, Manpower Requirement 28% എന്നിങ്ങനെയാണ് ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നത് . ചുരുങ്ങിയ സമയത്തിനുള്ളിൽ പരിസ്ഥിതി സൗഹൃദ നിർമ്മാണം അവലംബിക്കുന്നതിന് ഈ സാങ്കേതികവിദ്യ സഹായകരമായി കാണുന്നു.

കോട്ടയം KSRTC ബസ് ടെർമിനൽ, കൊച്ചി വെല്ലിംഗ്ടണിൽ 29 M വ്യാസവും, 29 M ഉയരവുമുള്ള ടാങ്കിനുള്ള Grillage Foundation തുടങ്ങിയ നിർമ്മാണപ്രവൃത്തികൾ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചതാണ്.

ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള നിർമ്മാണ പ്രവൃത്തികളുടെ Durability സംബന്ധിച്ച് കൃത്യമായ നിരീക്ഷണങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. ആയതിനാൽ ഇത്

സംബന്ധിച്ച് വിശദമായ സാങ്കേതിക പഠനം ആവശ്യമാണ്. മാത്രമല്ല ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ Production Units-ന്റെ അഭാവത്താൽ Pre-Cast Units ആവശ്യകതക്ക് അനുസരിച്ച് ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട് Monopoly arise ചെയ്യാനുള്ള ഒരു സാധ്യതയും ഉണ്ട്.

ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നിർമ്മാണപ്രവൃത്തികൾ ചെയ്യുന്ന മറ്റ് സ്ഥാപനങ്ങളുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അതോടൊപ്പം LIFE MISSION മുഖേന ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നിർമ്മാണപ്രവൃത്തികൾ നടത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ അറിയുന്നതിനും ഈ വിഷയവുമായി ബന്ധപ്പെട്ട അഭിപ്രായം അറിയുന്നതിനും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

**13.08.2024-ലെ തീരുമാനം:-** കോസ്റ്റ് ഇഫക്ടീവ് ടെക്നോളജി ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന ഏജൻസികൾ, (ഹാബിറ്റാറ്റ് ടെക്നോളജി, The Laurie Baker International School of Habitats Studies (LaBISHaS) മാതൃകയിലുള്ള നിർമ്മാണം, വാസ്തുവിദ്യാ ഗുരുകുലം) പ്രീ ഫാബ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന മറ്റ് സ്ഥാപനങ്ങൾ IIT, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, സ്റ്റേക്ക് ഹോൾഡർ ഏജൻസികൾ എന്നിവരുമായി ചർച്ച ചെയ്ത് സമഗ്രമായ ഒരു റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തസ്വഭവ<br>2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**2.5 ഖണ്ഡിക 4.56**

**കാറളം ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.07.2023 ലെ കത്തും കാറളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 29(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1011/23 - CC/190/23).**

**വിഷയം-** കുടുംബശ്രീ യൂണിറ്റിൽ നിന്നും LED ലൈറ്റുകൾ വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 160/23**<br>(പുതിയ നമ്പർ 145/24) | ***അടങ്കൽ*** | ***60,000 രൂപ***<br>*(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | **കാറളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയിൽ നിന്നും LED ബൾബ് വാങ്ങൽ** | |

കാറളം ഗ്രാമപഞ്ചായത്തിൽ സൂര്യപ്രഭ LED യൂണിറ്റ് എന്ന പേരിൽ ഒരു സംരംഭക യൂണിറ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. RAY-2 എന്ന പേരിൽ ബൾബു നിർമ്മിച്ചു വിതരണം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. 06.09.2018 ലെ 2385/2018/LSGD നമ്പർ ഉത്തരവു പ്രകാരം കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ബൾബ് നിർമ്മാണം / സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളിൽ നിന്ന് ടെണ്ടർനടപടി കൂടാതെ LED ബൾബുകൾ വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഈ യൂണിറ്റുകളെ ഏല്പിക്കുന്നതിനും അനുമതിയുണ്ട്. മുകളിൽ പറഞ്ഞ ഉത്തരവിൽ ഓരോ ജില്ലകളിലേയും അംഗീകരിച്ച കുടുംബശ്രീ യൂണിറ്റുകളുടെ പേര് പറഞ്ഞിട്ടുണ്ട്. പുതിയ യൂണിറ്റായതിനാൽ മുകളിൽ പറഞ്ഞ യൂണിറ്റിന്റെ പേര് ഉത്തരവിൽ ഇല്ല. ഈ യൂണിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തി തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ നിന്നു സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ നിന്ന് ടെണ്ടർ ഒഴിവാക്കി LED ബൾബ് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**14.11.2023 ലെ തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള 14 യൂണിറ്റുകളിൽ നിന്നും LED ബൾബുകൾ വാങ്ങുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് ഈ യൂണിറ്റുകളെ ടെണ്ടർ കൂടാതെ ഏൽപ്പിക്കുന്നതിനും 06.09.2023-ലെ 2385/2018/ തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ LED ബൾബ് നിർമ്മാണം, തെരുവു വിളക്ക് പരിപാലനം എന്നിവ ഏറ്റെടുത്ത് നടപ്പാക്കുന്ന എല്ലാ കുടുംബശ്രീ സംരംഭങ്ങളിൽ നിന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ LED ബൾബ് വാങ്ങാവുന്നതാണെന്നും ടെണ്ടർ കൂടാതെ ഈ സ്ഥാപനങ്ങളെ തെരുവുവിളക്കുകളുടെ പരിപാലനം ഏല്പിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**13.08.2024-ലെ തീരുമാനം:-** യൂണിറ്റുകളുടെ പ്രവർത്തന മികവും ഉല്പന്നങ്ങളുടെ ഗുണനിലവാരവും പരിശോധിക്കാതെ/ സാക്ഷ്യപ്പെടുത്താതെ പൊതുവായി അനുമതി നൽകുന്നത് ഉചിതമല്ല എന്ന് യോഗം വിലയിരുത്തി. അതിനാൽ ഓരോ യൂണിറ്റുകളുടെയും പ്രവർത്തന മികവും ഗുണനിലവാരവും പരിശോധിച്ച് യോഗ്യതയുള്ള യൂണിറ്റുകളുടെ ലിസ്റ്റ് സഹിതം നൽകുമ്പോൾ പരിഗണിക്കുന്നതാണ്. ഗുണനിലവാരം സംബന്ധിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ബന്ധപ്പെട്ട വകുപ്പ്, അല്ലെങ്കിൽ അതുപോലെ ഉത്തരവാദിത്തപ്പെട്ട സ്ഥാപനം സാക്ഷ്യപ്പെടുത്തണം. മുകളിൽപ്പറഞ്ഞ സ്ഥാപനത്തിനും ഇതനുസരിച്ചുള്ള റിപ്പോർട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**<br>2) **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**<u>2.5 ഖണ്ഡിക 4.71</u>**

**<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.07.2023 ലെ B8-1407/2023-ാം നമ്പർ കത്തും (SRG/1113/23 - CC/567/23).**

**വിഷയം:-** ജന്റർ റിസോഴ്സ് സെന്ററിന്റെ നടത്തിപ്പിനായി വാച്ച്മാനടക്കമുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 100/24** | ***അടങ്കൽ*** | ***8,00,000 രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | *5,00,000 രൂപ* |
| | *തനത് ഫണ്ട്* | *3,00,000 രൂപ* |
| ***പേര്*** | **ജന്റർ റിസോഴ്സ് സെന്റർ തുടർ പ്രവർത്തനം** | |

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുട്ടകപ്പാറയിലെ ആസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജന്റർ റിസോഴ്സ് സെന്ററിലേക്ക് കൗൺസിലർ കം കോഓർഡിനേറ്റർ, വാച്ച്മാൻ, കാഷ്വൽ സ്വീപ്പർ എന്നിവരെ 2021-22 വർഷം നിയമിച്ചിരുന്നു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. അതിനാൽ ഇപ്രകാരം നിയമിച്ചതിന് സാധൂകരണം നൽകണമെന്നും ഈ വർഷവും ഇവരെ നിയമിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതും സംബന്ധിച്ച്. ജന്റർ റിസോഴ്സ് സെന്ററിനോട് ചേർന്ന് 2400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു പരിശീലന കേന്ദ്രവും ഉണ്ട്.

**<u>14.11.2023-ലെ തീരുമാനം :-</u>** 1)ഓഡിറ്റ് കുറിപ്പുള്ള വിഷയം (2021-22 വർഷത്തെ) വകുപ്പുതല പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

2) ഈ വർഷം മുകളിൽ പറഞ്ഞ രീതിയിൽ നിയമനം നടത്തുന്നതു സംബന്ധിച്ച് പരിശോധിച്ച റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുട്ടുകപ്പാറയിലെ ആശ്രയത്തിൽ പ്രവർത്തിക്കുന്ന ജെൻഡർ റിസോഴ്സ് സെൻറർ കുടുംബശ്രീ മിഷൻ ഏകോപിപ്പിക്കുന്ന ജെൻഡർ റിസോഴ്സ് സെൻറർ അല്ല. ജില്ലാ പഞ്ചായത്ത് നേരിട്ടാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രസ്തുത ജി.ആർ.സി ജെൻഡർ കൺവെൻഷൻ സെന്റർ എന്ന പേരിൽ മയ്യിൽ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. രണ്ട് വർഷമായി ഒരു കൗൺസിലർ സേവനം അനുഷ്ഠിച്ചുവരുന്നു. ഇവരുടെ ഓണറേറിയം 18,000/-രൂപ ജില്ലാപഞ്ചായത്ത് നൽകി വരുന്നു. കൂടാതെ 8,000/-രൂപ വേതനത്തിൽ പാർട്ട്ടൈം സ്വീപ്പറും, 15,000/-രൂപ വേതനത്തിൽ സെക്യൂരിറ്റി സ്റ്റാഫും സേവനം അനുഷ്ഠിക്കുന്നു. കൗൺസിലിംഗ്, പ്രീമാരിറ്റൽ കൗൺസിലിംഗ് ക്ലിനിക്കുമായി സംയോജിപ്പിച്ചുകൊണ്ട് ജില്ലയിലെ മറ്റ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ത്രീപദവി പഠനവും നടത്തിവരുന്നു. 20 ബെഡ്ഡുള്ള ഡോർമെറ്ററിയും പ്രസ്തുത കേന്ദ്രത്തിലുണ്ട്. ആശ്രയം എന്ന കെട്ടിട സമുച്ചയത്തിന്റെ ഒരു ഭാഗത്താണ് പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നത്.

**13.08.2024-ലെ തീരുമാനം:** ജെന്റർ റിസോഴ്സ് സെന്ററിലെ കൗൺസിലറുടെ വേതനം/ഓണറേറിയം ജില്ലാപഞ്ചായത്തിൽ നിന്നും നൽകാൻ അനുമതി നൽകുന്നു. എന്നാൽ പാർട്ട് ടൈം സ്വീപ്പറിനും സെക്യൂരിറ്റി സ്റ്റാഫിനുമുള്ള വേതനം ഡോർമിറ്ററിയിൽ നിന്നുള്ള വരുമാനത്തിൽ നിന്ന് സെന്റർ സ്വയം കണ്ടെത്തേണ്ടതാണ്. വരവിൽനിന്ന് ചെലവ് കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ അധികമായി ആവശ്യമുള്ള തുക ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഒരു വർഷത്തേയ്ക്ക് നൽകാൻ അനുമതി നൽകുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ സ്വന്തം വരുമാനത്തിൽ നിന്ന് ചെലവ് കണ്ടെത്തേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്** |

**<u>2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.6 ഖണ്ഡിക 4.13</u>**

**<u>റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്</u>**

**റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2023-ലെ കത്തും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 16.03.2023-ലെ കത്തും അസിസ്റ്റന്റ് എഞ്ചിനീയർ അനുബന്ധമായി നൽകിയ കുറിപ്പും (SRG/1647/23)**

**വിഷയം:-** റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ 2015-16-ൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കാൻ പ്രോജക്ട് ഏറ്റെടുത്തിരുന്നു. റാന്നി പഴവങ്ങാടി, റാന്നി അങ്ങാടി, റാന്നി, ചെറുകോൽ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 20.00 ലക്ഷം രൂപ വീതവും MLASDF-ൽ നിന്ന് 1.20 ലക്ഷം രൂപയും ചേർത്ത് ആകെ 81.20 ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ. ശ്മശാന നിർമ്മാണത്തിന് 29.09.2015-ന് കോസ്റ്റ് ഫോർഡുമായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ചു. 2018-ൽ ഉണ്ടായ മഹാപ്രളയവും തുടർന്നുണ്ടായ കൊവിഡ് മഹാമാരിയും ക്രിമിറ്റോറിയത്തിന്റെ നിർമ്മാണത്തെ ബാധിച്ചു. കൂടാതെ ക്രിമിറ്റോറിയത്തിന്റെ ബറിയൽ ചേമ്പറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാട്ടുകാർ പല തവണ നിർമ്മാണം തടഞ്ഞു. 2023 മാർച്ചിൽ ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തിയാവുകയും പ്രവർത്തനം

ആരംഭിക്കുകയും ചെയ്തു. ആകെ ബിൽ തുക 77,28,815 രൂപ. 2016–17–ൽ 16.00 ലക്ഷം രൂപ, 2017–18–ൽ 16.00 ലക്ഷം രൂപ, 2021–22 വർഷം 10.00 ലക്ഷം രൂപ വീതം നൽകി. ആകെ 42.00 ലക്ഷം രൂപയാണ് നൽകിയത്. ഇനി 35,28,815 രൂപ കൂടി നൽകണം. കരാർ പ്രകാരമുള്ള സമയത്ത് നിർമ്മാണം പൂർത്തിയാക്കിയില്ല എന്നതിനാൽ ഫൈൻ ഈടാക്കേണ്ടതുണ്ട്. എന്നാൽ കരാറുകാരന്റെ മാത്രം വീഴ്ചകൊണ്ടല്ല താമസമുണ്ടായതെന്ന് തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതു പരിഗണിച്ച് ഫൈൻ ഈടാക്കുന്നതൊഴിവാക്കി ബാക്കി ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**<u>04.01.2024–ലെ തീരുമാനം</u> :–**ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട് :–</u>** ക്രിമിറ്റോറിയത്തിന്റെ നിർമ്മാണം 04.03.2023–ൽ പൂർത്തീകരിച്ച് 10.03.2023–ൽ ഉത്ഘാടനം ചെയ്തു. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ കരാറുകാരന്റെ മാത്രം വീഴ്ച കൊണ്ടല്ല പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടായത്. പ്രവൃത്തിയുടെ സ്വഭാവവും, നിർവ്വഹണ വേളയിൽ നിലനിന്നിരുന്ന സാഹചര്യങ്ങളും കണക്കിലെടുത്ത് ഫൈൻ ഈടാക്കുന്നതൊഴിവാക്കി ബാക്കി ബിൽ തുക നൽകുവാൻ അനുമതി നൽകാവുന്നതാണ്. ഭാവിയിൽ ഇത്തരം നിർമ്മാണ പ്രവൃത്തികളിൽ കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തുന്നതിന് കരാറുകാരന് താക്കീത് നൽകാവുന്നതുമാണ്.

**13.08.2024–ലെ തീരുമാനം:–** ചീഫ് എഞ്ചിനീയർ ശുപർശ ചെയ്ത പ്രകാരം ഫൈൻ ഈടാക്കുന്നത് ഒഴിവാക്കി ബാക്കി ബിൽ തുക നൽകാൻ അനുമതി നൽകുന്നു. എന്നാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ വരുത്തരുതെന്ന് നിർമ്മാണം നടത്തിയ ഏജൻസിയോട് കർശനമായി നിർദ്ദേശിക്കുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**<u>2.7 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**2.7 ഖണ്ഡിക 4.6**

**<u>എടവനക്കാട് ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/1282/23 - CC/701/23).**

**<u>വിഷയം:–</u>** എടവനക്കാട് ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 35/24*** | ***അടങ്കൽ*** | ***5,00,000 രൂപ***<br>*(തനത് ഫണ്ട്)* |
| ***പേര്*** | ***എടവനക്കാട് ഗവ.ആയുർവേദ പഞ്ചകർമ്മ ചികിത്സ സൗകര്യം ലഭ്യമാക്കൽ*** | |

എടവനക്കാട് ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ 2019–20 മുതൽ ഗ്രാമപഞ്ചായത്ത് പഞ്ചകർമ്മ സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ആദ്യവർഷത്തെ ചെലവ് സംഭാവനയിൽ നിന്ന് കണ്ടെത്തി. 2021–22 മുതൽ നൂതന പ്രോജക്ടായാണ് നടപ്പാക്കുന്നത്. ആറു മാസത്തേയ്ക്ക് മാത്രം വേതനം നൽകാനാണ് അനുമതി നൽകുന്നത്. യോഗ്യരായ വനിത–പുരുഷ തെറാപ്പിസ്റ്റുകളെ നിയമിച്ച് (2 പേർ) പ്രതിമാസം ഒരാൾക്ക് 20,385 രൂപയിൽ കവിയാത്ത വേതനം നൽകുന്നു. (പ്രതിദിനം 755 രൂപ). വർഷം മുഴുവൻ ഈ സേവനം നൽകുന്ന രീതിയിൽ സ്ഥിരമായി തെറാപ്പിസ്റ്റുകളുടെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. എടവനക്കാട് ഗ്രാമപഞ്ചായത്തു കൂടാതെ ചൂർണ്ണിക്കര, മുളന്തുരുത്തി, മണീട്, ശ്രീമൂലനഗരം, മുളവുകാട്, എന്നീ ഗ്രാമപഞ്ചായത്തുകളും ഇതേ രീതിയിൽ പഞ്ചകർമ്മ ചികിത്സ നടത്തുന്നുണ്ടെന്നും ഈ ഗ്രാമപഞ്ചായത്തുകൾക്കും ഇതേ രീതിയിൽ തെറാപ്പിസ്റ്റുകളെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>22.01.2024 ലെ തീരുമാനം</u> :-**ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആയുർവേദ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ ആയുർവേദ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**2.7 ഖണ്ഡിക 4.14**

**<u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>**

**സർക്കാരിന്റെ 14.11.2023-ലെ ഡി.എ1/360/2023 തസ്വഭവ നമ്പർ കത്ത്, 30.11.2023 -ലെ ഡി.എ1/405/2023 തസ്വഭവ നമ്പർ കത്ത്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.09.2023-ലെ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.11.2023-ലെ E3/4828/2017/ TDP നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 20.09.2023-ലെ 7(3) -ാം നമ്പർ തീരുമാനവും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 14.11.2023-ലെ 8(2)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1548/23, SRG/1590/23)**

**വിഷയം:-** സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സൊസൈറ്റിയിൽ നിന്ന് മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്.

ജില്ലാ പഞ്ചായത്തിന്റെ ക്രമനമ്പർ രണ്ടു പ്രകാരമുള്ള ആവശ്യം

(i) കരൾ, വൃക്ക മാറ്റി വച്ചവർക്ക് മരുന്ന് വാങ്ങി നൽകാൻ 66.00 ലക്ഷം രൂപയുടെ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിരുന്നു. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രോജക്ട് വെറ്റ ചെയ്തില്ല. രോഗികൾക്ക് 2023 ഏപ്രിൽ, മെയ്, ജൂൺ ജൂലൈ മാസങ്ങളിൽ മരുന്നു നൽകിയ വകയിൽ 22,48,060 രൂപ സ്നേഹം പാലിയേറ്റീവ് സൊസൈറ്റിക്ക് നൽകാനുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരം ഈ തുക 11.09.2023-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സ്നേഹം പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് അനുവദിച്ച് നൽകി. ഇതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്.

**<u>22.01.2024-ലെ തീരുമാനം</u>:-**ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്</u> :** സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ ഈ പ്രോജക്ട് വെറ്റിംഗ് നടത്തി ആരോഗ്യ വകുപ്പ് ഡയറക്ടർ അനുമതി നൽകിയില്ല. അലോപ്പതി മരുന്നുകൾ KMSCL-ൽ നിന്നും ലഭ്യമാകാൻ താമസമുണ്ടായാൽ മാത്രമേ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി, നീതി സ്റ്റോറുകൾ എന്നിവിടങ്ങളിൽ നിന്നും മരുന്നു വാങ്ങാൻ അനുമതിയുള്ളൂ. ഇപ്പോൾ KMSCL-ൽ നിന്നു മരുന്ന് ലഭ്യമാകാൻ കാലതാമസമില്ല. വളരെ കുറഞ്ഞ വിലയ്ക്ക് KMSCL ൽ നിന്നും മരുന്നു ലഭ്യമാകും. ഇതു പ്രയോജനപ്പെടുത്താതെ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്നേഹം പാലിയേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്ന് വാങ്ങിയ നടപടി സാധൂകരിക്കാവുന്നതല്ല എന്ന് 09.05.2024-ലെ DHS/5770/2024/MSA2 നമ്പർ കത്തു പ്രകാരം ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**13.08.2024-ലെ തീരുമാനം:** ആരോഗ്യവകുപ്പ് ഡയറക്ടർ വെറ്റിംഗ് നടത്താതെ തിരികെ അയച്ച പ്രോജക്ടിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുക നൽകിയതിൽ അപാകതയുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതു സംബന്ധിച്ച് മറ്റൊരു ഫയൽ കൂടി തദ്ദേശസ്വയംഭരണ വകുപ്പിലുണ്ട് എന്നു യോഗം നിരീക്ഷിച്ചു. ഈ വിഷയം വകുപ്പുതലത്തിൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**2.7 ഖണ്ഡിക 4.25**
**<u>പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്</u>**
**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/1310/23 – CC/549/2023)**

**വിഷയം:-** ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുക്കളെ നാട്ടിൽ തന്നെ വളർത്തുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 144/23 | ***അടങ്കൽ*** | ***20,00,186 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *5,00,000 രൂപ* |
| | *തനത് ഫണ്ട്* | *5,00,093 രൂപ* |
| | *ബാങ്ക് വായ്പ* | *9,79,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *21,093 രൂപ* |
| ***പേര്*** | **ഗോ വർദ്ധിനി** | |

സങ്കരയിനത്തിൽപ്പെട്ടതും ഉല്പാദനശേഷി ഉള്ളതുമായ കറവപ്പശുക്കളെ കർഷകരിലേക്കെത്തിക്കുന്നതിനാണ് പ്രോജക്ട്. ഇതിനായി അന്യസംസ്ഥാനങ്ങളിൽ നിന്ന് 12 മുതൽ 18 മാസം പ്രായമുള്ള മുന്തിയ ഇനം കിടാരികളെ വാങ്ങി വിതരണം ചെയ്യുന്നു. കിടാരികളുടെ വിലയുടെ 50 ശതമാനം സബ്സിഡി നൽകുന്നു. വില ജില്ലാതലത്തിൽ നിശ്ചയിക്കും. കിടാരികൾക്കൊപ്പം 50 ശതമാനം സബ്സിഡിയോടെ 9 കിലോ മിനറൽ മിക്സ്ചറും വിരമരുന്നും നൽകും. നൂതന ആശയം ഇല്ല എന്നതിനാൽ നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള DLEC അനുമതി നിരസിച്ചു. ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

| **ഇനം** | **ധനസഹായം (ഒരാൾക്ക്)** | **ഗുണഭോക്തൃ വിഹിതം (ഒരാൾക്ക്)** | **ആകെ (ഒരാൾക്ക്)** | **അടങ്കൽ** |
|---|---|---|---|---|
| കിടാരിയുടെ വില (89 എണ്ണം) | 11,000 | 11,000 | 22,000 | 19,58000 |
| മിനറൽ മിക്ചർ (89x9) | 810 | 810 | 1,620 | 1,44,180 |
| വിരമരുന്ന് (89) | 18 | 17 | 35 | 3,115 |
| ആകെ | 11,828 | 11,827 | 23,655 | 21,05,295 |

ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.01.2024-ലെ തീരുമാനം :-** ഇത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുമായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട് –</u>** ഈ പ്രോജക്ട് 27.06.2024-ൽ മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുമായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ ചർച്ച ചെയ്തു. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന കന്നുകാലികളിൽ തൈലേറിയ, അനാപ്ലാസ്മ പോലുള്ള രോഗങ്ങൾ ഉണ്ടാകാമെന്ന് മൃഗസംരക്ഷണവകുപ്പിലെ പ്രതിനിധികൾ അറിയിച്ചു. ഈ രോഗങ്ങൾ ഉരുക്കളെ ബാധിച്ചാൽ കർഷകർക്ക് നഷ്ടമുണ്ടാകും. അതിനാൽ ഈ പ്രോജക്ട് നടപ്പാക്കുകയാണെങ്കിൽ കൃത്യമായ ഡിസീസ് സ്ക്രീനിംഗ് നടത്തി മാത്രമേ കന്നുകാലികളെ വാങ്ങാവൂ എന്ന് മൃഗസംരക്ഷണവകുപ്പ് പ്രതിനിധികൾ അറിയിച്ചു. നേരത്തെ തന്നെയുള്ള രോഗ നിർണ്ണയവും നിയന്ത്രണവും നടപ്പാക്കുന്നതിനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കുന്ന ചർച്ചകൾ മൃഗസംരക്ഷണ വകുപ്പിൽ നടന്നു വരുകയാണ്. അതിനാൽ ഈ പ്രോജക്ടിന് തൽക്കാലം അനുമതി പരിഗണിക്കേണ്ടതില്ലെന്ന് ശുപാർശ ചെയ്തു.

**13.08.2024-ലെ തീരുമാനം:-**
1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നിരസിച്ചു.
2)സംസ്ഥാനത്തിന് വെളിയിൽ നിന്ന് പശുക്കളെ വാങ്ങുന്നതിനുള്ള പ്രോട്ടോക്കോൾ മൃഗസംരക്ഷണവകുപ്പ് തയ്യാറാക്കണമെന്നു ഇത് സംബന്ധിച്ച ശുപാർശ നൽകണമെന്നും മൃഗസംരക്ഷണവകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**<br>2) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**2.7 ഖണ്ഡിക 4.27**

**<u>വളവന്നൂർ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2023-ലെ കത്തും വളവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.10.2023-ലെ 2(1)-ാം നമ്പർ തീരുമാനവും വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.12.2023-ലെ SC1 - 5188/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1628/23 - CC/881/23)**

**വിഷയം:-** വളവന്നൂർ ബാഫക്കി യത്തീംഖാന സ്ഥാപനങ്ങൾക്ക് സൗജന്യ കുടിവെള്ളകണക്ഷൻ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 18/24 | ***അടങ്കൽ*** | *4,90,000 രൂപ (CFC Tied Grant)* |
| ***പേര്*** | ***ബാഫക്കി യത്തീംഖാന കുടിവെള്ള കണക്ഷൻ - തുക ഡിപ്പോസിറ്റ് ചെയ്യൽ*** | |

വളവന്നൂർ - കൽപ്പകഞ്ചേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിലേയ്ക്ക് ബാഫക്കി യത്തീംഖാനയുടെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലം സൗജന്യമായി വിട്ടു നൽകി ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്ന് കൽപ്പകഞ്ചേരി, വളവന്നൂർ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ബാഫക്കി യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനും കുടിവെള്ളവും സൗജന്യമായി നൽകണമെന്ന നിബന്ധനയോടെയാണ് സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് വിട്ടു നൽകിയത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2012-ലെ 8(12)-ാം നമ്പർ തീരുമാനപ്രകാരം ഈ കുടിവെള്ള പദ്ധതിയിൽ നിന്ന് ബാഫക്കി യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം ലഭ്യമാക്കാൻ നിശ്ചയിക്കുകയും ഇതനനുസരിച്ച് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ബാഫക്കി യത്തീം ഖാന ഓർഫനേജ് കമ്മിറ്റി പ്രസിഡന്റുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്. ഇതനുസരിച്ച് യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം ലഭ്യമാക്കിയില്ലെങ്കിൽ കരാർ റദ്ദാക്കി നിർമ്മാണ പ്രവൃത്തികൾ നീക്കം ചെയ്യേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വളവന്നൂർ യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>22.01.2024ലെ തീരുമാനം:-</u>**ഇപ്രകാരം സൗജന്യ കുടിവെള്ള കണക്ഷൻ നൽകുമ്പോൾ ഉണ്ടാകുന്ന ചെലവ്, കുടിവെള്ള ചാർജ് ഒരു വർഷം എത്ര രൂപ വരും തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കേരള വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** വളവന്നൂർ ബാഫക്കി യത്തീംഖാനയിലേക്കും അനുബന്ധസ്ഥാപനങ്ങളിലേയ്ക്കും ശുദ്ധജലമെത്തിക്കാനായി പൈപ്പ് ലൈൻ വലിക്കുന്നതിനും മറ്റും GST ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തുക 5,27,581 രൂപയാണ്. യത്തീംഖാനയുടെ എല്ലാ സ്ഥാപനങ്ങളിലേക്കുമായി പ്രതിദിനം 2,78,300 ലിറ്റർ വെള്ളത്തിന്റെ ഉപഭോഗം പ്രതീക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലെ താരിഫ് അനുസരിച്ച് പ്രതിവർഷം 54,20,172 രൂപ കുടിവെള്ള ചാർജ്ജ് വരും. വളവന്നൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് പ്രകാരം ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് ഫെയർവാല്യൂ ഒരു ആർ-നു 1,58,400 രൂപയാണ്. ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 6.12 ആർ ആണ്. ആകെ വാല്യുവേഷൻ തുക 9,69,408 രൂപ. അതിനാൽ വാട്ടർ ബിൽ അടയ്ക്കുന്നതിനേക്കാൾ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതാണ് അഭികാമ്യമെന്നറിയിച്ചിരിക്കുന്നു.

**13.08.2024-ലെ തീരുമാനം:-** KWA ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം അനുമതി നിരസിച്ചു. വളവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2012 ലെ 8(12)-ാം നമ്പർ തീരുമാനത്തിന്റെ നിയമസാധുത കൂടി പരിശോധിച്ച് ഈ സ്ഥലം വാങ്ങാൻ/ഏറ്റെടുക്കാൻ നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

**2.7 ഖണ്ഡിക 4.28**

**<u>കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2023 ലെ കത്തും കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2023 ലെ കത്തും കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.08.2023 ലെ 7(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1289/23 – CC/687/2023).**

**വിഷയം:-** വളവന്നൂർ ബാഫഖി യത്തിംഖാന സ്ഥാപനങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 270/24 | ***അടങ്കൽ*** | ***5,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | വളവന്നൂർ ബാഫഖി യത്തിംഖാന സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ | |

കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ വളവന്നൂർ കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിനായി 2013 ൽ MLASDF – ൽ ഫണ്ട് അനുവദിച്ചിരുന്നു. ടാങ്ക് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ബാഫഖി യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനും കുടിവെള്ളവും സൗജന്യമായി നൽകണമെന്ന നിബന്ധനയോടെ വളവന്നൂർ ബാഫഖി യത്തിംഖാന 15 സെന്റ് സ്ഥലം KWAക്ക് വിട്ടു നൽകി. ഇതനുസരിച്ച് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വളവന്നൂർ ബാഫഖി യത്തിംഖാന ഓർഫനേജ് കമ്മിറ്റി പ്രസിഡന്റുമായി മുദ്രപത്രത്തിൽ കരാറുണ്ടാക്കി. കരാറനുസരിച്ച് ഗ്രാമപഞ്ചായത്തോ അനുബന്ധ ഡിപ്പാർട്ട്മെന്റോ വാട്ടർ അതോറിറ്റിയോ യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം നൽകാതിരുന്നാൽ കരാർ റദ്ദാക്കി നിർമ്മാണ പ്രവൃത്തികൾ നീക്കം ചെയ്യേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വളവന്നൂർ യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>22.01.2024 ലെ തീരുമാനം</u> :-**ഇപ്രകാരം സൗജന്യ കുടിവെള്ള കണക്ഷൻ നൽകുമ്പോൾ ഉണ്ടാകുന്ന ചെലവ്, ഒരു വർഷം കുടിവെള്ള ചാർജ് എത്രയാണ് തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കേരള വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്</u> :** വളവന്നൂർ ബാഫക്കി യത്തീംഖാനയിലേക്കും അനുബന്ധസ്ഥാപനങ്ങളിലേയ്ക്കും ശുദ്ധജലമെത്തിക്കാനായി പൈപ്പ് ലൈൻ വലിക്കുന്നതിനും മറ്റും GST ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തുക 5,27,581 രൂപയാണ്. യത്തീംഖാനയുടെ എല്ലാ സ്ഥാപനങ്ങളിലേക്കുമായി പ്രതിദിനം 2,78,300 ലിറ്റർ വെള്ളത്തിന്റെ ഉപഭോഗം പ്രതീക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലെ താരിഫ് അനുസരിച്ച് പ്രതിവർഷം 54,20,172 രൂപ കുടിവെള്ള ചാർജ്ജ് വരും. വളവന്നൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് പ്രകാരം ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് ഫെയർവാല്യു ഒരു ആർ-നു 1,58,400 രൂപയാണ്. ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലം 6.12 ആർ സ്ഥലമാണ്. ആകെ വാല്യുവേഷൻ തുക 9,69,408 രൂപ. അതിനാൽ വാട്ടർ ബിൽ അടയ്ക്കുന്നതിനേക്കാൾ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതാണ് അഭികാമ്യമെന്നറിയിച്ചിരിക്കുന്നു.

**13.08.2024-ലെ തീരുമാനം:-** വളവന്നൂർ ഗ്രാമപഞ്ചായത്തിന്റെ സമാന ആവശ്യത്തിന്മേലെടുത്ത തീരുമാനം (ക്രമനമ്പർ 2.7 ഖണ്ഡിക 4.27) ബാധകമാണ്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

2.7 ഖണ്ഡിക 4.31

**<u>വിളയൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2023 ലെ 20(1)-ാം നമ്പർ തീരുമാനവും (SRG/1311/23 - CC/718/2023).**

**വിഷയം:-** കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിവിധ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. ജല-ജീവൻ പദ്ധതി വരുന്നതുവരെ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃസമിതി തന്നെ നൽകി. ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നുണ്ട് എന്നതിനാൽ ഇപ്പോൾ ഗുണഭോക്തൃസമിതി വൈദ്യുതി ചാർജ് അടയ്ക്കുന്നില്ല. ഗുണഭോക്താക്കൾ മാസംതോറും നൽകേണ്ട തുക നൽകുന്നില്ല. ആകെ 30 കുടിവെള്ള പദ്ധതിയുടെ കുടിശ്ശികയാണ് നൽകാനുള്ളത്. ഇതിൽ 14 എണ്ണത്തിന്റെ വൈദ്യുതി കണക്ഷൻ KSEB വിച്ഛേദിച്ചു. കുടിശ്ശിക ഈടാക്കാൻ KSEB റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ കുടിശ്ശിക തുക 84,923 രൂപ. ഈ തുക നൽകാൻ തനത് ഫണ്ട് ഇനത്തിൽ 1,00,000 രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>22.01.2024 ലെ തീരുമാനം :-</u>** ഈ പദ്ധതിയിലൂടെ കുടിവെള്ളമുപയോഗിച്ച കാലത്തെ കുടിശ്ശിക ഗുണഭോക്തൃ സമിതി തന്നെ നൽകേണ്ടതാണ് എന്നു യോഗം നിരീക്ഷിച്ചു. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

2.7 ഖണ്ഡിക 4.33

**<u>ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്</u>**

**ശ്രീ.വിനോദ്.റ്റി.എൻ, ഉണ്ടത്തിൽ വീട്, പൂഞ്ഞാർ തെക്കേക്കര എന്ന വ്യക്തിയുടെ 26.07.2023 -ലെ കത്തും ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01.12.2023-ലെ B-1761/2023-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1255/23)**

**വിഷയം:-** കൈപ്പള്ളി ഗവ.എൽ.പി.എസ് കോമ്പൗണ്ടിൽ നിർമ്മിച്ച മഴവെള്ള സംഭരണിയുടെ തുക നൽകുന്നത് സംബന്ധിച്ച്

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കൈപ്പള്ളി ഗവ. എൽ.പി. സ്കൂളിൽ 2016-17-ൽ Pradan Manthri Krishi Sinchayee Yojana (PMKSY)/Integrated Watershed Management Programme (IWMP) യിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണി നിർമ്മിക്കാൻ ശ്രീ.വിനോദ്. റ്റി.എൻ എന്ന വ്യക്തിയെ ഏൽപ്പിച്ചിരുന്നു. 50,000 ലിറ്റർ സംഭരണശേഷിയുള്ള ഇതിന്റെ നിർമ്മാണം 2016-17-ൽ പൂർത്തിയായില്ല. ഇത് 2017-18-ൽ പൂർത്തിയാക്കി ബിൽ ബ്ലോക്ക് പഞ്ചായത്തിൽ നൽകിയെങ്കിലും IWMP നിർത്തലാക്കിയതിനാൽ ബിൽ തുകയായ 5.00 ലക്ഷം രൂപ ലഭിച്ചില്ല. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നു നൽകാൻ നിർദ്ദേശം നൽകണമെന്ന് ശ്രീ.വിനോദ്.റ്റി.എൻ ന്റെ ആവശ്യം സംബന്ധിച്ച് .

ഈ വിഷയം സംബന്ധിച്ച് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. മഴവെള്ള സംഭരണിയിൽ മഴവെള്ളം സംഭരിച്ചപ്പോൾ വിള്ളൽ രൂപപ്പെട്ട് ചോർച്ചയുണ്ടായി. ഇതു പരിഹരിക്കണമെന്ന് വാട്ടർഷെഡ് കമ്മിറ്റിയോട് ആവശ്യപ്പെട്ട പ്രകാരം പരിഹരിച്ചു എന്ന് കമ്മിറ്റി അറിയിച്ചുവെങ്കിലും ന്യൂനത പരിഹരിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സമീപവാസികൾ പരാതിപ്പെട്ടതിനാൽ മെഷർമെന്റ് എടുത്ത് ബിൽ തുക നൽകിയിട്ടില്ല. ഇപ്പോൾ ഈ ടാങ്കിൽ മഴവെള്ളം സംഭരിച്ച് സ്കൂളിലെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

**<u>22.01.2024 ലെ തീരുമാനം</u> :-**ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. മഴവെള്ള സംഭരണിയുടെ നിർമ്മാണവും ഇപ്പോഴത്തെ ക്ഷമതയും പരിശോധിക്കുന്നതിനോടൊപ്പം ബിൽ തുക നല്കുന്നതിന് ഉദ്ദേശിക്കുന്ന വിഭവസ്രോതസ്സ് ഏതാണെന്ന് ബ്ലോക്ക് പഞ്ചായത്തുമായി ചർച്ച ചെയ്ത് അതിന്റെ വിശദാംശം ഉൾപ്പെടെ റിപ്പോർട്ട് നൽകണം. ഇതനുസരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്</u> :** നിലവിൽ മഴവെള്ള സംഭരണിയിലെ ചോർച്ച പരിഹരിക്കപ്പെട്ടിട്ടുണ്ട്. 4/11/2016-ൽ Agreement വച്ച് 30 /1/ 2017 - ലെ കമ്മിറ്റി മിനിട്സിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ എഗ്രിമെൻറ് വെച്ച നിരക്കിൽ വാല്യവേഷൻ എടുത്ത് Beneficiary work ന്റെ Standard deductions കിഴിവ് ചെയ്ത് കൺവീനർക്ക് തുക അനുവദിക്കാവുന്നതാണ്. ഈ പ്രവൃത്തിയുടെ തുക നൽകുന്നതിനായി പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് 143/20-21 പ്രകാരം പ്രോജക്ട് വകയിരുത്തിയിരുന്നതും (Rs.500000/- CFC) ആയത് സ്പിൽ ഓവറിലേയ്ക്ക് മാറ്റാതെ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. ഈ പ്രവൃത്തിക്ക് ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന CFC ഗ്രാന്റിൽ നിന്നും തുക അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

**13.08.2024-ലെ തീരുമാനം:-** ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്ത പ്രകാരം അർഹമായ തുക കാലതാമസം കൂടാതെ നൽകാൻ നടപടി സ്വീകരിക്കണമെന്ന് പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്** |

**2.7 ഖണ്ഡിക 4.36**

**<u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്തും പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 31.07.2023 ലെ 11(5)-ാം നമ്പർ തീരുമാനവും (SRG/1203/23 - CC/626/23).**

**വിഷയം:-** മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപറ്റ പട്ടികവർഗ്ഗ നഗറിലെ വികസന പ്രവൃത്തികൾ നടപ്പാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 86/24 | ***അടങ്കൽ*** | ***50,00,000 രൂപ (റ്റി.എസ്.പി)*** |
| ***പേര്*** | കോളനി ദത്തെടുക്കൽ | |

മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപറ്റ പട്ടികവർഗ്ഗ നഗർ ഏറ്റെടുത്ത് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് പ്രോജക്ട്. വിവിധ പ്രവൃത്തികൾക്കായി 1.00 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഹു വർഷമായി നടപ്പാക്കുന്നു. പ്രോജക്ടിൽ ഈ വർഷം 50.00 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന ഭാഗികമായി നിർമ്മാണം നടത്തിയ 19 വീടുകളുടെ നവീകരണം, റോഡ്, ചേരിവികസനം, കുടിവെള്ളം എന്നീ മേഖലയിലാണ് വികസനം ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**<u>22.01.2024-ലെ തീരുമാനം</u> :-**ഇതിന് പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നും ഫണ്ട് നൽകാൻ കഴിയുമോ, ഉണ്ടെങ്കിൽ ഏതൊക്കെ ആവശ്യത്തിനാണ്, എത്ര തുകയാണ് നൽകാൻ കഴിയുന്നത് എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്</u> :-** മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളഴുത്താൻപറ്റ നഗറിൽ 14 വീടുകളിലായി 22 കുടുംബങ്ങളിൽ 52 പേർ താമസിക്കുന്നുണ്ട്. ഇവിടെ താമസിക്കുന്ന 12 കുടുംബങ്ങൾക്ക് "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിൽ ഉൾപ്പെടുത്തി 2015-2016 വർഷം 1,18, 58,000/- രൂപ ചെലവഴിച്ച് 25 സെന്റ് വീതം ഭൂമി വാങ്ങി നൽകുകയും ഹഡ്കോ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2016-2017 വർഷം വീടിന്റെ നിർമ്മാണ പുരോഗതി അനുസരിച്ച് വകുപ്പിൽ നിന്നും ഈ ആവശ്യത്തിലേക്കായി 37,27,500/- രൂപ അനുവദിച്ച് നൽകി. വീടുകളുടെ ശേഷിക്കുന്ന പണികൾക്ക് 11,34,000/- രൂപ

അനുവദിക്കാനുണ്ട്. 2016-2017 വർഷം കോർപ്പസ് ഫണ്ടിൽ നിന്നും കുടിവെള്ള പദ്ധതിയ്ക്കായി മലമ്പുഴ ഗ്രാമപഞ്ചായത്തിന് 5,30,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലാപഞ്ചായത്ത് സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപറ്റ നഗറിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യാവുന്നതാണ്.

1. ഹഡ്കോ പദ്ധതിയിൽ അനുവദിച്ച 12 വീടുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ
2. കാർഷികവൃദ്ധി- കൈവശമുള്ള സ്ഥലത്തിന് അനുയോജ്യമായ കൃഷി, കൃഷിവകുപ്പ് മുഖേന നടപ്പിലാക്കാവുന്നതാണ്.
3. ഇലക്ട്രിക് ഫെൻസിംഗ്- വന്യമൃഗ ശല്യമുള്ള ഈ നഗറിനു ചുറ്റം വനം വകുപ്പമായി ബന്ധപ്പെട്ട് ഇലക്ട്രിക് ഫെൻസിംഗ് നടപ്പിലാക്കേണ്ടതുണ്ട്.
4. കുടിവെള്ളം- നിലവിൽ നഗറിൽ 2 പൊതുകിണർ ഉണ്ട്. ഇത് നവീകരിച്ച് സംരക്ഷണമതിൽ കെട്ടി മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിച്ച് എല്ലാ വീട്ടുകളിലും കുടിവെള്ളം എത്തിക്കേണ്ടതുണ്ട്.
5. റോഡ്- നഗറിനുള്ളിൽ ഏകദേശം 1 കി.മി ദൂരം റോഡ്, ഡ്രൈയിനേജ് എന്നിവ ആവശ്യമാണ്.
6. അങ്കണവാടി- ഈ നഗറിൽ അങ്കണവാടി കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ പാറകളം നഗറിലെ സ്വകാര്യവ്യക്തിയുടെ വീട്ടിലാണ് അങ്കണവാടി പ്രവർത്തിച്ച് വരുന്നത്. ആയതിനാൽ വെള്ളെഴുത്താൻപറ്റ നഗറിൽ അങ്കണവാടി കെട്ടിടം, കമ്മ്യൂണിറ്റിഹാൾ എന്നിവ ആവശ്യമാണ്.

**13.08.2024-ലെ തീരുമാനം:-** മുകളിൽപ്പറഞ്ഞവയടക്കമുള്ള പ്രവൃത്തികൾക്ക് പട്ടിക വർഗ്ഗ വികസനവകുപ്പ് വിഹിതം വയ്ക്കാത്ത സാഹചര്യത്തിൽ ഇവയടക്കമുള്ള പ്രവൃത്തികൾ മുൻഗണന നിശ്ചയിച്ച് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**2.7 ഖണ്ഡിക 4.70**

**<u>പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.07.2023-ലെ 4(8)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1276/23- CC/672/23)**

**വിഷയം:-** കാഴ്ചശക്തിയില്ലാത്തവർക്ക് ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള ഫോൺ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 137/23*** | ***അടങ്കൽ*** | ***1,00,000 രൂപ*** |
| | | ***(വികസനഫണ്ട് ജനറൽ - 75,000 രൂപ )*** |
| | | ***തനത് ഫണ്ട് - 25,000 രൂപ)*** |
| ***പേര്*** | ***കാഴ്ചശക്തിയില്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകൽ*** | |

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് കാഴ്ചശക്തി ഇല്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിന് കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. പരമാവധി ധനസഹായം 3000 രൂപയിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയോടെ 14.02.2023-ലെ കോഓർഡിഷൻ കമ്മിറ്റി യോഗം ഇതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ ആൻഡ്രോയിഡ് ഒ.എസ്. ഉള്ള ഫോൺ നൽകുകയാണെങ്കിൽ GPS സംവിധാനം ഉപയോഗിക്കുന്നതടക്കമുള്ള പ്രയോജനം ലഭിക്കുമെന്നും അതിനാൽ ഇത്തരം ഫോൺ വാങ്ങി നൽകാൻ അനുമതി

നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്. പരമാവധി 12,000 രൂപ ഒരു ഫോണിന് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

**22.01.2024–ലെ തീരുമാനം :–** ഇത് വിദഗ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**13.08.2024 ൽ നൽകിയ റിപ്പോർട്ട്:–** കാഴ്ച പരിമിതർക്ക് സ്മാർട്ട് ഫോണിൽ ഇൻസ്റ്റാൾ ചെയ്യേണ്ട ആപ്ലിക്കേഷൻ പ്ലേ സ്റ്റോറിൽ ലഭ്യമാണ്. ആൻഡ്രോയിഡ് സൗകര്യമുള്ള 12,000 രൂപയിൽ അധികരിക്കാത്ത സ്മാർട്ട് ഫോൺ ഇതിനായി വാങ്ങാവുന്നതാണ്.

**13.08.2024–ലെ തീരുമാനം :–** ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**2.7 ഖണ്ഡിക 4.80**

**വെച്ചൂർ ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG 1314/23 – CC/386/23).**

**വിഷയം:–** തേജസ് സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ആഹാരം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 111/24** | ***അടങ്കൽ*** | ***1,00,000 രൂപ***<br>*(വികസന ഫണ്ട് ജനറൽ)* |
| ***പേര്*** | **തേജസ് സ്പെഷ്യൽ സ്കൂളിലേക്ക് ആഹാരം നൽകൽ** | |

വെച്ചൂർ ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. തേജസ് ചാരിറ്റബിൾ ട്രസ്റ്റ് നടത്തുന്ന സ്പെഷ്യൽ സ്കൂളിലാണ് മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്നത്. ഈ സ്കൂൾ സൗജന്യമായാണ് സേവനം നടത്തുന്നതെന്ന് സ്കൂൾ മാനേജിംഗ് ട്രസ്റ്റി അറിയിച്ചിട്ടുണ്ട്. ഈ സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.01.2024 ലെ തീരുമാനം :–**ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി

**13.08.2024 ൽ നൽകിയ റിപ്പോർട്ട് :–** ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ തുടങ്ങിയവരുമായി ചർച്ച ചെയ്തതു പ്രകാരം ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തേജസ്സ് സ്പെഷ്യൽ സ്കൂൾ തദ്ദേശഭരണ സ്ഥാപനം ഏറ്റെടുത്തിട്ടുള്ളതല്ലാത്തതിനാൽ കുടുംബശ്രീ ഇതിന്മേൽ ഇടപെടേണ്ടതില്ല എന്നറിയിച്ചിട്ടുണ്ട്.

**13.08.2024–ലെ തീരുമാനം:–** ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്** |

**2.7 ഖണ്ഡിക 4.96**

**ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023–ലെ കത്തും ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.12.2022–ലെ VII (1)–ാം നമ്പർ തീരുമാനവും (SRG/1364/23 – CC/728/23)**

**വിഷയം:–** MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത പ്രദേശത്ത് കോൺക്രീറ്റിംഗ് നടത്തിയതിന് തുക നൽകുന്നത് സംബന്ധിച്ച്

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2019–20–ൽ വിവിധ കോൺക്രീറ്റിംഗ് പ്രവൃത്തികൾ MGNREGS –ൽ എടുത്തിരുന്നു. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിരുന്ന ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ താമസിച്ചതിനാൽ 2020–21 ൽ ഇതിലുൾപ്പെട്ട റോഡുകളുടെ ചില ഭാഗങ്ങൾ ഗ്രാമപഞ്ചായത്ത് വികസനഫണ്ട് ഉപയോഗിച്ച് ചെയ്തു. അതിനാൽ MGNREGS പ്രകാരം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന്റെ നീളം എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ കുറച്ച് ചെയ്താൽ മതിയെന്ന സാഹചര്യം വന്നു. അതിനാൽ MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത കൈതക്കെട്ട് – ആലുവിളതടം റോഡ് (വാർഡ് 2) എ.കെ.എം എച്ച്.എസ് ബ്രാഞ്ച് റോഡ് (വാർഡ് 3) തിരുഅറയ്ക്കൽ – ഉപ്പോട്ട് ഏലാ റോഡ് (വാർഡ് 5) എന്നീ റോഡുകളുടെ കോൺക്രീറ്റിംഗ് നടത്തി. ഇതിന്റെ വേതനം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകി. എന്നാൽ മെറ്റീരിയൽ നൽകിയ ശ്രീ.മണി ജെ, പുതിയവിള പുത്തൻവീട് എന്ന വെന്റർക്ക് 3,78,763 രൂപ നൽകാനുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.01.2024 ലെ തീരുമാനം :–**ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ MGNREGS ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്</u>** : MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്തതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ള മുകളിൽ പറയുന്ന മൂന്ന് പ്രവൃത്തികളും MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയായിട്ടുള്ളതുമാണ്.

എന്നാൽ ഇതേ റോഡിന്റെ അവിദഗ്ധ വേതനം, മെറ്റീരിയൽ, വിദഗ്ധ വേതനം എന്നിവ ഉപയോഗപ്പെടുത്തി അധിക പ്രവൃത്തികൾ താഴെപ്പറയും പ്രകാരം ചെയ്തു.

**1)** തിരുഅറയ്ക്കൽ ഉപ്പോട്ട് ഏലാ റോഡ് കോൺക്രീറ്റ് – വാർഡ് 5– എന്ന പ്രവൃത്തിയുടെ അവിദഗ്ധ വേതനം, മെറ്റീരിയൽ, വിദഗ്ധ വേതനം ഉപയോഗപ്പെടുത്തി ആയത്തിൽ കേഴംമ്പള്ളി അംഗൻവാടി റോഡ് **:–** 24.5 m പ്രവൃത്തി കൂടി ചെയ്തു.
**2)** എ.കെ.എം.എച്ച്.എം. – ബ്രാഞ്ച് റോഡ് കോൺക്രീറ്റ് – വാർഡ് 3 എന്ന പ്രവൃത്തിയുടെ അവിദഗ്ധ വേതനം, മെറ്റീരിയൽ, വിദഗ്ധ വേതനം ഉപയോഗപ്പെടുത്തി റ്റി.എച്ച്.എസ്സ്.എസ്സ് മുസ്ളീം ജുമാ മസ്ജിദ് ലിങ്ക് റോഡ് 89.5**m–** പ്രവൃത്തി കൂടി ചെയ്തിട്ടുള്ളത്
**3)** കൈതക്കെട്ട് – ആലുവിള തടം റോഡ് കോൺക്രീറ്റ് – വാർഡ് 2 എന്ന പ്രവൃത്തിയുടെ അവിദഗ്ധ വേതനം ഉപയോഗപ്പെടുത്തി കൈതക്കെട്ട് ഇലഞ്ഞിത്തറ റോഡ് – 36 m പ്രവൃത്തി കൂടി ചെയ്തു.

**13.08.2024–ലെ തീരുമാനം:–**

**1)** MGNREGS ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് നൽകിയ വിവരങ്ങളിൽ പിശകുണ്ട് എന്നു യോഗം നിരീക്ഷിച്ചു. എന്നിരുന്നാലും MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് MGNREGS വിഹിതം ഉപയഗിച്ചതിൽ പിശകുണ്ട്. മെറ്റീരിയൽ നൽകിയ വെന്റർക്ക് നൽകേണ്ട അർഹമായ വിഹിതം തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകുന്നു.

**2)** MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് MGNREGS വിഹിതം ഉപയോഗിച്ചതിൽ പിശകുണ്ട്. മാനദണ്ഡ പ്രകാരമല്ലാതെ MGNREGS പ്രവൃത്തി ചെയ്ത ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കാൻ MGNREGS ഡയറക്ടറെയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെയും ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്**<br>2) **ഡയറക്ടർ, MGNREGS**<br>3) **തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്** |

## 2.8 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 ന നടന്ന യോഗതീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.8 ഖണ്ഡിക 4.7**

**ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.08.2023-ലെ 4(1) -ാം നമ്പർ തീരുമാനവും (SRG/1508/23 - CC/772/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കുന്ന സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ പ്രാദേശിക നിരക്കിൽ ഗതാഗത കൂലി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് വന മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടേയ്ക്ക് യാത്രയ്ക്ക് ഉപയോഗിക്കുന്നത് ഓഫ് റോഡിന് അനുയോജ്യമായ പ്രത്യേക വാഹനമാണ്. അതിനാൽ സാധന സാമഗ്രികളും മറ്റും ഗ്രാമപഞ്ചായത്തിലേയ്ക്ക് കൊണ്ടുപേകുന്നതിന് ഗതാഗത കൂലി കൂടുതലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

(i) ഗ്രാമപപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളിൽ സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് പ്രോജക്ടിൽ ഉൾപ്പെടുത്തണം.

(ii) ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വകുപ്പുകളുടേതടക്കമുള്ള മറ്റു പദ്ധതികളിൽ സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി.

(iii) MGNREGS -ൽ മെറ്റീരിയൽ വർക്കിന് പ്രാദേശിക നിരക്കിലെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ അനുമതി.

**06.03.2024-ലെ തീരുമാനം :-** ക്രമനമ്പർ ഒന്നും രണ്ടും പരിശോധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. (റിപ്പോർട്ട് ലഭിച്ചിട്ടില്ല). ക്രമനമ്പർ മൂന്നിന്മേൽ റിപ്പോർട്ട് നൽകാൻ **MGNREGS** മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**13.08.2024 ൽ നൽകിയ റിപ്പോർട്ട്:-** Secure software ആണ് MGNREGS എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്നത്. PWD ബിൽഡിംഗ് ചീഫ് എഞ്ചിനീയർ ഓരോ ത്രൈമാസത്തിലും ഓരോ PWD സോണിനുമായി പ്രൈസ് സോഫ്റ്റ് വെയറിൽ പ്രസിദ്ധീകരിക്കുന്ന Local market Rate (LMR)-ൽ Material Labor, hire, carriage (PWD യുടെ DSR സ്പെസിഫിക്കേഷൻ പ്രകാരമുള്ള) എന്നീ ഇനങ്ങളുടെ ലോക്കൽ മാർക്കറ്റ് നിരക്കുകൾ ആണ് ഉൾപ്പെട്ടിട്ടുള്ളത്. മെറ്റീരിയൽ നിരക്കിൽ, ലോഡിംഗ് അൺ ലോഡിംഗ്, കൺവേയൻസ് ചാർജ്ജുകൾ എന്നിവ ഉൾപ്പെടുണ്ട്. ഇക്കാരണത്താൽ തന്നെ Carriage (Transportation Charges) തുക ഇല്ല. (പൂജ്യമാണ് ).

കേരളത്തിൽ ആകെ 27 LMR സോണുകളായിട്ടാണ് തിരിച്ചിരിക്കുന്നത്. ഇടുക്കി ജില്ലയിൽ 3 LMR സോണുകൾ ഉണ്ട്. ഇതിൽ ദേവികുളം സോണിൽപ്പെടുന്ന ഗ്രാമപഞ്ചായത്താണ് ഇടമലക്കുടി. ഈ സോണിൽ ഇടമലക്കുടി പോലെ ട്രാൻസ്പോർട്ടേഷൻ വിഷയങ്ങൾ ഇല്ലാത്ത മറ്റു ഗ്രാമപഞ്ചായത്തുകളും ഉണ്ട്. ഇടമലക്കുടിക്ക് മാത്രമായി carriage / Transportation ചാർജ്ജ് ഉൾപ്പെടുത്തിയാൽ അത് ദേവികുളം സോണിൽ ഉൾപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഒരുമിച്ച് ബാധകമായി Secure software-ൽ വരും. അതായതു കൂടിയ നിരക്കിലുള്ള transportation ചാർജ്ജിനു അർഹതയില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്കും ബാധകമായി വരും. ഈ

കാരണത്താൽ ഇടമലക്കുടി ഗ്രാമപഞ്ചായത്തിനെ ഒരു പ്രത്യേക LMR സോണായി (സായ് പുന്നമട പോലെ) പരിഗണിക്കുന്നതാവും ഉചിതം.

**13.08.2024-ലെ തീരുമാനം:-** MGNREGS ഡയറക്ടറുടെ റിപ്പോർട്ട് കൂടി പരിശോധിച്ച് മുകളിൽ പറഞ്ഞ ക്രമനമ്പർ (i), (ii), (iii) എന്നിവയിന്മേൽചീഫ് ടെക്നിക്കൽ എക്സാമിനറുടെ കൂടി അംഗീകാരത്തോടെ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ ഓരോ കുടിക്കും പ്രത്യേകമായി വേണം നിരക്ക് നിശ്ചയിക്കേണ്ടത്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**<u>2.8 ഖണ്ഡിക 4.13</u>**

**<u>കവിയൂർ ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.01.2024-ലെ കത്തും അനുബന്ധരേഖകളും (SRG/53/2024 – CC /44/2024)**

**വിഷയം:-** വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 118/24*** | ***അടങ്കൽ*** | ***7,00,000 രൂപ (അവാർഡ് തുക )*** |
| ***പേര്*** | ***വീട് വാസയോഗ്യമാക്കൽ – വാർഡ് 10*** | |
| ***പ്രോ.നം.112/24*** | ***അടങ്കൽ*** | ***13,00,000 (വികസനഫണ്ട് ജനറൽ)*** |
| ***പേര്*** | ***ഭവന പുനരുദ്ധാരണം -ജനറൽ*** | |

വീട് വാസയോഗ്യമാക്കുന്നതിന് (ഭവന പുനരുദ്ധാരണം) 112/24, 118/24 എന്നീ നമ്പരുകളിലായി രണ്ട് പ്രോജക്ടുകളാണ് എടുത്തിരിക്കുന്നത്. 112 -ാം നമ്പർ പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 50,000 രൂപയും 118-ാം നമ്പർ പ്രോജക്ടിൽ (10-ാം വാർഡിലേയ്ക്ക് മാത്രം) 1.00 ലക്ഷം രൂപയും വീതം പരമാവധി ധനസഹായം നൽകാവുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഒരേ സ്വഭാവമുള്ള പ്രോജക്ടിനു രണ്ട് നിരക്കിൽ സബ്സിഡി നൽകുന്നത് നീതിയല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO) അറിയിച്ചിട്ടുണ്ട്. അതിനാൽ ഇതിന്മേൽ വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**<u>06.03.2024 -ലെ തീരുമാനം :-</u>**

**(i)** മാർഗ്ഗരേഖ പ്രകാരം വീട് വാസയോഗ്യമാക്കാൻ പൊതുവിഭാഗത്തിന് പരമാവധി 1.00 ലക്ഷം രൂപയും എസ്.സി./എസ്.റ്റി വിഭാഗത്തിന് പരമാവധി 1.50 ലക്ഷം രൂപയുമാണ് നൽകാവുന്നത്. ഒരു വാർഡിൽ മാത്രം മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കും മറ്റ വാർഡിൽ കുറഞ്ഞ നിരക്കും (50,000 രൂപ മാത്രം) നിശ്ചയിക്കുന്നത് ശരിയായ രീതിയല്ല എന്ന് യോഗം നിരീക്ഷിച്ചു. ഗ്രാമപഞ്ചായത്തിനെ മൊത്തമായി ഒരു യൂണിറ്റായി കണ്ട് മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ പരിമിതപ്പെടുത്തി നിർമ്മാണ പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരം ധനസഹായം നൽകുന്ന രീതിയാണ് സ്വീകരിക്കേണ്ടത് എന്നും യോഗം വിലയിരുത്തി.

**(ii)** ഏത് സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞ രീതിയിൽ പ്രോജക്ട് തയ്യാറാക്കിയതെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പത്തനംതിട്ട ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്</u> :-** 2022-23-ൽ ഭവന പുനരുദ്ധാരണത്തിന് മാറ്റി വച്ച തുക കൂടി ലൈഫ് ഭവന പദ്ധതിക്കായി ഉപയോഗിച്ചു. 2022-23 ൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ 2023-24 -ൽ ഗുണഭോക്താവായി നിലനിർത്തിയിട്ടുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളൊക്കെ പരിശോധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിനെ മൊത്തമായി ഒരു യൂണിറ്റായി കണ്ട് മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ പരിമിതപ്പെടുത്തി വാല്യുവേഷൻ പ്രകാരം ധനസഹായം നൽകുന്ന രീതിയാണ് അവലംബിക്കേണ്ടതെന്ന് ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**13.08.2024-ലെ തീരുമാനം:-** 1) ഗ്രാമപഞ്ചായത്തിനെ മൊത്തമായി ഒരു യൂണിറ്റായി കണ്ട് മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ പ്രോജക്ട് തയ്യാറാക്കി നിർമ്മാണ പ്രവൃത്തികളുടെ വാല്യുവേഷൻ പ്രകാരം മാർഗ്ഗരേഖയിലെ നിരക്കിൽ പരിമിതപ്പെടുത്തി അർഹമായ ധനസഹായം നൽകുന്ന രീതി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

2)ഒരു പ്രോജക്ടിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കും ഇതേ ആവശ്യത്തിനുള്ള മറ്റൊരു പ്രോജക്ടിൽ കുറഞ്ഞ നിരക്കിലും പ്രോജക്ട് തയ്യാറാക്കിയത് വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ അവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**<u>2.8 ഖണ്ഡിക</u> 4.17**

**<u>പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.11.2023-ലെ A/1450/21-ാം നമ്പർ കത്തും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.10.2023-ലെ 7(1) -ാം നമ്പർ തീരുമാനവും (SRG/1610/2023)**

**വിഷയം:-** PMAY ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷം PMAY പദ്ധതിയിൽ 41 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകാൻ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇവർക്ക് താഴെപ്പറയും പ്രകാരമാണ് വിഹിതം നിശ്ചയിച്ചിരുന്നത്.

| | |
|---|---|
| കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതം (72,000+48,000) | 1,20,000 രൂപ |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,33,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,52,000 രൂപ |
| ഗ്രാമപഞ്ചായത്ത് വിഹിതം | 95,000 രൂപ |
| പട്ടികവർഗ്ഗ വികസനവകുപ്പ് വിഹിതം | 1,00,000 രൂപ |
| ആകെ | 6,00,000 രൂപ |

എന്നാൽ എഗ്രിമെന്റ് വച്ച 41 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കൾക്ക് മാത്രമാണ് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും 1.00 ലക്ഷം രൂപ വീതം ലഭിച്ചത്. ബാക്കിയുള്ളവർക്ക് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് ഇനി തുക ലഭിക്കാൻ സാധ്യതയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഈ തുക ഗുണഭോക്താക്കൾക്ക് നല്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>06.03.2024 -ലെ തീരുമാനം</u> :-**ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. (റിപ്പോർട്ട് നൽകിയെങ്കിലും റിപ്പോർട്ട് വ്യക്തമല്ലാത്തതിനാൽ ഉൾപ്പെടുത്തിയില്ല)

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**<u>2.8 ഖണ്ഡിക 4.39</u>**

**<u>കുമ്പള ഗ്രാമപഞ്ചായത്ത്</u>**

**കുമ്പള ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 24.01.2024-ലെ കത്തും കുമ്പള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.01.2024-ലെ 1(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/172/24)**

**വിഷയം:-** PWD യുടെ ഉടമസ്ഥതയിലുള്ള റോഡ് പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 172/24 | ***അടങ്കൽ*** | ***9,79,000 രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ്)*** |
|---|---|---|
| ***പേര്*** | ***ആരിക്കാടി ചെറിയ കുന്നിൽ കുടിവെള്ള പദ്ധതി*** | |

കുമ്പള ഗ്രാമപഞ്ചായത്തിൽ ആരിക്കാടി പ്രദേശത്ത് പൈപ്പ്ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ആരിക്കാടി പുത്തിഗൈ PWD റോഡിനോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കണം. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള NOC ഉപാധികളോടെ PWD നൽകിയിട്ടുണ്ട്. ഇവിടെ വാട്ടർ ടാങ്ക് നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ടാങ്ക് നിർമ്മിച്ചാലും റോഡ് ഗതാഗതത്തിന് തടസ്സമുണ്ടാകില്ല എന്നറിയിച്ചിട്ടുണ്ട്.

**<u>06.03.2024 ലെ തീരുമാനം</u> :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ KWA ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, KWA**<br>2)**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**<u>2.8 ഖണ്ഡിക 4.53</u>**

**<u>ചെല്ലാനം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2023-ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG/1623/2023 - CC/890/23)**

**വിഷയം:-** കടലാക്രമണം തടയുന്നതിന് മണൽ ബണ്ട് നിർമ്മിച്ചതിന്റെ ബാക്കി തുക നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 219/24 | ***അടങ്കൽ*** | ***15,00,000 രൂപ (തനത് ഫണ്ട്)*** |
|---|---|---|
| ***പേര്*** | ***കടലാക്രമണം തടയുന്നതിന് മണൽ ബണ്ട് നിർമ്മിക്കൽ അനുബന്ധ പ്രവൃത്തികൾ*** | |

കടലിനും കായലിനും ഇടയിലാണ് ചെല്ലാനം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. സംസ്ഥാന സർക്കാർ ടെട്രോപാഡ് ഉപയോഗിച്ച് 7.5 കിലോമീറ്റർ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി 10 കിലോമീറ്ററോളം കടൽ ഭിത്തി ഇല്ലാത്ത പ്രദേശത്ത് ഈ വർഷം മണൽ ബണ്ട് നിർമ്മിക്കാൻ 4.95 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കടൽ ഭിത്തി നിർമ്മിച്ചുവെങ്കിലും കടലാക്രമണത്തിൽ തകർന്നു. തുടർന്ന് വീണ്ടും ജിയോ ബാഗുകളിൽ മണൽ നിറച്ച് സംരക്ഷണഭിത്തി തയ്യാറാക്കി. ഇതിനായി ആകെ 22,88,951 രൂപ ബിൽ തുകയായി. ആദ്യത്തെ പ്രോജക്ട് തുകയ്ക്ക് (4.95 ലക്ഷം രൂപ) ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല. ആകെയുള്ള ബിൽ തുകയിൽ ആദ്യം തയ്യാറാക്കിയ പ്രോജക്ടിൽ നിന്ന് 4,56,660 രൂപയും റവന്യൂ വകുപ്പ് അനുവദിച്ച 4.00 ലക്ഷം രൂപയും കരാറുകാരന് നൽകി. ബാക്കി തുകയായ 14,32,291 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. .

**06.03.2024-ലെ തീരുമാനം** :-ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.8 ഖണ്ഡിക 4.60**

**കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്**

**കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 21.06.2023-ലെ കത്ത് (SRG/908/2023)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് നിർദ്ദേശം ബുക്ക് മാർക്ക് സെക്രട്ടറി നൽകിയിരിക്കുന്നു. മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 2000 ബുക്കുകൾ, മെഡിക്കൽ & എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ, സ്പോക്കൺ ഇംഗ്ലീഷ്, മത്സര പരീക്ഷ, IAS, KAS മത്സര പരീഷ, പൊതുവിജ്ഞാനം എന്നിവയുടെ ഡിജിറ്റൽ കോപ്പികളാണ് ഇ-ലൈബ്രറി കൊണ്ടുദ്ദേശിക്കുന്നത്. മുകളിൽ പറഞ്ഞവയുടെ ലൈസൻസോടെയുള്ള ഇ-ബുക്ക് ലഭ്യമാക്കുന്നു. 5 കമ്പ്യൂട്ടർ, കസേര, മേശ, UPS, വൈദ്യുതീകരണമടക്കമുള്ള കേബിൾ സൗകര്യം, പരിശീലനം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ. കമ്പ്യൂട്ടറിന് 3 വർഷം വാറന്റി നൽകുമെന്നും ഓർഡർ ലഭിക്കുന്ന മുറയ്ക്ക് 3 ആഴ്ചയ്ക്കകം ഇവ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമില്ലാതെയും ഇ-ലൈബ്രറി സൗകര്യം ലഭ്യമാക്കുന്നതാണ്. ഇത് നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണമുണ്ടാകണമെന്നതു സംബന്ധിച്ച്.

**06.03.2024-ലെ തീരുമാനം** :- ഈ പ്രൊപ്പോസൽ ബുക്ക് മാർക്ക് സെക്രട്ടറിയുമായി ചർച്ച ചെയ്ത് ചെലവടക്കമുള്ള കാര്യങ്ങളിൽ റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.06.2024 ന നൽകിയ റിപ്പോർട്ട്:-** രണ്ടു രീതിയിൽ പഞ്ചായത്തുകളിൽ ഇ-ലൈബ്രറി സ്ഥാപിക്കാവുന്നതാണ്.

1. പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകളുടെ സൗകര്യം ലഭ്യമാണെങ്കിൽ ആ കമ്പ്യൂട്ടറുകളിൽ ഇ-ലൈബ്രറി സംവിധാനം സജ്ജമാക്കാവുന്നതാണ്. ആയതിന് എസ്റ്റിമേറ്റ് പ്രകാരം 6,75,000 രൂപ യാണ് . (വിശദമായ റിപ്പോർട്ട് പ്ലാൻ A ആയി ചേർക്കുന്നു).
2. കമ്പ്യൂട്ടറുകളുടെ സൗകര്യം ഇല്ലാത്തപക്ഷം കമ്പ്യൂട്ടറുകളോട്ടുകൂടി ഇ-ലൈബ്രറി സ്ഥാപിക്കുന്നതിന് 10,45,000 രൂപ ചെലവാകും. വിശദമായ റിപ്പോർട്ട് പ്ലാൻ B ആയി ചേർക്കുന്നു. ഇതിനായി പഞ്ചായത്ത് കുറഞ്ഞത് 150 സ്ക്വയർ ഫിറ്റ് വിസ്തീർണ്ണമുള്ള സ്ഥലം ലഭ്യമാക്കേണ്ടതാണ്. ഇതിൽ കമ്പ്യൂട്ടർ, മേശ, കസേര,യു.പി.എസ്. ബാറ്ററി, കേബിളിംഗ് എന്നിവയോട് കൂടിയുള്ള ടോട്ടൽ സൈല്യൂഷനിലൂടെ ഇ-ലൈബ്രറി സജ്ജമാക്കാവുന്നതാണ്.

| | Product | Qty | Price |
|---|---|---|---|
| Plan A | e-Library solution<br><br>eBooks 2000 nos, Objective type question and answers for Medical & Engineering entrance exams<br>Question and answers for Bank test, PSC exams and other competitive exams,<br>Contents for IAS and KAS competitive | 1 | 6,75,000 |

| | | | |
|---|---|---|---|
| | exams Video explaining how to enjoy Kathakali<br>Chemistry video lab<br><br>Visual dictionary etc<br><br>Content management system. The application will have a user registration section, where user will be provided with a user name and password. The user can read books from this application as the feeling of live reading, option for zoom, find, index, etc.., for book reading is provided. The number of books read by each user can be recorded. | | |
| Plan B | The above-mentioned contents in 1 Corei5 computer as server and 5 Corei3 computers, 6 tables and chairs, UPS with battery backup of 2 hours, labour and material cost for the electrification of 6 computer points and one point for networking switch and labour and material cost of Data cabling, fixing of rack for networking, Setting up of Infrastructure, Installation and Training. | | 10,45,000 |

Terms & Conditions
1. Warranty- 3 years for computers, software and contents, 2 years for battery.
2. Delivery-within 3 weeks from the date of confirmed order.
3. Price quoted is inclusive of setting up the infrastructure, installation, and hand holding the concerned authorities, GST extra as actuals.

**06.06.2024 –ലെ തീരുമാനം:–** സാംസ്കാരിക വകുപ്പിന് കീഴിലാണ് ബുക്ക് മാർക്ക് പ്രവർത്തിക്കുന്നത് എന്ന് യോഗം നിരീക്ഷിച്ചു. ഇതിന്മേൽ ലൈബ്രറി കൗൺസിലിന്റെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.8 ഖണ്ഡിക 4.67**

**കോടഞ്ചേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2024–ലെ കത്തും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.07.2023, 29.02.2024, 04.03.2024 എന്നീ തീയതികളിലെ SC4–1705/23–ാം നമ്പർ കത്തും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.06.2023–ലെ 11(1)–ാം നമ്പർ തീരുമാനവും (SRG/24/24 – CC/477/2023)**

**വിഷയം:–** കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്.

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ഇനി പറയുന്ന നിർമ്മാണ പ്രവൃത്തികൾക്കായി 2020–21, 2021–22 വർഷം 5 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

| ക്രമ നം | പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
|---|---|---|---|---|
| 1 | 461/21 | ബസ് സ്റ്റാന്റ് – ടോയിലറ്റ് ടേക്ക് എ ബ്രേക്ക് | 8,94,000 (CFC Tied) | 2,74,486 |
| 2 | 482/21 | ടേക്ക് എ ബ്രേക്ക് ടോയിലറ്റ് കൺസ്ട്രക്ഷൻ | 3,87,900 (CFC Tied) | NIL |
| 3 | 156/22 | ടേക്ക് എ ബ്രേക്ക് ടോയിലറ്റ് കൺസ്ട്രക്ഷൻ | 4,90,000 (CFC Tied) | 4,88,917 |
| 4 | 204/22 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ വിപുലീകരണം – തുടർ പ്രവൃത്തികൾ | 12,00,000 (CFC Tied) | 11,99,160 |
| 5 | 294/22 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ ഇലക്ട്രിഫിക്കേഷൻ | 1,00,000 | 19,62,563 |
| | | **ആകെ** | | **19,62,563** |

ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണത്തോടൊപ്പം ഗാർഡൻ, ഇന്റർലോക്ക് എന്നീ അധിക പ്രവൃത്തികളും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരമാണ് അധിക പ്രവൃത്തി ചെയ്തത്. ഈ തുക നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരനായ ശ്രീ.കെ.എം. ഗോപാലകൃഷ്ണൻ, കുന്നത്തുവീട് ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ ഹർജി ഫയൽ ചെയ്തു. പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാൻ 07.11.2023 ൽ 752/23 നമ്പർ പ്രകാരം ബഹു. ഓംബുഡ്സ്മാൻ ഉത്തരവായി. തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം അധിക പ്രവൃത്തിയുടെ വാല്യുവേഷൻ തുക 6,16,561 രൂപയാണ്. ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവിന്മേൽ ഗ്രാമപഞ്ചായത്ത് ബഹു.ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ബഹു.ഓംബുഡ്സ്മാന്റെ ഉത്തരവ് ബഹു.ഹൈക്കോടതി 05.03.2024 വരെ സ്റ്റേ ചെയ്തിട്ടുണ്ട്.

മുകളിൽ പറഞ്ഞ അധിക പ്രവൃത്തിയുടെ വാല്യുവേഷൻ തുക നൽകുന്നതിന് ഈ വർഷം 388/24–ാം നമ്പർ പ്രോജക്ട് പ്രകാരം 8,50,000 രൂപയുടെ പ്രോജക്ട് (CFC Tied Grand 7,14,213 രൂപ, SBM 1,35,787 രൂപ) ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക പ്രവൃത്തിയുടെ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

<u>**06.03.2024 ലെ തീരുമാനം**</u> :–എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത അധിക പ്രവൃത്തി ആയതിനാൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഇതിന്മേൽ കാലതാമസമൊഴിവാക്കി 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുന്നു.

<u>**13.08.2024 ൽ നൽകിയ റിപ്പോർട്ട്**</u> :– ഗാർഡൻ, ഇന്റർലോക്ക് എന്നീ അധിക പ്രവൃത്തികൾ കൂടി കരാറുകാരന്റെ സന്നദ്ധതയ്ക്കനുസരിച്ച് നടപ്പാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ഭരണസമിതി അറിയിച്ചതനുസരിച്ചാണ് ഇവ ചെയ്തത്. അധികമായി ചെയ്ത പ്രവൃത്തികളുടെ വാല്യുവേഷൻ തുക 6,16,560 രൂപയാണ്. ഇത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കരാറുകാരന് ബിൽ തുക നൽകാവുന്നതാണെന്നറിയി ച്ചിട്ടുണ്ട്.

**13.08.2024 –ലെ തീരുമാനം:–** ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്ത പ്രകാരം ഈ തുക നൽകാൻ അനുമതി നൽകുന്നു. എന്നാൽ ഇത്തരം വീഴ്ചകൾ ഇനി ഉണ്ടാകരുതെന്ന് അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിക്കുന്നു

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ്** |
|---|---|

## 2.9 കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.9 ഖണ്ഡിക 3.7**
**തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തികൾ**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തികളുടെ വിവരങ്ങൾ R-track ആപ്ലിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. അതിനാൽ 2024-25 വർഷം റോഡ് മെയിന്റനൻസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക മാത്രമേ നിലവിലുള്ള റോഡ് ഡേറ്റയെ (ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശേഖരിച്ച ഡേറ്റ) അടിസ്ഥാനമാക്കി വിഭജിച്ചു നൽകിയിട്ടുള്ളൂ. ഏപ്രിൽ മെയ് മാസങ്ങളിലായി വിവരശേഖരണം പൂർത്തിയാക്കി ജൂൺ ആദ്യം വിഹിതം പൂർണ്ണമായും വിഭജിച്ചു നൽകുമെന്നാണ് അറിയിച്ചിരുന്നത്. അതിനാൽ വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം വിവരശേഖരണ പ്രക്രിയ പൂർത്തിയാക്കി ഫണ്ട് പൂർണ്ണമായും വിഭജിച്ചു നൽകണം. റോഡ് ആസ്തികളുടെ വിവരങ്ങൾ തയ്യാറാക്കുന്ന പ്രക്രിയ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന ക്രമീകരണം ഏർപ്പെടുത്തി.

I. ആസ്തികളുടെ വിവരശേഖരണം 2024 ജൂൺ 15നകം പൂർത്തിയാക്കാൻ ആവശ്യമായ നടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കണം.

II. 2024 ജൂൺ 15 മുതൽ 20നകം പുതുക്കിയ ആസ്തി രേഖകൾ പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാരം തേടണം.

III. ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനും തീർപ്പാക്കുന്നതിനും ജില്ലാതലത്തിൽ താഴെപ്പറയുന്ന രീതിയിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം.

| | |
|---|---|
| ജില്ലാ ആസൂത്രണസമിതി ചെയർമാൻ | ചെയർമാൻ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് | കൺവീനർ |
| ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് | മെമ്പർ |
| ജില്ലാ പഞ്ചായത്ത് സെക്രട്ടറി | മെമ്പർ |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേന്റെ ഒരു പ്രതിനിധി | മെമ്പർ |
| മുനിസിപ്പൽ ചേംബറിന്റെ ഒരു പ്രതിനിധി | മെമ്പർ |

IV. ആസ്തി വിവരങ്ങൾ സംബന്ധിച്ച് പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഇതു പരിശോധിച്ചും ചർച്ച ചെയ്തും ജൂൺ 30-നകം ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി പരിഹരിക്കണം.

V. സംസ്ഥാനതലത്തിൽ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കണം

| | |
|---|---|
| പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് | കൺവീനർ |
| എസ്.ആർ.ജി. ചെയർമാൻ | മെമ്പർ |
| ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് | മെമ്പർ |
| ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റ്/സെക്രട്ടറി | മെമ്പർ |
| ജില്ലാ പഞ്ചായത്ത് അസോസിയേഷൻ ചേംബർ പ്രതിനിധി | മെമ്പർ |
| മുനിസിപ്പൽ ചേംബർ പ്രതിനിധി | മെമ്പർ |

VI. ആസ്തിശേഖരിക്കുന്നതിന് ആവശ്യമായ മനുഷ്യവിഭവശേഷി ഉപയോഗിക്കുന്നതിനും വാഹന സൗകര്യമൊരുക്കാനും തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും വിഹിതം ഉപയോഗിക്കാവുന്നതാണ്.

ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെയും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി. ഇത് സർക്കുലറായി ഇന്നു തന്നെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ജോയിന്റ് ഡയറക്ടർമാരെയും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കണം. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടിയും റിപ്പോർട്ടും.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച സമയക്രമം പാലിച്ച് ആസ്തി വിവരങ്ങൾ ശേഖരിക്കണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങളിലെ എല്ലാ എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അവലോകനം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**13.08.2024 -ലെ തീരുമാനം:-** ആസ്തി വിവരങ്ങൾ ശേഖരിച്ച് അന്തിമമാകുന്ന നടപടി എത്രയും വേഗം പൂർത്തിയാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് പ്രത്യേകമായി യോഗം കൂടുവാൻ തീരുമാനിച്ചു. ഇതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>3)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**2.9 ഖണ്ഡിക 3.8**

**കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള പ്രോജക്ടുകൾ**

തദ്ദേശഭരണസ്ഥാപനങ്ങളുടെ കുടിവെള്ള പ്രോജക്ടുകൾ KWA മുഖേന ഡിപ്പോസിറ്റ് വർക്കായാണ് നടപ്പാക്കുന്നത്. എന്നാൽ KWA മുഖേനയുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. ഓരോ വർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ അതത് വർഷം തന്നെ പൂർത്തിയാക്കാൻ നിർദ്ദേശം നൽകുന്നു. ഇതിനായി യോഗത്തിൽ KWA ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായം തേടി താഴെ പറയുന്ന നിർദ്ദേശം നൽകുന്നു.

(i) KWA മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റ് സാമ്പത്തികവർഷം ആരംഭിക്കുന്നതിനു മുൻപോ ഏപ്രിൽ മാസത്തിലോ എസ്റ്റിമേറ്റ് തയ്യാറാക്കാൻ KWAക്ക് വിശദാംശം സഹിതം കത്ത് നൽകണം. പ്രവൃത്തികളുടെ ഫീസിബിലിറ്റി പരിശോധിച്ച് KWA ഒരു മാസത്തിനകം എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിനെ കൃത്യമായി അറിയിക്കണം. ഒപ്പം തദ്ദേശഭരണസ്ഥാപനം അടയ്ക്കേണ്ട തുക എത്രയാണെന്ന് KWA തദ്ദേശഭരണ സ്ഥാപനത്തിനു കൃത്യമായി നൽകണം. ഇപ്രകാരം KWA അറിയിച്ച തുക മാത്രമേ KWAക്ക് കൈമാറാവൂ. തുക കൈമാറുമ്പോൾ പ്രസ്തുത തുക ഏത് പ്രവൃത്തിക്കാണ് ഡിപ്പോസിറ്റ് ചെയ്തിരിക്കുന്നതെന്ന് വിശദാംശം സഹിതം തദ്ദേശഭരണസ്ഥാപന സെക്രട്ടറി KWA-യെ അറിയിക്കണം. ഈ പ്രക്രിയ ജൂൺ മാസത്തോടെ പൂർത്തിയാക്കണം. എസ്റ്റിമേറ്റിൽ മാറ്റം വന്നാൽ അധികമായി ആവശ്യമുള്ള തുക KWA തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കണം. തുക കൈമാറുന്ന വർഷം തന്നെ KWA പ്രവൃത്തി പൂർത്തിയാക്കണം. എസ്റ്റിമേറ്റ് തയ്യാറാക്കാതെ തുക KWAക്ക് കൈമാറരുത്. പ്രവൃത്തി പൂർത്തിയായാലുടൻ KWA തദ്ദേശഭരണസ്ഥാപനത്തിന് Utilization Certificate നൽകണം. എസ്റ്റിമേറ്റ് തയ്യാറാക്കാതെ സാമ്പത്തികവർഷാവസാനം KWA-ക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്ന രീതി ഒരു കാരണവശാലും പാടില്ല. KWA പ്രവൃത്തികളുടെ നടത്തിപ്പും പൂർത്തീകരണവും KWAയുടെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രത്യേകം മോണിറ്റർ ചെയ്യണം.

(ii) KWAക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് KWA അനുമതിയോടെയാണെന്ന് ഉറപ്പാക്കാൻ ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെ (Software Mechanism) ഉറപ്പാക്കാൻ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. അതിനായി ട്രഷറി ഡയറക്ടർ, KWA ചീഫ് എഞ്ചിനീയർ, ഐ.കെ.എം എന്നിവരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ എസ്.ആർ.ജി യെ ചുമതലപ്പെടുത്തി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** മുകളിൽ പറഞ്ഞ രണ്ടു വിഷയങ്ങളും കേരള വാട്ടർ അതോറിറ്റി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അടക്കമുള്ള ഉദ്യോഗസ്ഥരുമായി 27.06.2024-ൽ എസ്.ആർ.ജിയിൽ ചർച്ച ചെയ്ത് താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകാൻ യോഗം തീരുമാനിച്ചിരുന്നു.

കാലതാമസം ഒഴിവാക്കി സുതാര്യമായ രീതിയിൽ KWA യിൽ നിന്ന് എസ്റ്റിമേറ്റും ഫീസിബിലിറ്റിയും ലഭിക്കുന്നതിന് ഒരു സോഫ്റ്റ് വെയർ മെക്കാനിസം രൂപപ്പെടുത്താൻ

KWA നടപടി സ്വീകരിക്കും. താഴെപ്പറയുന്ന രീതിയിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കുന്നത്. പ്രോജക്ട് ആശയം രൂപപ്പെടുമ്പോൾ തന്നെ തദ്ദേശഭരണസ്ഥാപനം KWA യോട് ഫീസിബിലിറ്റിയും എസ്റ്റിമേറ്റും ഈ സോഫ്റ്റ് വെയറിലൂടെ ആവശ്യപ്പെടണം. കാലതാമസമൊഴിവാക്കി ഫീസിബിലിറ്റിയും എസ്റ്റിമേറ്റും KWA തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറണം. KWA മുഖേന ചെയ്യുന്ന വിവിധ പ്രവൃത്തികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടക്കമുള്ള രേഖകളുടെയും ആശയങ്ങളുടെയും കൈമാറ്റം സാധിക്കും വിധം വേണം സോഫ്റ്റ് വെയർ തയ്യാറാക്കേണ്ടത്. ഇതിനാവശ്യമായ സോഫ്റ്റ് വെയർ കുറ്റമറ്റതാക്കി KWA ലഭ്യമാക്കും. ഇത് തയ്യാറാകുന്ന മുറയ്ക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ മാർഗ്ഗരേഖ തയ്യാറാക്കി തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കണം.

ട്രഷറിയുടെയും ഐ.കെ.എം. ന്റേയും സോഫ്റ്റ് വെയറുമായി ബന്ധപ്പെടുത്തി തുക ഡെപ്പോസിറ്റ് ചെയ്യുന്ന രീതി ഇപ്പോൾ പരിഗണിക്കുന്നതിൽ ബുദ്ധിമുട്ടുണ്ട് എന്ന കാര്യം കോഓർഡിനേഷൻ കമ്മിറ്റിയെ അറിയിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**13.08.2024-ലെ തീരുമാനം:-** ഇതു സംബന്ധിച്ച് KWA യുമായി ചർച്ച ചെയ്ത് SRG നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയർ എത്രയും വേഗം തയ്യാറാക്കി നൽകാൻ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതിനുശേഷം ഇതു സംബന്ധിച്ച നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

(iii) വളരെ വർഷം മുമ്പ് സ്ഥാപിച്ച പൊതു ടാപ്പുകളുടെ അടിസ്ഥാനത്തിലാണ് പല തദ്ദേശഭരണ സ്ഥാപനങ്ങളിലും കുടിവെള്ള ചാർജ് KWA ഈടാക്കുന്നത്. KWAയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവും 2024 ജൂലൈ 31 നകം സംയുക്ത പരിശോധന നടത്തി ഇപ്പോഴുള്ള പൊതു ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള ചാർജ് ഈടാക്കുന്ന രീതി നടപ്പാക്കണം. ഇതിനുവേണ്ട നിർദ്ദേശം KWA ചീഫ് എഞ്ചിനീയർ താഴെതലത്തിലേയ്ക്ക് നൽകണം. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുമായും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുമായും ചർച്ച ചെയ്യാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ റിപ്പോർട്ട്.

**13.08.2024 ൽ നൽകിയ റിപ്പോർട്ട്:-**

KWA ഉദ്യോഗസ്ഥരുമായി 27.06.2024-ൽ ചേർന്ന യോഗ തീരുമാന പ്രകാരം താഴെപ്പറയുന്നവയും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1) അതത് തദ്ദേശഭരണസ്ഥാപനവും KWA എഞ്ചിനീയറും തദ്ദേശഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച തീയതിക്കകം (2024 ജൂലൈ 31) പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന പൂർത്തിയാക്കു വാൻ നടപടി സ്വീകരിക്കണം. ഇപ്രകാരം ജൂലൈ 31-നകം സംയുക്ത പരിശോധന പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനം സ്വന്തമായി പരിശോധന നടത്തി ആവശ്യമില്ലാത്തതും പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതു ടാപ്പുകൾ കണ്ടെത്തി KWA യെ അറിയിക്കണം. നിലവിലെ പൊതു ടാപ്പുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കേണ്ടവയുണ്ടെങ്കിൽ അതിനുള്ള നടപടിയും സ്വീകരിക്കണം. തദ്ദേശഭരണസ്ഥാപനം വിവരം ലഭ്യമാക്കിക്കഴിഞ്ഞ് KWA കഴിവതും വേഗം (15 ദിവസത്തിനകം) ഇത് ക്രോസ് ചെക്ക് ചെയ്ത് തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കണം. ഇങ്ങനെ അറിയിച്ചില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനം സ്വന്തമായി പരിശോധന നടത്തി കണ്ടെത്തിയ പ്രകാരമുള്ള ടാപ്പുകളുടെ എണ്ണമനുസരിച്ച് കുടിവെള്ള ചാർജ്ജ് അടയ്ക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്. ഒപ്പം സംസ്ഥാനത്തെ പൊതു ടാപ്പുകളുടെ എണ്ണം ജിയോ ടാഗിംഗിലൂടെ കണ്ടെത്തി ചിട്ടപ്പെടുത്താൻ KWA നടപടി സ്വീകരിക്കും.

**13.08.2024 ലെ തീരുമാനം:-** KWAയുമായി ചർച്ച ചെയ്ത് SRG നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞ പരിശോധന പൂർത്തിയാക്കിയതിനുശേഷം ഒരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും പൊതുടാപ്പുകളുടെ എണ്ണം നൽകുവാൻ കേരള വാട്ടർ അതോറിറ്റി ചീഫ്

എഞ്ചിനീയറെ ചുമതലപ്പെടുത്തി. സംയുക്ത പരിശോധനയ്ക്കുശേഷം പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണമനുസരിച്ച് കുടിവെള്ളചാർജ്ജ് ഈടാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടിയും അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകണമെന്നത് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി<br>2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**2.9 ഖണ്ഡിക 3.15**
**അടുക്കള നവീകരണം**

അടുക്കള നവീകരിക്കുന്നതിനായി പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. അടുക്കളയുടെ ഉപയോഗം കൂടുതൽ സൗഹാർദ്ദപരമാക്കാനും അടുക്കള ഉപയോഗിക്കുന്നവരുടെ സൗകര്യത്തിനും ആരോഗ്യ സുരക്ഷയ്ക്കും ഈ ആവശ്യം പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് 22.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അഭിപ്രായപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.ആർ.ജി. പരിശോധിച്ച് താഴെപ്പറയുംപ്രകാരം റിപ്പോർട്ട് നൽകി.

അടുക്കള നവീകരണത്തിന്റെ ഭാഗമായി തറ ടൈൽ ഇടുക, സിങ്ക്, സ്ലാബ് സ്ഥാപിക്കുക, റാക്ക് സൗകര്യം ഏർപ്പെടുത്തുക എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുമതി പരിഗണിക്കാവുന്നതാണെന്ന് എസ്.ആർ.ജി. അറിയിച്ചു. പരമാവധി 75,000 രൂപയിൽ പരിമിതപ്പെടുത്തി ധനസഹായം നൽകുന്നതാണ് അഭികാമ്യം. എന്നാൽ ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച പുതിയ വീടുകൾക്ക് ഇപ്രകാരം ധനസഹായം നൽകേണ്ടതില്ല. മുകളിൽ പറഞ്ഞ സൗകര്യം ഇല്ലാത്ത കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ്.

എസ്.ആർ.ജി. നൽകിയ റിപ്പോർട്ട് വിശദമായി പരിശോധിച്ച് Genter Nuetral ആയ വിധത്തിൽ അടുക്കള നവീകരിക്കുന്നതിന് ഏതൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തേണ്ടത്, പരമാവധി നൽകാവുന്ന തുക എത്രയാണ് എന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും. അതിന്റെ മുൻഗണനാ മാനദണ്ഡങ്ങൾ നിർണ്ണയിക്കാൻ എസ്.ആർ.ജി.യെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്<br>2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>3) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.9 ഖണ്ഡിക 4.3**
**<u>കൊടുങ്ങല്ലൂർ നഗരസഭ</u>**

**കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ 29.12.2023-ലെ PH4 - 7200/14-ാം നമ്പർ കത്തുകൾ (രണ്ടെണ്ണം) (SRG/66/2024)**

**വിഷയം:-** കുടിവെള്ള കുടിശ്ശിക ഗഡുക്കളായി അടയ്ക്കുന്നത് സബന്ധിച്ച്

കൊടുങ്ങല്ലൂർ നഗരസഭ KWAക്ക് നൽകേണ്ട കുടിവെള്ള കുടിശ്ശിക 40.00 കോടി രൂപയാണ്. KWAയുമായി ചർച്ച ചെയ്ത് ഇത് ഒറ്റത്തവണ തീർപ്പാക്കലിൽ 14.88 കോടി രൂപയായി കുറവു ചെയ്തു. എന്നാൽ നിർദ്ദേശിച്ച തുക അടയ്ക്കാത്തതിനാൽ ഇപ്പോൾ 17.70 കോടി രൂപ അടയ്ക്കണം. KWA ജപ്തി നടപടി ആരംഭിക്കുമെന്നറിയിച്ചിട്ടുണ്ട്. ഒറ്റത്തവണയായി അടയ്ക്കുന്നതിന് പകരം ഗഡുക്കളായി അടച്ചാൽ മതിയെന്ന് KWAയുമായി ധാരണയായിട്ടുണ്ട്. ഇതിനായി കഴിഞ്ഞ വർഷം (2023-24) 1.00 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (വികസനഫണ്ട് ജനറൽ 75,98,720 രൂപ + സി.എഫ്.സി. ബേസിക് ഗ്രാന്റ് 24,01,280 രൂപ ) ഈ തുക ഗഡുക്കളായി അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>06.06.2024-ലെ തീരുമാനം:-</u>**നഗരസഭ നൽകിയ വിവരങ്ങൾ അനുസരിച്ച് 2014 ൽ 1074 പൊതു ടാപ്പുകൾ ഉണ്ട്. ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന്റെ

ഭാഗമായി KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടന്നുവരികയാണ്. 2014 മുതൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ഫണ്ടിൽ നിന്ന് ധനവകുപ്പ് സ്രോതസ്സിൽ തന്നെ കുറവ് ചെയ്ത് KWAയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭ നേരിട്ടും KWA ക്ക് കുടിവെള്ള ചാർജ്ജ് അടച്ചിട്ടുണ്ട്. ഇവ കോഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. നഗരസഭ റിപ്പോർട്ടിൽ അവ്യക്തതയുണ്ട്.

ഈ സാഹചര്യത്തിൽ നഗരസഭ അധികൃതരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ KWA ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി 2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**2.9 ഖണ്ഡിക 4.6**

**പൊന്നാനി നഗരസഭ**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2024-ലെ കത്തും പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ 02.02.2024-ലെ H1-5060/23 -ാം നമ്പർ കത്തും (SRG/238/24 - CC/79/24)**

**വിഷയം:-** കുടിവെള്ള വിതരണത്തിന് അധികമായി തുക ചെലവഴിച്ചതിന് അനുമതി സംബന്ധിച്ച്

സർക്കാരിന്റെ 06.03.2023-ലെ 564/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേനൽക്കാലത്ത് കുടിവെള്ള വിതരണത്തിന് തനത്/വികസനഫണ്ട് ഉപയോഗിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകിയിരുന്നു. 31.03.2023 വരെ 12.00 ലക്ഷം രൂപയും 01.04.2023 മുതൽ 31.05.2023 വരെ 17.00 ലക്ഷം രൂപയും ചെലവഴിക്കാനാണ് മുനിസിപ്പാലിറ്റികൾക്ക് അനുമതി നൽകിയിരുന്നത്. വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ ജൂൺ 15 വരെയോ മഴ ലഭിക്കുന്നതുവരെയോ കുടിവെള്ള വിതരണം നടത്താമെന്ന് 02.06.2023-ൽ പ്രത്യേക സർക്കാർ ഉത്തരവ് നൽകിയിരുന്നു. ഇതനുസരിച്ച് 2023 ജൂൺ 15 വരെ ആകെ 12,52,200 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ പൊന്നാനി നഗരസഭ പ്രദേശത്ത് കാലവർഷം കനക്കുന്നതോടെ കടൽക്ഷോഭം രൂക്ഷമാകുകയും കടൽതീരത്തെ കുടിവെള്ള സ്രോതസ്സ് മലിനമാവുകയും ചെയ്യും. ഈ പ്രദേശങ്ങളിൽ കാലവർഷക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകും. ഈ സാഹചര്യത്തിൽ നഗരസഭ ജൂൺ മുതൽ സെപ്റ്റംബർ വരെ കുടിവെള്ളം വിതരണം ചെയ്യാറുണ്ട്. മുൻകാലങ്ങളിൽ തനത് ഫണ്ടിൽ നിന്നാണ് തുക നൽകിയിരുന്നത്. സർക്കാർ അനുമതിക്കു പുറമെ ജൂൺ 15 മുതൽ ഒക്ടോബർ 9 വരെ കുടിവെള്ള വിതരണത്തിനു വന്ന ചെലവ് താഴെപ്പറയും പ്രകാരമാണ്. ഈ തുക CFC ടൈഡ് ഗ്രാന്റിൽ നിന്ന് നൽകാനാണ് ഉദ്ദേശിക്കുന്നത്.

| **ക്രമ നം** | **മാസം** | **ചെലവായ തുക (രൂപ)** |
|---|---|---|
| 1 | 15.06.2023 മുതൽ 30.06.2023 വരെ | 1,68,800 |
| 2 | ജൂലൈ | 4,35,200 |
| 3 | ഓഗസ്റ്റ് | 2,78,400 |
| 4 | സെപ്റ്റംബർ | 4,31,840 |
| 5 | 01.10.2023 മുതൽ 09.10.2023 വരെ | 1,40,000 രൂപ |
| | **ആകെ** | **14,54,240 രൂപ** |

ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഈ വർഷവും (2024-25) ഇതേ സാഹചര്യമുണ്ടാകുമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**06.06.2024 -ലെ തീരുമാനം:-**

**1)** മുൻകാലങ്ങളിൽ ഇതിനായി തുക ചെലവഴിച്ചതിന് സർക്കാർ പ്രത്യേകാനുമതി നൽകിയതായി കാണുന്നില്ല എന്ന് യോഗം നിരീക്ഷിച്ചു.

**2)** ജൂൺ മുതൽ ഒക്ടോബർ വരെ കുടിവെള്ള വിതരണം നടത്തേണ്ടതിന്റെ പ്രത്യേക

സാഹചര്യം പരിശോധിച്ച് റിപ്പോർട്ട നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതല പ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** പൊന്നാനിയിൽ 2023 ജൂൺ മാസം മുതൽ രൂക്ഷമായ കടൽക്ഷോഭം സംഭവിച്ചതിനാൽ തീരദേശവാസികൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ജലാശയങ്ങളും കുടിവെള്ള സ്രോതസ്സുകളും ഉപ്പുവെള്ളം കയറി നശിച്ചു. വരൾച്ചാസമയത്ത് നടത്തിക്കൊണ്ടിരുന്ന കുടിവെള്ള വിതരണം നിർത്തിയതിനാൽ പൊതുജനങ്ങൾ പരാതിപ്പെട്ടതിനാലാണ് 29.07.2023-ലെ കൗൺസിൽ തീരുമാനപ്രകാരം മൺസൂൺകാലത്ത് കുടിവെള്ള വിതരണം നടത്തിയത്. 2023 ജൂൺ 1 മുതൽ 14 വരെ കുടിവെള്ളം വിതരണം ചെയ്തതിന്റെ 1,21,600 രൂപയും ജൂൺ 15 മുതൽ ഒക്ടോബർ 9 വരെ കുടിവെള്ള വിതരണം നടത്തിയതിന്റെ 14,54,240 രൂപയും (ആകെ 15,75,840 രൂപ) നൽകണമെന്നാണ് നഗരസഭയുടെ ആവശ്യം. സമാന സാഹചര്യം ഈ വർഷവും ഉണ്ടാകുമെന്നറിയിച്ചിട്ടുണ്ട്. അമൃത് പദ്ധതിയിലൂടെ പൈപ്പ് കണക്ഷൻ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**13.08.024 -ലെ തീരുമാനം:-**

1) 2023-24 ൽ കുടിവെള്ള വിതരണം നടത്തിയതിന് തനത് ഫണ്ടുപയോഗിച്ച് അർഹമായ തുക നൽകാൻ അനുമതി നൽകുന്നു.
2) അമൃത് പദ്ധതിയിലൂടെ ഈ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതുവരെ ഉപ്പുവെള്ളം കയറുന്ന തീരപ്രദേശ ങ്ങളിൽ മാത്രം മറ്റ നടപടിക്രമങ്ങൾ പാലിച്ച് ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ തനത് ഫണ്ട് ഉപയോഗിച്ച് കുടിവെള്ളം വിതരണം ചെയ്യാൻ പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**2.9 ഖണ്ഡിക 4.12**

**<u>പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി</u>**

**പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റെ 29.02.2024-ലെ കത്ത് (SRG/405/24)**

**വിഷയം:-** പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉല്പന്നങ്ങൾ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

കർഷകർക്ക് ആവശ്യമായ വിവിധ ഉല്പന്നങ്ങളുടെ വില്പനയും സർവ്വീസും പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി (PMCS) നടത്തുന്നുണ്ട്. ഇതോടൊപ്പം PMCS വേപ്പിൻ പിണ്ണാക്ക്, ജൈവ ജീവാണു വളങ്ങൾ, കീടനാശിനികൾ എന്നിവയും നിർമ്മിക്കുന്നുണ്ട്. ഇവയ്ക്ക് ക്വാളിറ്റി ടെസ്റ്റ് റിപ്പോർട്ട് ഉണ്ടെന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് കൃഷി വകുപ്പിന്റെ അനുമതിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇവ പരിഗണിച്ച് പരിശോധനയും അന്വേഷണവും നടത്തി ഈ ഉല്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് PMCS-ൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>06.06.2024-ലെ തീരുമാനം:-</u>** PMCS സ്വന്തമായി ഉല്പാദിപ്പിക്കുന്നവ ഏതൊക്കെയാണ് , ഇവയുടെ ഗുണനിലവാരം തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് ലഭിച്ചു.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** **(i)** PMCS സ്വന്തമായി വേപ്പിൻ പിണ്ണാക്കും പിണ്ണാക്ക് പൊടിയും ഉല്പാദിപ്പിക്കുവാനായി കൃഷി വകുപ്പ് 05.05.2022-ൽ ലൈസൻസ് നൽകിയിട്ടുണ്ട്. 04.05.2027 വരെ ഇതിനു കാലാവധിയുണ്ട്.

**(ii)** ട്രൈക്കോഡെർമ - ക്ക് Central Insecticide Board & Registration Committee (CIB & RC) രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും ഉല്പാദന ലൈസൻസിന് ഇതുവരെ അപേക്ഷിച്ചിട്ടില്ല. കൂടാതെ ബയോ പെസ്റ്റിസൈസ്ഡ് ആയ ബ്യൂവേറിയ, സ്യൂഡോ മോണാസ്, വെർട്ടിസിലിയം, മെറ്റാറൈസിയം, സിലോസിസ് എന്നിവയും ജീവാണു വളങ്ങളായ അസോസ്പൈറില്ലം, P

Solubiliser, K Solubiliser എന്നിവയും സംഘം ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും ഇവയൊന്നും CIB & RC രജിസ്ട്രേഷനോ ഉല്പാദന ലൈസൻസോ ഇല്ല.

**13.08.2024 -ലെ തീരുമാനം:-** ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.9 ഖണ്ഡിക 4.13**

**<u>ദി കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്</u>**

**സർക്കാരിന്റെ 20.12.2023-ലെ കത്തും DA1/306/2023-ാം നമ്പർ കത്തും കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 04.12.2023-ലെ KSCMF/FERT/SCHEME -2023-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗ തീരുമാനവും ഖണ്ഡിക 4.3** (SRG/132/24)

**വിഷയം:-** കാർഷിക ഉല്പാദനോപാധികൾ മാർക്കറ്റ് ഫെഡിൽ നിന്നു നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്ന വിത്ത്, വിവിധ ഇനം വളങ്ങൾ, കാർഷിക ഉല്പാദനോപാധികൾ എന്നിവ ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ മാർക്കറ്റ് ഫെഡിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്ന് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് ( മാർക്കറ്റ് ഫെഡ്) എം.ഡി ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗം പരിഗണിച്ച് മാർക്കറ്റ് ഫെഡ് വളം, വിത്ത്, എന്നിവ എവിടെ നിന്നാണ് സംഭരിക്കുന്നത്, ഇതിന്റെ ഗുണനിലവാരം എങ്ങനെ ഉറപ്പാക്കുന്നു, വില എങ്ങനെയാണ് നിശ്ചയിക്കുന്നത് എന്നിവ സഹിതം നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് ഇനി പറയും പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.
ഇന്ത്യയിലെ പ്രമുഖ രാസവള ഉല്പാദക വിപണന സ്ഥാപനങ്ങളായ IFFCO, FACT, RCF, KRI BHCO, MFL, IPL തുടങ്ങിയ സ്ഥാപനങ്ങളുടെ കേരളത്തിലെ മാർക്കറ്റും അംഗീകൃത സംസ്ഥാനതല ഡിസ്ട്രിബ്യൂട്ടറും ആയി മാർക്കറ്റ് ഫെഡ് പ്രവർത്തിക്കുന്നുണ്ട്. വളങ്ങൾക്ക് FCO നിർദ്ദേശിക്കുന്ന ഗുണമേന്മ ഉറപ്പു വരുത്തുന്നുണ്ട്. ഉല്പാദക സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന വിലയ്ക്കാണ് വിൽക്കുന്നത്. എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, കടല പിണ്ണാക്ക് തുടങ്ങിയവ അംഗീകൃത ഉല്പാദകരിൽ നിന്നാണ് വാങ്ങുന്നത്. വിത്തുകൾ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും വാങ്ങി സ്ഥാപനം നിശ്ചയിക്കുന്ന വിലയ്ക്ക് നൽകുന്നു.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാർക്കറ്റ് ഫെഡിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ കൂടാതെ മുകളിൽ പറഞ്ഞവ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>06.06.2024-ലെ തീരുമാനം:-</u>** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കൃഷിവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>13.08.2024 ൽ നൽകിയ റിപ്പോർട്ട്:-</u>** കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷനിൽ നിന്ന് (മാർക്കറ്റ് ഫെഡ്) റെയ്ഡ്കോ, കെയ് ക്കോ എന്നീ സ്ഥാപന ങ്ങളെപ്പോലെ വളങ്ങൾ കൃഷി ഭവൻ വഴി പ്രത്യേക ടെണ്ടറും കൊട്ടേഷനും ഇല്ലാതെ നേരിട്ട് സംഭരിക്കാൻ കഴിയുന്ന സ്ഥാപനമായി ഉൾപ്പെടുത്താൻ ബഹു.കൃഷി വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ഇത് കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പരിഗണനയിലാണ്. ഈ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല എന്ന് സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

**13.08.2024-ലെ തീരുമാനം:-** ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3. പൊതു വിഷയം
==================

### 3.1 ചെലവഴിക്കപ്പെടാത്ത ഐ.എ.വൈ.വിഹിതത്തിന്റെ ഉപയോഗം

കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022-ലെ യോഗ തീരുമാനപ്രകാരമുള്ള 03.02.2022 തീയതിയിലെ 220/2022/തസ്വഭവ നമ്പർ ഉത്തരവനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചെലവഴിക്കാതെ കിടക്കുന്ന ഐ.എ. വൈ. വിഹിതം 2022-23 വർഷം തന്നെ ലൈഫ്/PMAY ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയിരുന്നു. എന്നാൽ ചില ബ്ലോക്ക് പഞ്ചായത്തുകൾ ഈ വിഹിതം 2022-23 വർഷം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല. ഇപ്രകാരം ചെലവഴിക്കപ്പെടാതെ IAY വിഹിതം ഇനിയും ഉണ്ടെങ്കിൽ ഈ തുക ഈ വർഷം (2024-25) തന്നെ ലൈഫ്/PMAY ഭവന പദ്ധതിക്കായി ചെലവഴിക്കേണ്ടതാണ്. ഈ വിഹിതം പൂർണ്ണമായി ഉപയോഗിച്ചതിനുശേഷം മാത്രമേ വികസനഫണ്ടടക്കം മറ്റു വിഹിതം ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവൂ എന്നു നിർദ്ദേശം നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

### 3.2 അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം

അതിദരിദ്ര കുടുംബങ്ങൾക്ക് ഇവരുടെ ക്ലേശഘടനം/ആവശ്യം അനുസരിച്ച് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചില അതിദരിദ്ര കുടുംബങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണമടക്കമുള്ള വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതിന്റെ ഭാഗമായി ജപ്തി നടപടി നേരിടുന്നുണ്ട്. ഇവരിൽ ചിലർക്കെങ്കിലും വായ്പ തുക തിരികെ അടച്ച് ജപ്തി നടപടിയിൽ നിന്ന് വിമുക്തരാകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഉദാ: ഇന്നത്തെ യോഗ മിനിട്സിന്റെ ഖണ്ഡിക 4.6 ൽ പരാമർശിക്കുന്ന ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബം. ഈ പ്രശ്നം സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ യോഗം തീരുമാനിച്ചു. അതിദരിദ്ര ലിസ്റ്റിലുള്ള 300 കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുത്ത് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ യോഗം ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ്, ഡി.പി. ഡിവിഷൻ<br>2) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്** |

### 3.3 റബ്ബർ ചെടിച്ചട്ടികൾ

ഇന്നത്തെ യോഗത്തിലെ തുടർനടപടി ക്രമനമ്പർ 2.4 ഖണ്ഡിക 4.33 പ്രകാരം റബ്ബർ ബോർഡിന്റെ റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ശുപാർശ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയതനുസരിച്ച് റബ്ബർ ചെടിച്ചട്ടികൾ കൃഷിക്കും മറ്റും ഉപയോഗിക്കാൻ അനുമതി നൽകുന്നു. താഴെപ്പറയുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ചെടിച്ചട്ടികളാണ് ഉപയോഗിക്കേണ്ടത്. ടെണ്ടർ അടക്കമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചാണ് റബ്ബർ ചെടിച്ചട്ടികൾ വാങ്ങേണ്ടത്. പരമാവധി വില താഴെപ്പറയുന്ന നിരക്കിൽ പരിമിതപ്പെടുത്തേണ്ടതാണ്.

1. **GROWBAGS 1.4 mm Thickness**

**Specifications**

| | |
|---|---|
| Height | 10 Inch |
| Diameter | 10.23 Inch |
| Thickness | 1.4 mm |
| Life period/Durability | 6 years |
| Rubber Grow bag Dimensions | Size = 25.5cm W*23CM H |
| Capacity | 10 to 12 Kgs of Poting Mixture – 10 Liters |
| Price | Rs 148/- including GST |

2. OUTDOOR POTS/BAGS 3mm Thickness

Specifications

| | |
|---|---|
| Height | 10 Inch |
| Diameter | 10.23 Inch |
| Thickness | 3 mm |
| Life period/Durability | 8 years |
| Rubber Grow bag Dimensions | Size = 25.5cm W*23CM H |
| Capacity | 10 to 12 Kgs of Poting Mixture – 10 Liters |
| Price | Rs 195/- including GST |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**3.4 <u>അലോപ്പതി മരുന്ന വാങ്ങൽ</u>**

പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022 -ലെ 115/2022/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക 7.64 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ. KMSCL യിൽ നിന്നു മരുന്നു ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും മരുന്നു വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനമടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്ന് വാങ്ങാൻ അനുമതിയുണ്ട്.

എന്നാൽ ജൻഔഷധി അടക്കമുള്ള മുകളിൽ പറഞ്ഞ സപ്ലൈകോ, മാവേലിസ്റ്റോർ, കാരുണ്യ തുടങ്ങിയവയുടെ ഔട്ട് ലറ്റുകൾക്കും പിന്നീട് കൂട്ടിച്ചേർത്ത നീതി സ്റ്റോറുകളുടെ ഔട്ട് ലറ്റുകൾക്കും ചില്ലറ വിൽപ്പനയ്ക്കുള്ള ലൈസൻസ് മാത്രമാണ് ഉള്ളത്. മൊത്ത വിൽപ്പന (Whole Sale) നുള്ള ലൈസൻസ് ഇല്ല. ഈ സാഹചര്യത്തിൽ ഈ വിഷയം ആരോഗ്യവകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ എന്നിവരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴസ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**<br>**2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**3.5 <u>ജലസ്രോതസ്സുകളുടെ പരിപാലനം</u>**

കേരളത്തിലെ ജലസ്രോതസ്സുകൾ മലിനമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ജാഗ്രതയും ഇടപെടലും നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ഡയറക്ടർ, ആരോഗ്യ വകുപ്പ്**<br>2) **തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്** |

## 4. പ്രത്യേക വിഷയം

==================

### 4.1 കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.02.2024-ലെ കത്തും കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.01.2024-ലെ 5(1)-ാം നമ്പർ തീരുമാനവും (SRG/231/24 – CC/60/2024)**

വിഷയം:- വീട്ടു വയറിംഗിനു ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 432/24* | *അടങ്കൽ* | *12,71,793 രൂപ (വികസനഫണ്ട് ജനറൽ – 2,71,793 TSP – 10,00,000 രൂപ )* |
| *പേര്* | *തലവച്ചപ്പാറ കുഞ്ചിപ്പാറ വീട് വയറിംഗ്* | |

മാർഗ്ഗരേഖ പ്രകാരം വീട് വയറിംഗിന് കണക്റ്റഡ് ലോഡ് 500 വാട്ട്സിൽ താഴെയും പ്രതിമാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുമുള്ള കുടുംബത്തിന് 12,287 രൂപ ധനസഹായം നൽകാം. ഒപ്പം 4 പോയിന്റെങ്കിലും ഉണ്ടാകുന്ന രീതിയിൽ എർത്ത് ലീക്ക് സർക്യൂട്ട് ബ്രേക്കർ (ELCB) ഉം ഉണ്ടാകണം. ഇതിന്റെ അടിസ്ഥാനത്തിൽ വീട് വയറിംഗിന് ധനസഹായം നൽകാൻ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് തലവച്ചപ്പാറ, കുഞ്ചിപ്പാറ എന്നീ പട്ടികവർഗ്ഗ നഗറിലെ വീടുകൾ വയറിംഗ് നടത്തി. പട്ടികവർഗ്ഗ നഗറിലേയ്ക്ക് ഭൂമിക്കടിയിലൂടെയാണ് വൈദ്യുതി കേബിൾ വലിച്ചത്. ദുർഘടമായ പ്രദേശമായതിനാൽ ഭാവിയിലെ അധികമായ ആവശ്യങ്ങൾ കൂടി മുന്നിൽ കണ്ടുകൊണ്ടാണ് വീട് വയറിംഗ് നടത്തിയത്. അതിനാൽ കണക്റ്റഡ് ലോഡ് 500 വാട്സിൽ അധികരിക്കും. ഈ പ്രദേശത്തെ പട്ടികവർഗ്ഗ വീടുകളിൽ കാട്ടാനകളെ അകറ്റി നിർത്താൻ വീടിനു ചുറ്റും അധികമായി ബൾബും ഇടേണ്ട സാഹചര്യമുണ്ട്. നിലവിൽ KSEB ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1000 വാട്സിൽ താഴെ കണക്റ്റഡ് ലോഡ് ഉള്ളവർക്ക് സൗജന്യ കണക്ഷൻ നൽകാൻ അനുമതി നിലവിലുണ്ട്. തലവച്ചപ്പാറ, കുഞ്ചിപ്പാറ പട്ടികവർഗ്ഗ നഗറിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് കണക്റ്റഡ് ലോഡിന്റെ പരിധി 500 എന്നത് ഒഴിവാക്കിയും പ്രതിമാസ ഉപഭോഗ നിരക്കിലെ പരിധി ഒഴിവാക്കിയും നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആനശല്യമുള്ള പ്രദേശമാണെന്നതും പട്ടികവർഗ്ഗവിഭാഗത്തിലെ കുടുംബങ്ങൾ ആണ് എന്നതും പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

### 4.2 കുറുവ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.03.2024-ലെ കത്തും കുറുവ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.03.2024-ലെ 10/1-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/379/24 – CC/234/24)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

കുറുവ ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ താമസിക്കുന്ന വിധവയായ ശ്രീമതി പ്രഭാവതി, വട്ടക്കുഴി എന്ന വ്യക്തി 2020 ലൈഫ് ലിസ്റ്റിൽ ക്രമനമ്പർ ഒന്നാമതായി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയുടെ മൂന്ന് മക്കളിൽ മൂത്ത മകൻ ശ്രീ.സുബ്രഹ്മണ്യൻ 80 ശതമാനം അംഗവൈകല്യം ബാധിച്ച കിടപ്പുരോഗിയാണ്. രണ്ടാമത്തെ മകൻ ശ്രീ.വിനോദിന് 40 ശതമാനം അംഗവൈകല്യം ഉണ്ട്. ഇളയമകൻ ശ്രീ. പ്രകാശൻ വിവാഹിതനാണ്. ഈ കുടുംബം ലൈഫ് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ടിട്ടുള്ളതിനാൽ കടം വാങ്ങി വീടിനു തറ നിർമ്മിച്ചു. എന്നാൽ ഇതേ സമയം മറ്റൊരു വാർഡിൽ (വാർഡ് നമ്പർ 9) ചെറിയ മകൻ ഭാര്യവീട്ടുകാരുടെയും നാട്ടുകാരുടെയും സഹായത്തോടെ വീട്ടു നിർമ്മാണം ആരംഭിച്ച് 70 ശതമാനം പൂർത്തിയാക്കി. ഈ വിവരം ഗ്രാമപഞ്ചായത്തിൽ അറിയിച്ചതിനാൽ ലൈഫ് ലിസ്റ്റിൽ നിന്ന് ഈ കുടുംബത്തെ ഒഴിവാക്കി. ലൈഫ് ഗുണഭോക്താവായ ശ്രീമതി പ്രഭാവതിക്കും ഭിന്നശേഷിക്കാരായ മക്കൾക്കും താമസിക്കാൻ വീടില്ലാത്തതിനാൽ ഇവർക്ക് ലൈഫ് ഭവന പദ്ധതിയിൽ അനുവദിച്ച വീട്ടു നിർമ്മിക്കാൻ ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആരോഗ്യവാനായ ഇളയ മകൻ വീടു നിർമ്മിച്ച് കുടുംബത്തിൽ നിന്ന് മാറുമ്പോൾ വിധവയും അംഗവൈകല്യമുള്ള രണ്ട് മക്കളും ഭവന രഹിതരാകുന്ന സാഹചര്യമുണ്ട് എന്ന് യോഗം വിലയിരുത്തി. പ്രത്യേക അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |
|---|---|

**4.3 <u>വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.04.2024-ലെ കത്തും അനുബന്ധരേഖകളും (SRG/394/24 - CC/560/23 )**

**വിഷയം:-** IAY വിഹിതത്തിൽ മിച്ചമുള്ള തുക ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

IAY പദ്ധതിക്കായി ലഭിച്ചതിൽ മിച്ചമുള്ള തുക PMAY(G)/ ലൈഫ് ഭവന പദ്ധതിക്കായി 2022-23 വർഷം ഉപോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ 25.06.2022 വരെ ആകെ 1,14,19,671 രൂപ ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയതിനുശേഷവും 31.03.2023 വരെ 31,48,924 രൂപ ബാക്കിയുണ്ട്. ഈ വിഹിതം ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി നൽകണമന്നതു സംബന്ധിച്ച്.

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.1 ബാധകമാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |
|---|---|

**4.4 <u>കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്</u>**

**കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22.03.2024-ലെ കത്തും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.03.2024-ലെ 114/1 -ാം നമ്പർ തീരുമാനവും (SRG/409/24 )**

**വിഷയം:-** IAY പദ്ധതി പ്രകാരം നിർമ്മിച്ച വീട് വിൽക്കാൻ അനുമതി സംബന്ധിച്ച്

ഇപ്പോൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി സജിനി. സി.പി, കുരുവം പള്ളിൽ എന്ന വ്യക്തി 2015-16-ൽ IAY ഭവന പദ്ധതി പ്രകാരം 2.00 ലക്ഷം രൂപ കൈപ്പറ്റുകയും കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ വീട് നിർമ്മിക്കുകയും ചെയ്തിരുന്നു. സർക്കാർ ഉത്തരവായതു പ്രകാരം 12 വർഷത്തേയ്ക്ക് വീട് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ലെന്ന് ഈ വ്യക്തി കരാർ വച്ചിരുന്നു. ചെങ്കുത്തായ പ്രദേശമായതിനാലും കുടിവെള്ളക്ഷാമം ഉണ്ടായതിനാലും ബന്ധുക്കളുടെയും പ്രദേശവാസികളുടെയും സഹായത്തോടെ 2023-ൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ വീട് വച്ച് താമസം മാറി. മകൾ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയാണ്. ഈ കുട്ടിയുടെ ചികിത്സയ്ക്കും പഠനത്തിനും സാമ്പത്തിക ബാധ്യത തീർക്കുന്നതിനും ബുദ്ധിമുട്ടുണ്ട്. അതിനാൽ IAY പദ്ധതി പ്രകാരം നിർമ്മിച്ച വീടു വിൽക്കുവാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** സർക്കാരിന്റെ 01.07.2024-ലെ 1185/2024/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു. കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന ഭവനം വാസയോഗ്യമാണെന്നും ഈ ഭവനത്തിന്റെ നിർമ്മാണത്തിന് സർക്കാർ സഹായമൊന്നും ലഭിച്ചിട്ടില്ലെന്നും വീടും സ്ഥലവും ഈ വ്യക്തിയുടെ പേരിൽ തന്നെയാണെന്നും ഉറപ്പാക്കണം.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |
|---|---|

### 4.5 ഒറ്റൂർ ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.02.2024, 20.02.2024 എന്നീ തീയതികളിലെ കത്തും ഒറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.07.2023-ലെ 3(1)-ാം നമ്പർ തീരുമാനവും (SRG/212/24 - CC/104/24))**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ ശ്രീമതി. ആശാപ്രകാശ്, കല്ലാംപെറ്റയിൽ എന്ന വ്യക്തി ലൈഫ് 2020 -ൽ ഭൂരഹിത ഭവനരഹിത പദ്ധതിയിൽ അപേക്ഷിച്ചിരുന്നു. അപേക്ഷയുടെ പരിശോധനാ സമയത്ത് സ്വന്തമായി വീടില്ലെന്നും എന്നാൽ പട്ടികജാതി വികസന വകുപ്പ് വഴി ഭൂമി ലഭിച്ചിട്ടുണ്ടെന്നും ശ്രീമതി. ആശാപ്രകാശ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ അറിയിച്ചിരിക്കുന്നു. സാങ്കേതിക തകരാറിനാൽ അപേക്ഷകയുടെ പേരുവിവരം സോഫ്റ്റ് വെയറിൽ ഇല്ല. തുടർന്ന് ഈ വ്യക്തി ബഹു.ഓംബുഡ്സ്മാന് അപേക്ഷ നൽകി (OP No.314/23). അപേക്ഷകയ്ക്ക് ആനുകൂല്യത്തിന് അർഹതയുണ്ടെന്നും സർക്കാരിലേയ്ക്ക് കത്തെഴുതി സാങ്കേതിക പിഴവ് പരിഹരിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ബഹു.ഓംബുഡ്സ്മാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വ്യക്തിയെ ലൈഫ് ഭവന പദ്ധതിയിലെ ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** സാങ്കേതികമായി സംഭവിച്ച പിഴവ് തിരുത്തി ഈ വ്യക്തിയെ ലൈഫ് ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നൽകാൻ അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |
|---|---|

### 4.6 ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.05.2024, 24.05.2024 എന്നീ തീയതികളിലെ കത്തുകളും ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 03.10.2022-ലെ 28-ാം നമ്പർ തീരുമാനവും അനുബന്ധമായി ചേർത്തിരിക്കുന്ന രേഖകളും (SRG/463/24 - CC/189/24)**

**വിഷയം:-** അതിദരിദ്ര കുടുംബത്തിൽപ്പെട്ട ശ്രീമതി.രാധാമണിക്ക് വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി.രാധാമണി വലിയമൂലയിൽ എന്ന വ്യക്തി അതിദരിദ്ര്യലിസ്റ്റിൽ ഉൾപ്പെട്ടതാണ്. 77 വയസ്സുള്ള ഇവർക്ക് മക്കൾ ഇല്ല. ഭർത്താവായ ശ്രീ രവീന്ദ്രനുമായി റെയിൽവെ പുറമ്പോക്കിലാണ് താമസം. 2018 -ൽ PMAY പദ്ധതിയിൽ ഇവർക്ക് വീട്ടു നിർമ്മാണത്തിന് ധനസഹായമായി 4.00 ലക്ഷം രൂപ ലഭിച്ചു. മുഴുവൻ തുകയും കൈപ്പെറ്റിയെങ്കിലും വീട്ടു നിർമ്മാണം പൂർത്തിയായില്ല. വീട് പൂർത്തീകരിക്കുന്നതിന് 2.50 ലക്ഷം രൂപ കൂടി വേണം.

വീടിന് തറ കെട്ടുന്നതിന് ഇവരുടെ പേരിലുള്ള 3 സെന്റ് സ്ഥലവും ബന്ധുവിന്റെ സ്ഥലവും ചെറുന്നിയൂർ സഹകരണ ബാങ്കിൽ ഈടുവച്ച് ശ്രീ.രവീന്ദ്രൻ 50,000 രൂപ വായ്പ എടുത്തിരുന്നു. 3,124 രൂപ മാത്രമാണ് തിരികെ അടച്ചത്. ബാങ്ക് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. രവീന്ദ്രൻ 2020-ൽ ട്രെയിൻ അപകടത്തിൽ മരണപ്പെട്ടു. പലിശ ഒഴിവാക്കി മുതൽ മാത്രം അടച്ചുകൊണ്ട് വായ്പ ക്ലോസ് ചെയ്യാൻ ബാങ്ക് ഭരണസമിതി 02.02.2024-ൽ തീരുമാനമെടുത്തിട്ടുണ്ട്. ബാങ്ക് വായ്പ നൽകുന്ന സമയത്ത് ശ്രീ.രവീന്ദ്രന് 70 വയസ്സായതിനാൽ സഹകരണ വകുപ്പിന്റെ റിസ്ക് ഫണ്ട് പദ്ധതിയിൽപ്പെടില്ല എങ്കിലും റിസ്ക് ഫണ്ട് നൽകണമെന്ന് സഹകരണ റിസ്ക് ഫണ്ട് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെടാൻ

ബാങ്ക് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബമെന്ന നിലയിൽ വയറിംഗ് അടക്കം വീട് പൂർത്തീകരിക്കാനാവശ്യമായ 2.50 ലക്ഷം രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**4.7 തെക്കുംകര ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.05.2024-ലെ കത്തും തെക്കുംകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.02.2024-ലെ കത്തും. (SRG/465/24 - CC/70/24)**

**വിഷയം:-** വീട് പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 271/24* | *അടങ്കൽ* | *2,50,000 രൂപ* |
| | | *(തനത് ഫണ്ട് -50,0000 രൂപ)* |
| | | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,00,000)* |
| *പേര്* | *അതിദരിദ്രർക്ക് വീട് റിപ്പയർ* | |

തെക്കുംകര ഗ്രാമപഞ്ചായത്തിലെ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും മാനസിക വെല്ലുവിളി നേരിടുന്നതുമായ രാജേഷ് മുട്ടിക്കൽ എന്നയാളുടെ കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ 2023-24-ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. മാർഗ്ഗരേഖ പ്രകാരം 1.00 ലക്ഷം രൂപയാണ് നൽകാവുന്നത്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഭവനപുനരുദ്ധാരണത്തിന് 1.48 ലക്ഷം രൂപ വേണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ ഗുണഭോക്താവിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എസ്റ്റിമേറ്റ് തുകയായ 1.48 ലക്ഷം രൂപയും നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അതിദരിദ്ര വിഭാഗത്തിൽപ്പെട്ടതും മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിയുമായതിനാൽ എസ്റ്റിമേറ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് നേരിട്ട് നിർമ്മാണം നടത്തണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**4.8 കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്**

**കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.05.2024-ലെ കത്തും ലൈഫ് ജില്ലാ കോഓർഡിനേറ്ററുടെ 29.05.2024-ലെ LM/KSGD/23/2024-ാം നമ്പർ കത്തും (SRG/519/24 - CC/599/24)**

**വിഷയം:-** ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

ലൈഫ് 2020 ഭവന ലിസ്റ്റിൽ ശ്രീമതി.ശ്യാമള കൃഷ്ണൻകുട്ടി, തോട്ടുവാളി, ചീമേനി എന്ന വ്യക്തി 142-ാം നമ്പരായി ഉൾപ്പെട്ടിട്ടുണ്ട്. ശ്രീമതി. ശ്യാമള കൃഷ്ണൻകുട്ടിയുടെ കുടുംബം 2010 മുതൽ ചെങ്ങറ ഭൂസമരവുമായി ബന്ധപ്പെട്ട് സർക്കാർ പതിച്ചു നൽകിയ 25 സെന്റ് സ്ഥലത്ത് ഷീറ്റ് കെട്ടിയ ഒറ്റമുറി ഷെഡിലാണ് താമസിക്കുന്നത്. ലൈഫ് ഭവന പദ്ധതിയിൽ ചെങ്ങറ സമരത്തിന്റെ ഭാഗമായി പാർപ്പിച്ച കുടുംബത്തിന് പ്രത്യേക പരിഗണന നൽകിയിരുന്നില്ല

എന്ന് ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ കുടുംബത്തിന് പ്രത്യേക പരിഗണന നൽകി മുൻഗണനയിൽ മാറ്റം വരുത്തി ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാവുന്നതാണെന്ന് ലൈഫ് മിഷൻ കാസർഗോഡ് ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** മുൻഗണനാ ക്രമം മാറ്റണമെന്ന ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**4.9 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് സ്ഥലം വാങ്ങൽ**

**സർക്കാരിന്റെ 17.02.2024-ലെ DA1/64/2024-ാം നമ്പർ കത്തും കേന്ദ്ര ജൽശക്തി മന്ത്രാലയത്തിന്റെ 18.01.2024 -ലെ 18020/43/2022/ SBM/DDWS നമ്പർ കത്തും (SRG/203/24)**

വിഷയം:- സ്ഥലം വാങ്ങുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുന്നതിന് സ്പഷ്ടീകരണം

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിനും ശുചിത്വ മേഖലയിൽ MCF പോലുള്ളവ നിർമ്മിക്കുന്നതിനും സ്ഥലം വാങ്ങാൻ കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെടാൻ 26.09.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് കേന്ദ്ര ജലശക്തി മന്ത്രാലയത്തിന് കത്തു നൽകിയെങ്കിലും ഈ ആവശ്യത്തിനായി സ്ഥലം വാങ്ങുന്നതിന് കേന്ദ്രധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ അറിവിലേയ്ക്കായി നൽകിയതു സംബന്ധിച്ച്.

**തീരുമാനം :-**

1) വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല എന്ന് തദ്ദേശഭരണ സ്ഥാപനങ്ങളെ സർക്കുലറിലൂടെ അറിയിക്കാൻ തീരുമാനിച്ചു.
2) MCF സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് CFC ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ കഴിയുമോ എന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തോട് സ്പഷ്ടീകരണം ആരായാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ/എഫ്.എം) വകുപ്പ്** |

**4.10 വള്ളികുന്നം ഗ്രാമപഞ്ചായത്ത്**

**സർക്കാരിന്റെ 06.01.2024-ലെ DA1/444/2023 / തസ്വഭവ നമ്പർ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.10.2023-ലെ LSGD/PD/51304/23 -ാം നമ്പർ കത്തും വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.02.2024-ലെ 1(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും** (SRG/43/24)

**വിഷയം:-** ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച്

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ സ്ഥല സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. അതിനായി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട്ടു ചേർന്ന് ശ്രീ. പ്രസന്നകുമാരൻ ഉണ്ണിത്താന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിൽ നിന്നും 10.12 ആർ സ്ഥലം (ബ്ലോക്ക് നം.5, റീ സർവ്വേ നമ്പർ 333/18-4, 333/18-5-2, 333/18-3-2) വാങ്ങാൻ

ഉദ്ദേശിക്കുന്നു. മാവേലിക്കര തഹസിൽദാർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഒരു സെന്റ് സ്ഥലത്തിന് 2,00,808 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്ഥലമുടമ അന്തിമമായി നിശ്ചയിച്ചിരിക്കുന്ന വില 2,49,000 രൂപയാണ്. സർക്കാർ ഉത്തരവനുസരിച്ച് റവന്യൂ അധികാരികൾ നിശ്ചയിച്ച വിലയെക്കാൾ 30 ശതമാനം അധികവില നൽകാം. എന്നാൽ ഇപ്രകാരം അധിക വില നൽകുന്നതിന് (സൊലേഷ്യം) ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുക്കണം. എന്നാൽ സൊലേഷ്യം നൽകുന്നതിന് ഭരണസമിതിയിലെ ആകെയുള്ള 17 അംഗങ്ങളിൽ 11 അംഗങ്ങൾ അനുകൂലിച്ചും 6 അംഗങ്ങൾ വിയോജിച്ചും ആണ് തീരുമാനമെടുത്തിരിക്കുന്നത്. സൊലേഷ്യം നൽകുന്നതിന് ഭരണസമിതിയുടെ ഏകകണ്ഠമായ തീരുമാനം വേണമെന്നതിൽ ഇളവ് അനുവദിച്ച് സ്ഥലം വാങ്ങാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്. ഇപ്രകാരം അനുമതി നൽകാമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

**തീരുമാനം:-** ഗ്രാമപഞ്ചായത്ത് നൽകിയ ലൊക്കേഷൻ സ്കെച്ച് അനുസരിച്ച് മറ്റൊരു സ്ഥലം കെട്ടിട വിപുലീകരണത്തിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസ് വിപുലീകരണത്തിന് സെന്റിന് 2,49,000 രൂപ നിരക്കിൽ വില നൽകാൻ (റവന്യൂ അധികാരികൾ നിശ്ചയിച്ച തുകയും അനുവദനീയമായ പരമാവധി സൊലേഷ്യം തുകയും കൂട്ടിച്ചേർത്തുള്ള തുകയെക്കാൾ കുറവ്) പ്രത്യേക അനുമതി നൽകുന്നു. എന്നാൽ സ്ഥലം വാങ്ങുന്നതിനുള്ള മറ്റു നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ/ആർ.ഇ) വകുപ്പ്** |

**4.11 <u>മണർകാട് ഗ്രാമപഞ്ചായത്ത്</u>**

**മണർകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2024-ലെ S02/2915/2024 -ാം നമ്പർ കത്തും മണർകാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.05.2024-ലെ 1(1)ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ലെ ഖണ്ഡിക 4.68 -ാം നമ്പർ തീരുമാനവും (SRG/504/24 )**

**വിഷയം:-** മണർകാട് ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച്

മണർകാട് ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ 24.02.2024-ലെ കത്തിലൂടെ അനുമതി തേടിയിരുന്നു. ഇത് 06.03.2024 -ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നുവെങ്കിലും കത്തിലെ പിശകുകൾ പരിഹരിച്ചു നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ഭേദഗതിയോടെ താഴെപ്പറയുന്ന ആവശ്യം നൽകിയിരിക്കുന്നു.

മണർകാട് ഗ്രാമപഞ്ചായത്ത് 27.03.2004-ലെ 1165/2004/ തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 124.76 ആർ സ്ഥലം ഏറ്റെടുത്തിരുന്നു. ഇതിൽ 18.90 ആർ സ്ഥലം കരഭൂമിയാണ്. ബാക്കിയുള്ള നിലം വിഭാഗത്തിൽപ്പെട്ട 105.86 ആർ സ്ഥലം പരിവർത്തനപ്പെടുത്തി ഗ്രാമീണചന്തയും ടാക്സി സ്റ്റാന്റും നിർമ്മിക്കുന്നതിന് കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ (02.12.2015-ലെ 233/2015/കൃഷി നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച്) അനുവാദം ലഭിച്ചിട്ടുണ്ട്. ഗ്രാമീണചന്തയ്ക്കും ടാക്സി സ്റ്റാന്റിനും 20 ആർ സ്ഥലം മതി. ബൈപാസ് റോഡിനും ലിങ്കുറോഡിനുമായി 35.56 ആർ സ്ഥലം എടുത്തു. ബാക്കിയുള്ള 50.30 ആർ സ്ഥലത്ത് കളിസ്ഥലം, MCF, ഓപ്പൺ ജിം, ഓഡിറ്റോറിയം കം ഷോപ്പിംഗ് കോംപ്ലക്സ്, വോക്ക് വേ എന്നിവ ഏറ്റെടുക്കുന്നതിന് അനുമതി സംബന്ധിച്ച്. കരഭൂമിയായ 18.90 ആർ സ്ഥലം പാർക്കിംഗിന് വേണ്ടി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം:- 1)** ഇവയ്ക്ക് പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ നിലവിലുള്ള മാനദണ്ഡപ്രകാരം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു നൽകേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

2) പൊതു ആവശ്യത്തിനായതിനാലാണ് നിലം നികത്തുന്നതിന് 02.12.2015 ൽ 233/2015/ കൃഷി നമ്പർ പ്രകാരം സർക്കാർ അനുമതി നൽകിയത്. ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കണമെന്ന് (ജലത്തിന്റെ ഒഴുക്കുതടസ്സപ്പെടാതെ കനാൽ ഉണ്ടാക്കണമെന്നതടക്കമുള്ളവ) നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്** |

4.12 <u>മൊറയൂർ ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.05.2024-ലെ കത്തും മൊറയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.02.2024-ലെ 1-ാം നമ്പർ തീരുമാനവും (SRG/477/24 - CC/310/24)**

**വിഷയം:-** കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നത് സംബന്ധിച്ച്

ജൽജീവൻ മിഷൻ പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിന് മൊറയൂർ ഗ്രാമപഞ്ചായത്തിലെ മോങ്ങം പ്രദേശത്ത് 20 സെന്റ് സ്ഥലം കണ്ടത്തിയിട്ടുണ്ട്. സ്ഥലം ഉടമയായ ശ്രീ പാറ യൂസഫ്, മണ്ണാൻ കണ്ടിയിൽ എന്ന വ്യക്തി സെന്റിന് 1.00 ലക്ഷം രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിന് സ്ഥലം നൽകാമെന്നറിയിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ 06.09.2022-ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം ടാങ്ക് നിർമ്മാണത്തിനു പ്രവൃത്തി ആരംഭിച്ച് 10 ശതമാനത്തോളം പ്രവൃത്തി പൂർത്തിയായി. സ്ഥലം വാങ്ങാൻ മൂന്നു ഗ്രാമപഞ്ചായത്തുകൾ 7.00 ലക്ഷം രൂപ വീതം വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ മൊറയൂർ വില്ലേജ് ഓഫീസ് ആർ ഒന്നിന് 27,264 രൂപ നിരക്കിൽ ആകെ 2,20,838 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ ടാങ്കിന്റെ നിർമ്മാണം സ്ഥലം ഉടമ ഇടപെട്ട് നിർത്തിവച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സെന്റിന് 1.00 ലക്ഷം രൂപ നിരക്കിൽ 20 സെന്റ് സ്ഥലത്തിന് 20.00 ലക്ഷം രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**
1) ആവശ്യം നിരസിച്ചു.
2) മാനദണ്ഡ പ്രകാരം സ്ഥലത്തിന്റെ വില നിശ്ചയിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ നിർമ്മാണം ആരംഭിച്ചത് വീഴ്ചയാണ്. ഇതു സംബന്ധിച്ച് ബാധ്യത ഉണ്ട് എങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വഹിക്കണം. ഭരണസമിതി തീരുമാനപ്രകാരമാണ് നിർമ്മാണം ആരംഭിച്ചതെന്നറിയിച്ചിട്ടുണ്ട്. ഭരണസമിതിയിൽ നിയമപരമായ നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കേണ്ടതായിരുന്നു. അപ്രകാരം അറിയിച്ചിട്ടില്ല എങ്കിൽ അത് സെക്രട്ടറിയുടെ വീഴ്ചയാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി/ആർ.ഇ) വകുപ്പ്** |

4.13 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.06.2024-ലെ P6-70/21-ാം നമ്പർ കത്ത്. (SRG/641/24)**

**വിഷയം:-** പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 251/25* | ***അടങ്കൽ*** | *5,00,000 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | ***പള്ളിയോടങ്ങൾക്ക് ഗ്രാന്റ്*** | |

ആറന്മുള ഉതൃട്ടാതി വള്ളംകളിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് പതിനായിരം രൂപ വീതം ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ജില്ലാ പഞ്ചായത്തിൽ നിന്ന് ഒരു പള്ളിയോടത്തിന് പരമാവധി 10,000 രൂപ വീതം ധനസഹായം നൽകുന്നതിന് അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്** |

**4.14 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.07.2024-ലെ P6-3342 /22-ാം നമ്പർ കത്തും (SRG/642/24)**

**വിഷയം:-** ആറന്മുള വഞ്ചിപ്പാട്ട് കളരിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 257/25* | ***അടങ്കൽ*** | *1,50,000 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | ***ആറന്മുള വഞ്ചിപ്പാട്ട് കളരിക്ക് ധനസഹായം*** | |

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ആറന്മുള പള്ളിയോട സേവാസംഘം കുട്ടികൾക്കായി നടത്തുന്ന വഞ്ചിപ്പാട്ട് പഠനകളരിക്ക് ധനസഹായം നൽകുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മുൻവർഷങ്ങളിൽ സർക്കാർ അനുമതിയോടെ വഞ്ചിപ്പാട്ട് കളരിക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്നറിയിച്ചുകൊണ്ട് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇത് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്** |

**4.15 <u>പാമ്പാടി ഗ്രാമപഞ്ചായത്ത്</u>**

**പാമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2024-ലെ കത്തും പാമ്പാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.10.2023-ലെ 4-ാം നമ്പർ തീരുമാനവും (SRG/462/24)**

വിഷയം:- എക്സൈസ് വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക നൽകുന്നത് സംബന്ധിച്ച്

പാമ്പാടി വില്ലേജിൽ എക്സൈസ് വകുപ്പിന്റെ കൈവശമുണ്ടായിരുന്ന 527/14 സർവ്വേ നമ്പറിലുള്ള 15.62 ആർ സ്ഥലവും ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടവും ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി പാമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറി. 29.08.1992-ലെ 358/92-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് സ്ഥലം വാങ്ങിയത്. ഇതിന്റെ വിലയായി 1,23,191 രൂപ ഗ്രാമപഞ്ചായത്ത് ട്രഷറി വഴി നൽകിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഒരു വർഷത്തിനകം എക്സൈസ് റേഞ്ച് ഓഫീസിനു വേണ്ടി സ്ഥലം കണ്ടെത്തി കെട്ടിടം

നിർമ്മിച്ച നൽകണമെന്നും അതുവരെ എക്സൈസ് ഓഫീസിനുവേണ്ടിയുള്ള കെട്ടിടത്തിന് വാടക നൽകണമെന്നും നിഷ്കർഷിച്ചിരുന്നു. ഇതനുസരിച്ച് 31.03.2023 വരെ കെട്ടിടത്തിന്റെ വാടക ഗ്രാമപഞ്ചായത്ത് നൽകി. ശ്രീ. അനിൽ കെ.കുര്യൻ, കിഴക്കേമറ്റത്തിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഇപ്പോഴത്തെ കെട്ടിടത്തിന്റെ പ്രതിമാസ വാടക 21,500 രൂപയാണ്. 2023-24 വർഷം തനത് ഫണ്ടിൽ നിന്ന് വാടക നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചില്ല. വാടക കരാർ പുതുക്കണമെന്ന് എക്സൈസ് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. വാടക കരാർ പുതുക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ തനത് ഫണ്ടിൽ നിന്ന് വാടക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** രണ്ട് വർഷത്തിനകം സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ച നൽകണമെന്ന കർശന നിർദ്ദേശത്തോടെ വാടക നൽകാൻ അനുമതി നൽകുന്നു. നിലവിലെ മാനദണ്ഡ പ്രകാരമാണ് വാടക നിശ്ചയിച്ചിരിക്കുന്നതെന്ന് പാമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്** |

**4.16 ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ 07.06.2024-ലെ 258/Min/Agri/2024-ാം നമ്പർ കത്ത് (SRG/549/24)**

**വിഷയം:-** പദ്ധതി ആസൂത്രണ, സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച്.

താഴെപ്പറയുന്ന വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024-ലെ യോഗം പരിഗണിക്കുകയും കൃഷി വകുപ്പുമായി വിശദമായി ചർച്ച ചെയ്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇത് 24.07.2024 ന് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുമായി എസ്.ആർ.ജി. ചെയർമാൻ ചർച്ച ചെയ്ത് റിപ്പോർട്ട് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം തീരുമാനമെടുത്തു.

1) എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കർഷക ഗ്രാമസഭകൾ സംഘടിപ്പിക്കുവാനുള്ള നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) കർഷകസഭ അടുത്ത വർഷം മുതൽ ആരംഭിച്ചാൽ മതിയെന്ന് കൃഷി വകുപ്പിലെ പ്രതിനിധികൾ അറിയിച്ച പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കർഷകസഭ അടുത്ത വർഷത്തെ പദ്ധതി രൂപീകരണം മുതൽ വിളിച്ചുകൂട്ടാവുന്നതാണ്. ഗ്രാമസഭ കൂടുന്നതിന് മുൻപ് വേണം കർഷകസഭ കൂടേണ്ടത്. കർഷക സഭയിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ മുൻകൂട്ടി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി/ കൗൺസിലിന് നൽകി പ്രസിഡന്റ്/ചെയർമാൻ/വാർഡ് മെമ്പർ എന്നീ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വേണം കർഷകസഭ കൂടേണ്ടത്. കൃഷി അസിസ്റ്റന്റ് കൺവീനറായി ഒരു കമ്മിറ്റി തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുമായി ചർച്ച ചെയ്താണ് അജണ്ട തയ്യാറാക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വവുമായി അജണ്ട ചർച്ച ചെയ്ത് അന്തിമമാക്കണം. ഇതിനായി കർഷകസഭയിൽ അവതരിപ്പിക്കാൻ കൃഷി ഓഫീസർ കാർഷിക മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം. തദ്ദശഭരണ സ്ഥാപനങ്ങളുടെ

സമഗ്ര പുരോഗതി ലക്ഷ്യമാക്കുന്ന വിധത്തിൽ പ്രദേശത്തിന്റെ വിഭവ ലഭ്യതയും വികസന സാധ്യതയും യോജിച്ച സമഗ്ര പദ്ധതി നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് യോഗത്തിൽ ചർച്ച ചെയ്ത് ധാരണയിൽ എത്തണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംബന്ധിച്ച രൂപരേഖ ബന്ധപ്പെട്ട കൃഷി ഓഫീസർ നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുമായി സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംയോജിപ്പിക്കുന്നതിന്റെ സാധ്യതകൾ ചർച്ച ചെയ്യണം.

മേൽ സൂചിപ്പിച്ച വിശദാംശങ്ങൾ കർഷകസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യണം.

കർഷക സഭയുടെ നടപടിക്രമം മുൻകൂട്ടി തയ്യാറാക്കണം. കൃഷി മേഖലയ്ക്കൊപ്പം അനുബന്ധ മേഖലയായ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകൾ കൂടി അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രത്യേക കർഷക സഭകൾ കൂടാൻ കഴിയാത്ത സാഹചര്യത്തിൽ വിശേഷാൽ പ്രാധാന്യത്തോടെ ഭരണസമിതി/കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭ/ വാർഡ്സഭയോടൊപ്പം കൂടാവുന്നതാണ്. ഓരോ വാർഡിലും എന്ന നിലയിലോ ഒന്നിലധികം വാർഡുകൾ ഒരുമിച്ചായോ കർഷകസഭ കൂടുന്ന രീതി സാഹചര്യങ്ങൾക്കനുസൃതമായി പരിഗണിക്കാവുന്നതാണ്. കർഷക സഭയുടെ നിർദ്ദേശങ്ങൾക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങണം.

**2)** കാർഷിക സമഗ്ര ഇടപെടലിനായി സർക്കാർ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന **107** തദ്ദേശ സ്ഥാപനങ്ങളിലെ (സർക്കാർ ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കും) തരിശുഭൂമി ഏറ്റെടുത്ത് കൃഷിക്ക് യോഗ്യമാക്കുന്നതിനായി (യന്ത്രവത്കരണം ഉൾപ്പെടെ) ഒരു ഹെക്ടറിന് **1** ലക്ഷം രൂപ ക്രമത്തിൽ മാറ്റ പ്രോജക്ടിൽ (പദ്ധതി ഭേദഗതി സമയത്ത്) ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകണമെന്ന ആവശ്യം. കൂടാതെ ഈ തദ്ദേശഭരണസ്ഥാപനങ്ങളിൽ കാർഷിക മേഖലയിലെ ഉല്പാദനം, വിളവെടുപ്പ്, സ്റ്റോറേജ്, വിപണി എന്നിവ പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പദ്ധതികൾ കൃഷി വകുപ്പുമായി യോജിച്ച് നടപ്പാക്കുവാൻ നിർദ്ദേശം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** ആദ്യഘട്ടത്തിൽ 107 തദ്ദേശഭരണസ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം സംബന്ധിച്ച് വ്യക്തത ഉൾപ്പെടുത്തിവേണം കൃഷി വകുപ്പ് ഉത്തരവിറക്കേണ്ടത്. മാർഗ്ഗരേഖയിൽ പറയും പ്രകാരം തരിശുകൃഷിക്ക് നൽകാവുന്ന പരമാവധി തുക കർഷകനും ഭൂവുടമയ്ക്കും ചേർത്ത് നൽകാവുന്നതാണ്. ഒപ്പം മാർഗ്ഗരേഖ പ്രകാരം നിലനിൽക്കുന്ന സബ്സിഡി അതേ നിരക്കിൽ 107 തദ്ദേശഭരണസ്ഥാപനങ്ങളിൽ നൽകുന്ന രീതി സ്വീകരിക്കേണ്ട താണ്. കൂടാതെ 107 തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രത്യേകമായി മൈക്രോ പ്ലാൻ തയ്യാറാക്കുന്നതും പരിഗണിക്കേണ്ടതാണ്. ഒപ്പം മറ്റ് സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി, CSR വിഹിതം, MGNREGS, NABARD, സാധ്യമായ രീതിയിൽ MPLAD/MLASDF തുടങ്ങിയ വിഹിതങ്ങൾ പരമാവധി സ്വരൂപിച്ച് ഉപയോഗിക്കുന്നതും പരിഗണിക്കേണ്ടതാണ്.

വിവിധ വകുപ്പുകളുടെ ഫണ്ട് pool ചെയ്ത് പദ്ധതി നടപ്പാക്കുക ബുദ്ധിമുട്ടാണ്. പകരം ഒരു സമഗ്ര പ്രോജക്ടിന്റെ ഓരോ പ്രവർത്തന ഘടകവും തിരിച്ച് ഓരോ വകുപ്പിനേയും ഏൽപ്പിക്കുന്ന രീതി സ്വീകരിക്കണം. കൃഷി വകുപ്പ്, ഇറിഗേഷൻ വകുപ്പ്, തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം എന്നിവ സ്വതന്ത്രമായി

ഓരോ ഘട്ടത്തിലും ഉപയോഗിച്ചാൽ തരിശുഭൂമി കൃഷിയടക്കം മറ്റു കൃഷികളും കാര്യക്ഷമമായി നടപ്പാക്കാൻ സഹായകരമാണ് എന്നതിനാൽ ഇതിന് പ്രത്യേകം പ്രാധാന്യം നൽകണം.

**3)** കാർഷികമേഖലയിൽ ഉൽപാദന/ സേവന/ വിപണന-മൂല്യ വർദ്ധന മേഖലയിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ പിന്തുണ ലഭ്യമാകും വിധം ബന്ധപ്പെട്ട മേഖലയിലെ കൃഷിക്കൂട്ടങ്ങളെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** ഗ്രാമപഞ്ചായത്ത് തലത്തിലും നഗരസഭാതലത്തിലും കൃഷി കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. ഒപ്പം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കൃഷികൂട്ടങ്ങളുടെ ഒരു ഫെഡറേഷൻ രൂപീകരിക്കേണ്ടതാണ്. ഇത് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്/തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പ്രത്യേകമായി ചർച്ച ചെയ്ത് അന്തിമ തീരുമാനം എടുക്കുന്നതാണ്.

**4)** കാർഷിക ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകൾ മുഖേന വാങ്ങിയ കാർഷിക ഉപകരണങ്ങൾ ഉണ്ട്. ഇതിന്റെ വിവരം കേരള സംസ്ഥാന യന്ത്രവത്കൃത മിഷൻ പരിശോധിച്ച് അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കാൻ സാധ്യമാകുന്നവയും ഉപയോഗ ശൂന്യമായവും എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണി സാധ്യമാകുന്ന കാർഷിക ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങൾ/ അഗ്രോ സർവ്വീസ് സെന്ററുകൾ/ കൃഷിശ്രീ സെന്ററുകൾ എന്നിവയെ നടത്തിപ്പിനായി ഏൽപിക്കുകയാണെങ്കിൽ കാർഷിക മേഖലയിൽ യന്ത്രവത്കരണം പൂർണ്ണതോതിൽ എത്തിക്കുവാൻ സാധ്യമാകും. ഇവയുടെ അറ്റകുറ്റപ്പണിക്കായുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാനുള്ള അനുമതി.

**തീരുമാനം:-** കാർഷിക ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസി മുഖേന (Agro Industries Corporation, RAIDCO തുടങ്ങിയവ) റിപ്പയർ ചെയ്യാവുന്നതാണ്. എന്നാൽ പാടശേഖര സമിതികൾക്ക് കൈമാറിയ യന്ത്രങ്ങളും മറ്റും റിപ്പയർ ചെയ്യാൻ തദ്ദേശഭരണസ്ഥാപനം വിഹിതം നൽകുന്നത് വലിയ ചെലവു വരും എന്ന് യോഗം വിലയിരുത്തി. അതിനാൽ ഇവ റിപ്പയർ ചെയ്യുന്നതിന് പാടശേഖര സമിതികൾക്കും മറ്റും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. കൃഷി ഓഫീസറുടെയും പാടശേഖര സമിതി കൺവീനറുടെയും ജോയിന്റ് അക്കൗണ്ടിലേയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകിക്കൊണ്ട് സാമ്പത്തിക വർഷാവസാനം നൽകിയ തുക ഈ അക്കൗണ്ടിൽ തിരികെ വരണം. ഇപ്രകാരം തിരികെ വരുന്ന തുക മറ്റൊരു സമിതിക്കോ അതേ സമിതിക്ക് മറ്റ് ആവശ്യത്തിനോ ഉപയോഗിക്കുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്ത് തലത്തിലാണെങ്കിൽ 5.00 ലക്ഷം രൂപവരെയും ഗ്രാമപഞ്ചായത്ത് തലത്തിലാണെങ്കിൽ 1.00 ലക്ഷം രൂപവരെയും ഓരോ സമിതികൾക്കും റിവോൾവിംഗ് ഫണ്ടായി നൽകാവുന്നതാണ്. ഈ യന്ത്രങ്ങളുടെ എസ്റ്റിമേറ്റ് ആരാണ് എടുക്കുന്നത് എന്നത് സംബന്ധിച്ച് കൃഷി വകുപ്പ് നിർദ്ദേശം നൽകണം.

**5)** സബ്സിഡി മാർഗ്ഗ നിർദ്ദേശം ക്രമ നമ്പർ 6.1.7, 6.1.9 പ്രകാരം നാമമാത്ര/ ചെറുകിട കർഷകർ / കർഷക തൊഴിലാളി ഗ്രൂപ്പ് ഭൂമി വാടകയ്ക്കെടുത്ത് കൃഷി ചെയ്യുകയാണെങ്കിൽ ഭൂമി വാടക 2500 രൂപ സ്ഥലമുടമയ്ക്ക് നൽകാം. കൃഷി കൂട്ടങ്ങൾ ഭൂമി വാടകയ്ക്കെടുത്ത് കൃഷി ചെയ്യുമ്പോഴും ഇതേ രീതിയിൽ സ്ഥല ഉടമയ്ക്ക് 2500 രൂപ നൽകാൻ അനുമതി.

**തീരുമാനം:-** അനുമതി നൽകുന്നു

**6)** സബ്സിഡി മാർഗ്ഗനിർദ്ദേശം ക്രമ നമ്പർ 6.1.11 -ൽ കാർഷിക തൊഴിൽ സേനകൾക്കും, സമിതികൾക്കും, സംഘങ്ങൾക്കും സഹായം എന്നതിൽ 'കാർഷിക ഉത്പാദന സംഘടനകൾക്കും 'എന്നുകൂടി ഉൾക്കൊള്ളിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനെ ഉൾപ്പെടുത്തുന്നു. ഫാർമർ പ്രൊഡ്യൂസർ കമ്പനികളെ ഇതിനായി തെരഞ്ഞെടുക്കാവുന്നതല്ല.

**7)** സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.13 – സോളാർ പമ്പ് പാടശേഖര സമിതികൾക്ക് നൽകുന്നതിന്റെ സബ്സിഡി 10 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:–** സോളാർ പമ്പ്സെറ്റ് വളരെ ചെലവ് കൂടിയതാണ് എന്ന് യോഗം നിരീക്ഷിച്ചു. കൂടാതെ നല്ല നിലയിൽ കേന്ദ്ര സബ്സിഡിയുമുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിച്ചില്ല.

**8)** സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.17– കാർഷിക സേവനങ്ങൾക്ക് സബ്സിഡി എന്ന ഇനത്തിൽ കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയ്ക്കൊപ്പം രജിസ്റ്റർ ചെയ്ത കൃഷിക്കൂട്ടങ്ങളേയും ഉൾപ്പെടുത്തണമെന്ന ആവശ്യം സബന്ധിച്ച്

**തീരുമാനം:–** ആവശ്യം അംഗീകരിച്ചു.

**9)** സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.21 – പ്രദേശിക കാർഷിക ഉത്പ്പന്നങ്ങളുടെ വിപണന സംവിധാനം എന്ന ഇനത്തിൽ 'വിപണന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ' കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:–** ആവശ്യം അംഗീകരിച്ചു

**10)** സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.24 – റബ്ബർ തോട്ടത്തിൽ ഇടവിള കൃഷി നിലവിൽ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കാപ്പി, കൊക്കോ കൃഷികൾ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:–** തോട്ട വിളകൾക്ക് തദ്ദേശഭരണ സ്ഥാപനം പൊതുവെ സബ്സിഡി നൽകാറില്ല. ഇതിന്മേൽ കാർഷിക സർവ്വകലാശാല/ റബർ ബോർഡിന്റെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

**11)** സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.28 കരിമ്പ് കൃഷി പ്രോത്സാഹന തുക നിലവിൽ ഹെക്ടറിന് 10,000 രൂപയാണ്. ഇത് 25,000 രൂപയാക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:–** സബ്സിഡി നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം മാർഗ്ഗരേഖ പുതുക്കുന്ന സമയത്ത് പരിഗണിക്കുന്ന താണ്.

**12)** സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.30, 31 – പുഷ്പ കൃഷി ഇനത്തിൽ നാമമാത്ര/ചെറുകിട കർഷകർ/ കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവയ്ക്കൊപ്പം ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളേയും ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:–** അനുമതി നൽകുന്നു

**13)** സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.34– അക്വാപോണിക്സ് ഇനത്തിൽ ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:–** മാർഗ്ഗരേഖയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കു വേണ്ടിയാണ് ഈ പ്രോജക്ട് ഉദ്ദേശിച്ചിരിക്കുന്നത്. ആവശ്യം പരിഗണിച്ചില്ല.

14) സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.35 – കണിക ജലസേചനം ഗ്രൂപ്പ് കൃഷിക്കും ബാധകമാക്കണമെന്ന ആവശ്യം.

**തീരുമാനം:–** അനുമതി നൽകുന്നു

15) സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ 6.1.44 – പാടശേഖര സമിതികൾക്കും കർഷക സംഘങ്ങൾക്കും റിവോൾവിങ്ങ് ഫണ്ട് എന്നുള്ളതിൽ കൃഷിക്കൂട്ടങ്ങൾ കൂടി ഉൾപ്പെടുത്തണം. ഒപ്പം ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്തിന് കൂടി ഏറ്റെടുക്കുവാൻ അനുമതി.

**തീരുമാനം:–** അനുമതി നൽകുന്നു

16) പഴം പച്ചക്കറികൾക്ക് താങ്ങുവില നൽകുവാൻ മുൻപ് അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്പോഴത്തെ മാർഗ്ഗരേഖയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തിലെ പഴം/പച്ചക്കറി കർഷകരെ സഹായിക്കുവാൻ 16 ഇനം പഴം/ പച്ചക്കറികൾക്ക് സർക്കാർ താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. 2020 നവംബർ 1 മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന 250 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് വിലയിലുണ്ടാകുന്ന വ്യത്യാസം കർഷകർക്ക് നൽകുവാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ഗ്യാപ്പ് ഫണ്ടിലേയ്ക്ക് നൽകാൻ അനുമതിയുണ്ടായിരുന്നു. എന്നാൽ ഈ നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ല. ഇവ കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം:–** സുഭിക്ഷ കേരളം പദ്ധതിയിലെ പല നിർദ്ദേശങ്ങളും കൊവിഡ് മഹാമാരിക്കാലത്ത് എടുത്തതാണ്. ഇപ്പോൾ അത് തുടരുക പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. ആവശ്യം പരിഗണിച്ചില്ല.

17) ഓപ്പൺ പ്രിസിഷൻ ഫാമിങ്ങ്, പ്രിസിഷൻ ഫാമിങ്ങ് എന്നിവയ്ക്ക് യൂണിറ്റ് കോസ്റ്റിന്റെ 90 ശതമാനം വരെ ധനസഹായം ഉൾപ്പെടുത്തി വ്യക്തിഗത കർഷകർക്കും കർഷക ഗ്രൂപ്പിനും നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:–** സബ്സിഡിയായി 90 ശതമാനം തുക നൽകുന്നത് പ്രായോഗികമല്ലെന്ന് യോഗം വിലയിരുത്തി. എന്നാലും ഓപ്പൺ പ്രിസിഷൻ ഫാമിങ്ങ്, പ്രിസിഷൻ ഫാമിങ്ങ് എന്നിവയ്ക്ക് സബ്സിഡി നൽകുന്ന ആവശ്യം മാർഗ്ഗരേഖ പരിഷ്ക്കരിക്കുന്ന സമയത്ത് പരിഗണിക്കുന്നതാണ്. ഇതിനായി യൂണിറ്റ് നിരക്ക് എത്രയാണ്, കുറഞ്ഞത് എത്ര രൂപയാണ് ആവശ്യമായി വരുന്നത് തുടങ്ങിയ വിവരങ്ങൾ കൃഷിവകുപ്പ് ഡയറക്ടർ നൽകണം.

മുകളിൽ പറഞ്ഞവയിൽ അനുമതി നൽകിയവ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**4.17 <u>മയ്യിൽ ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2024-ലെ കത്തും അനുബന്ധരേഖകളും (SRG/228/24 – CC/859/2023)**

വിഷയം:– സർക്കാരിലേയ്ക്ക് വരവുവച്ച CFC ഗ്രാന്റിനു പകരം തനത് ഫണ്ട് ഉപയോഗിച്ച് ബിൽ തുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 153/22 | *അടങ്കൽ* | *11,00,000 രൂപ (CFC Tied Grant – 5,00,000* |

| | | |
|---|---|---|
| | | *കോർപ്പറേഷൻ വിഹിതം CFC – 6,00,000 രൂപ)* |
| *പേര്* | *മയ്യിൽ ബസ് സ്റ്റാന്റിലെ ടോയിലറ്റ് ബ്ലോക്ക് നവീകരണം – ടേക്ക് എ ബ്രേക്ക്* | |

കണ്ണൂർ കോർപ്പറേഷൻ അഗ്ലോമറേഷൻ വിഹിതം കൂടി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് മയ്യിൽ ബസ് സ്റ്റാന്റിലെ ടോയിലറ്റ് നവീകരണത്തിന് 2021-22 വർഷം പ്രോജക്ട് എടുത്തിരുന്നു. കോൺട്രാക്ടർ ആയ ശ്രീ അബ്ദുൾ ഖാദറിന് പാർട്ട് ബിൽ ആയി 28.10.2021 ൽ 4,12,912 രൂപ അനുവദിച്ചു. 2022 ജനുവരിയിൽ പ്രവൃത്തി പൂർത്തീകരിച്ചു. പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ വ്യതിയാനങ്ങൾ ഉണ്ടായെങ്കിലും തിരക്കു കാരണം 2022 മാർച്ചിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കാൻ കഴിഞ്ഞില്ല. എങ്കിലും ബിൽ തുകയായ 4,75, 132 രൂപ അനുവദിക്കാൻ കണ്ണൂർ കോർപ്പറേഷനോട് 21.01.2022-ൽ ആവശ്യപ്പെടുകയും 27.03.2022 -ന് തുക അനുവദിക്കുകയും ചെയ്തു. ഫൈനൽ ബിൽ തയ്യാറാക്കാൻ കഴിയാത്തതിനാൽ (റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ) കോർപ്പറേഷൻ അനുവദിച്ച തുക മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ കൊളച്ചേരി സബ്ട്രഷറിയിലെ LG TSB അക്കൗണ്ടിലേയ്ക്ക് (AC No. 799130000000188) മാറ്റുന്നതിന് നൽകി. എന്നാൽ തുക സർക്കാരിലേയ്ക്ക് വരവുവച്ചു. ഈ തുക തിരികെ ലഭിക്കാൻ സർക്കാരിലേയ്ക്ക് കത്ത് നൽകിയെങ്കിലും ലഭിച്ചില്ല.

സർക്കാരിൽ നിന്നും തുക തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുകയായ 4,72,132 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. GST നിരക്ക് വർദ്ധിച്ചതിനാൽ ഫൈനൽ ബിൽ തുക 5,05,250 രൂപ ആയിട്ടുണ്ട്.

**തീരുമാനം :-** 1) കണ്ണൂർ കോർപ്പറേഷനിൽ നിന്നും ഫൈനൽ തുക അനുവദിച്ചിട്ടും ബിൽ തയ്യാറാക്കി നൽകാത്തത് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്. ഇത് ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

2) സർക്കാരിൽ നിന്ന് തുക ഇതുവരെയും അനുവദിക്കാത്ത സാഹചര്യത്തിൽ ബിൽ തുക തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകുന്നു. ഈ തുക ധനവകുപ്പിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്** |

**4.18 <u>പള്ളം ബ്ലോക്ക് പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2024-ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കുറിപ്പും (SRG/330/24 – CC/231/2024)**

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് നവോദയ കോമ്പൗണ്ടിൽ ടോയിലറ്റ് സമുച്ചയം നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 116/25* | *അടങ്കൽ* | *7,00,000 രൂപ (CFC Tied Grant )* |
| *പേര്* | *നവോദയ സ്കൂൾ കോമ്പൗണ്ടിൽ കമ്മ്യൂണിറ്റി ടോയിലറ്റ് സമുച്ചയം* | |

പള്ളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കേന്ദ്ര സർക്കാരിന്റെ ജവഹർ നവോദയ വിദ്യാലയമുണ്ട്. ഈ സ്കൂളിലേയ്ക്ക് ടോയിലറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം പോലുള്ള പരിപാടികൾ ഈ സ്കൂളിൽ വച്ചാണ് നടത്തുന്നതെന്നറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്** |

**4.19 <u>ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.09.2023 ലെ കത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.03.2024-ലെ B - 2525/2023 -ാം നമ്പർ കത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.08.2023 ലെ 3(1)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024 -ലെ യോഗ തീരുമാനവും (SRG/1315/23-CC/638/23, SRG/1570/23, SRG/543/24 - LSGD - DA/349/2023/LSGD)**

**വിഷയം:-** വിവിധ ആവശ്യങ്ങൾക്കുവേണ്ടി നിർമ്മിച്ച കെട്ടിടം ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി ഉപയോഗിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 149/24** | ***അടങ്കൽ*** | ***7,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *3,60,700 രൂപ* |
| | *തനത് ഫണ്ട്* | *3,39,300 രൂപ* |
| ***പേര്*** | **സമന്വയ - മൾട്ടിസെൻസറി പാർക്ക് കെട്ടിടം അറ്റകുറ്റപ്പണി** | |

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് 2009-10 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിൽ വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി 6 പ്രോജക്ടുകൾ നടപ്പാക്കി. ആകെ ചെലവ് 22,86,792 രൂപ. ഈ കെട്ടിടങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ഈ കെട്ടിടങ്ങൾ റീ ഫർണിഷിംഗ് / മോഡിഫൈ ചെയ്ത് സമന്വയ മൾട്ടി സെൻസറി പാർക്ക് ആക്കി മാറ്റാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് വിവിധ തെറാപ്പികൾ, കായികശേഷി വികസനം, കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് എന്നിവയാണ് സെൻസറി പാർക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്കൂളുകളിൽ സമഗ്രശിക്ഷ കേരള (SSK), BRC എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുകയാണ് ലക്ഷ്യം. ജീവനക്കാരുടെ വേതനം SSK,BRC ആണ് വഹിക്കുന്നത്.

ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗം പരിഗണിക്കുകയും മൾട്ടി സെൻസറി പാർക്കിന്റെ പ്രവർത്തനം എങ്ങനെയാണെന്ന് വ്യക്തമാക്കി റിപ്പോർട്ട് നൽകാൻ ബ്ലോക്ക് പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

കുറവിലങ്ങാട് BRC പരിധിയിലും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളെയും ചേർത്ത് ആകെ 700 കുട്ടികൾക്ക് ഈ സെന്ററിന്റെ പ്രയോജനം ലഭിക്കും. ഈ സെന്ററിലേയ്ക്ക് ആവശ്യമുള്ളവരെ BRC നിയമിക്കും. ജീവനക്കാർക്കുള്ള വേതനം BRC,SSK നൽകും. ഭിന്നശേഷി കുട്ടികളുടെ അമ്മമാർക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് 'പിങ്ക് കഫേ' എന്ന പേരിൽ ഒരു കഫത്തേരിയ ആരംഭിക്കുന്നു. പാർക്കിന്റെ ഭൗതിക സൗകര്യം ഒരുക്കുന്നതിന് BRC ഫണ്ടു നൽകും. ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ CDPO, BRC, SSK ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയും രൂപീകരിക്കുന്നുണ്ട്. കോഓർഡിനേഷൻ കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ RRF ഉം എല്ലാ ഗ്രാമപഞ്ചായത്തിലും MCF ഉം ഉണ്ട് എന്നുമറിയിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| ഡോക്ടർ | 1500 x 2 x12 = 36,000 |
| സൈക്യാട്രിസ്റ്റ് | 1500 x 1 x12 = 18,000 |
| സൈക്കോളജിസ്റ്റ് | 1500 x 2 x12 = 36,000 |
| ഫിസിയോതെറാപ്പിസ്റ്റ് | 1500 x 8 x12 = 1,44,000 |
| സ്പീച്ച് തെറാപ്പിസ്റ്റ് | 1500 x 8 x12 = 1,44,000 |
| ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ് | 1500 x 8 x12 = 1,44,000 |
| ബിഹേവിയർ തെറാപ്പിസ്റ്റ് | 1500 x 8 x12 = 1,44,000 |
| അക്വാ തെറാപ്പിസ്റ്റ് | 1500 x 8 x12 = 1,44,000 |
| സ്പെഷ്യൽ എഡ്യൂക്കേറ്റർ | 20000 x 12 = 2,40,000 |
| യോഗാ ട്രെയിനർ | 1000 x12 x12 = 1,44,000 |
| മ്യൂസിക് തെറാപ്പിസ്റ്റ് | 1500 x 4 x12 =72,000 |
| മ്യൂസിക് ഇൻസ്ട്രുമെന്റ്സ് ട്രെയിനർ | 1500 x 4 x12 = 72,000 |
| ഐ.ടി. ട്രെയിനർ | 1500 x 4 x12 = 72,000 |
| ക്ലീനിംഗ് സ്റ്റാഫ് | 7000x12 = 84,000 |
| ആയ | 1000 x 12 = 12,000 |
| **ആകെ (ഒരു വർഷം)** | **15,06,000** |

**തീരുമാനം :-** 1) മുകളിൽ പറഞ്ഞ കെട്ടിടങ്ങൾ (കെട്ടിടങ്ങളുടെ വിശദാംശം 22.01.2024 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ മിനിറ്റ്സിൽ ചേർത്തിട്ടുണ്ട്) ഉപയോഗിക്കാതെ കിടക്കുക യാണെന്നും മൾട്ടി സെൻസറി പാർക്കിന്റെ ആവർത്തന ചെലവ് BRC, SSK മുഖേനയാണ് കണ്ടെത്തുന്നത് എന്നതും പരിഗണിച്ച് അനുമതി നൽകുന്നു.

2) ബ്ലോക്ക് പഞ്ചായത്തിലെ RRF ഉം ഗ്രാമപഞ്ചായത്തുകളിലെ MCF ഉം കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നതെന്നും ഇതിനു മതിയായ സ്ഥലമുണ്ടെന്നും ഉറപ്പുവരുത്തണം.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |
|---|---|

**4.20 കൊല്ലം കോർപ്പറേഷൻ**

**കൊല്ലം കോർപ്പറേഷൻ മേയറുടെ 15.06.2024-ലെ C1/40/24 -ാം നമ്പർ കത്ത് (SRG/531/24)**

**വിഷയം:-** സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

കൊല്ലം കോർപ്പറേഷൻ 2024-25 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCADC) മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. തുക ഡെപ്പോസിറ്റ് ചെയ്യാവുന്ന ഏജൻസി എന്ന ഗണത്തിൽ KSCADC യെ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

| **പ്രോജക്ടിന്റെ നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക** |
|---|---|---|
| 567/25 | അഷ്ടമുടി കായൽ വാട്ടർ സ്പോർട്സ് ഹബ്ബ് നിർമ്മാണം | 75,00,000<br>(ഡെവലപ്മെന്റ് ഫണ്ട് ജനറൽ 50 ലക്ഷം രൂപ<br>തനത് ഫണ്ട് - 25 ലക്ഷം രൂപ) |
| 508/25 | എസ്.എം.പി. പാലസിന് മുന്നിലുള്ള കൾച്ചറൽ സ്ട്രീറ്റ് സൗന്ദര്യവൽക്കരണം | 25,00,000<br>(ഡെവലപ്മെന്റ് ഫണ്ട് ജനറൽ ) |

| | | |
|---|---|---|
| 509/25 | ക്യൂ.എ.സി. സ്പോർട്സ് റോഡ് സൗന്ദര്യവൽക്കരണം | 25,00,000 (ഡെവലപ്മെന്റ് ഫണ്ട് ജനറൽ ) |
| 510/25 | എസ്.എൻ. കോളേജ് ജംഗ്ഷൻ കർബല സ്റ്റഡന്റ്സ് സ്ട്രീറ്റിൽ എൽ.ഇ.ഡി. വാൾ സ്ഥാപിക്കൽ | 40,00,000 (ഡെവലപ്മെന്റ് ഫണ്ട് ജനറൽ ) |

**തീരുമാനം :-** തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മാണം നടത്താൻ കഴിയുന്നവയാണോ ഈ പ്രോജക്ടുകൾ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

### 4.21 <u>വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്</u>

**വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.07.2024-ലെ D/675/24-ാം നമ്പർ കത്തും വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ 10.07.2024-ലെ കത്തും** (SRG/650/24)

**വിഷയം:-** കുട്ടനാട് താലൂക്ക് ആശുപത്രിയിലേയ്ക്ക് പുതിയ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച്

കുട്ടനാട് താലൂക്ക് ആശുപത്രി നിർമ്മിക്കുന്നതിന് സർക്കാർ കിഫ്ബി മുഖേന 146 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആശുപത്രി നിർമ്മാണം ആരംഭിക്കുന്നതിന് റോഡ് അനിവാര്യമാണ് എന്ന് കിഫ്ബി അധികൃതർ അറിയിച്ചിട്ടുണ്ട്. ഇതിനായി ബഹു.കുട്ടനാട് എം.എൽ.എ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്ന് ഫണ്ട് ശേഖരിച്ച് 55.72 ആർ സ്ഥലം വാങ്ങി 10.11.2023-ൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തു. മങ്കൊമ്പ് - കിടങ്ങറ വികാസ് മാർഗിൽ നിന്നും താലൂക്ക് ആശുപത്രിവരെയാണ് റോഡ് നിർമ്മിക്കുന്നത്. നിലം ഗണത്തിൽപ്പെട്ട സ്ഥലം പരിവർത്തനപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് 29.01.2024-ലെ 12/2024/Agri നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകി. പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 10 ശതമാനം ജലസംരക്ഷണത്തിനായി മാറ്റി വയ്ക്കണമെന്നും സമീപ കൃഷിഭൂമിയിലേയ്ക്ക് കാർഷിക ജലം, മഴവെള്ളം, ഒഴുകിയെത്തുന്ന ജലം എന്നിവയുടെ സുഗമമായ ഗമന നിർഗ്ഗമനത്തിന് തടസ്സമുണ്ടാക്കാത്ത സംവിധാനങ്ങൾ റോഡ് നിർമ്മാണത്തിന് മുന്നോടിയായി ഒരുക്കണമെന്നും ഇത് ജില്ലാകളക്ടർ മേൽനോട്ടം വഹിച്ച് ഉറപ്പാക്കണമെന്നുമുള്ള പൊതു നിബന്ധനയോടെയാണ് സർക്കാർ അനുമതി നൽകിയത്.

പുതിയതായി നിർമ്മിക്കുന്ന റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇത് ഉൾപ്പെടുത്തുന്നതിന് കഴിയുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്. റോഡിന്റെ പ്രാഥമിക നിർമ്മാണ പ്രവർത്തനത്തിനായി 2024-25 വർഷം വികസന ഫണ്ടിനത്തിൽ 35.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**തീരുമാനം:-** താലൂക്കാശുപത്രി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉടമസ്ഥത യിലുള്ളതാണെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതും പരിപാലനം ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന് യോഗം നിരീക്ഷിച്ചു. ഇതുപോലെ നിർമ്മിക്കപ്പെടാൻ ഉദ്ദേശിക്കുന്ന റോഡ് ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ടു തന്നെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണത്തിന് അനുമതി നൽകുന്നു. ഭാവിയിൽ ഈ റോഡിന്റെ പരിപാലനത്തിനും അറ്റകുറ്റപ്പണിക്കും ബ്ലോക്ക് പഞ്ചായത്തിന് (ആവശ്യമെങ്കിൽ ഗ്രാമ/ ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ചേർത്ത്) ഉചിതമായ രീതിയിൽ തുക വകയിരുത്തി പ്രവൃത്തി ചെയ്യാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |
|---|---|

**4.22 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 19.03.2024-ലെ LSGD/DP/64/2023- PLനമ്പർ കത്തും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 27.02.2024-ലെ 8(21)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023-ലെ ഖണ്ഡിക 4.11-ാം നമ്പർ തീരുമാനവും (SRG/382/24)**

**വിഷയം:-** വനിതാ ജെന്റർ പാർക്കിൽ താൽക്കാലികമായി നിയമിച്ചവർക്ക് വേതനം നൽകുന്നത് സംബന്ധിച്ച്

ആലപ്പുഴ ജില്ലാ ആസ്ഥാനത്ത് ഒരുക്കിയിരിക്കുന്ന ജെന്റർ പാർക്കിൽ വനിതകൾക്ക് ഡോർമിറ്ററി, ലൈബ്രറി, സൗജന്യ നിയമസഹായ കേന്ദ്രം, കൗൺസിലിംഗിനുള്ള സൗകര്യം, യോഗ പരിശീലന കേന്ദ്രം തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് യോഗ ട്രെയിനർ, സെൽഫ് ഡിഫൻസ് ട്രെയിനർ, ഫെസിലിറ്റേറ്റർ, വാച്ച് വുമൺ എന്നിവരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഒരു മാസത്തെ ഓണറേറിയം കഴിഞ്ഞവർഷം നൽകിയിരുന്നു. ജെന്റർ പാർക്കിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയെ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഏൽപ്പിച്ച് യൂസർഫീ ആയി ലഭിക്കുന്ന വരുമാനത്തിൽ നിന്ന് തുടർ പ്രവർത്തനം നടത്തണമെന്ന് ജില്ലാ വനിതാശിശു വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. എങ്കിലും മുകളിൽ പറഞ്ഞവർക്ക് ഓണറേറിയം/ വേതനം വികസന ഫണ്ടിൽ നിന്നും നൽകാൻ അനുവദിക്കണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023-ലെ യോഗത്തിൽ പരിഗണിച്ചിരുന്നു.

ഈ സ്ഥാപനത്തിൽ ഓരോ ഇനത്തിൽ നിന്നുള്ള വരവും ഓരോ ഇനത്തിനും പ്രതീക്ഷിക്കുന്ന ചെലവും സംബന്ധിച്ച വിശദാംശം നൽകാൻ 08.03.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് വരവും ചെലവും സംബന്ധിച്ച വിശദാംശം നൽകിയിട്ടുണ്ട്.

**വാർഷിക വരവ്**

| | |
|---|---|
| ഡോർമിറ്ററി | 1,20,000 രൂപ |
| ഓഡിറ്റോറിയം | 1,00,000 രൂപ |
| **ആകെ** | **2,20,000 രൂപ** |

**വാർഷിക ചെലവ്**

| | |
|---|---|
| ഫെസിലിറ്റേറ്ററുടെ വേതനം | 12,000 **x 12 = 1,44,000** രൂപ |
| വാച്ച് വുമൺ | 8000 **x 12** = 96,000 രൂപ |
| ക്ലീനിംഗ് സ്റ്റാഫ് | 1000 **x 12** = 12,0000 രൂപ |
| വൈദ്യുതി ചാർജ്ജ് | 9,000 **x 12 = 1,08,000** രൂപ |
| വാഷിംഗ് | 5,000 **x 12** = 60,0000 രൂപ |
| **ആകെ** | **4,20,000 രൂപ** |

അധിക ചെലവ് 2.00 ലക്ഷം രൂപ. ഇപ്പോഴത്തെ ഡോർമിറ്ററി വാടക 100-ൽ നിന്ന് 150 ആയി ഉയർത്തിയും ഓഡിറ്റോറിയം വാടക 3000 ത്തിൽ നിന്ന് 5000 ആയി ഉയർത്തിയും സെൽഫ് ഡിഫെൻസ് ക്ലാസ്സുകൾക്ക് ചെറിയ ഫീസ് ഈടാക്കിയും വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒപ്പം സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി

ചാർജ്ജ് കുറയ്ക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവ പരിഗണിച്ച് ജെന്റർ പാർക്കിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വേതനം തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** സൗജന്യ നിയമ സഹായം, കൗൺസിലിംഗ്, യോഗ ട്രെയിനർ, സെൽഫ് ഡിഫൻസ് ട്രെയിനർ എന്നിവയ്ക്കുള്ള ചെലവ് ജില്ലാ പഞ്ചായത്ത് നൽകികൊണ്ട് ഫെസിലിറ്റേറ്റർ, വാച്ച് വുമൺ, വാഷിംഗ്, ക്ലീനിംഗ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കുള്ള ചെലവ് ഇനി മുതൽ സ്വന്തമായി കണ്ടെത്തുന്ന തരത്തിൽ ജെന്റർപാർക്ക് മുഖേന നൽകുന്ന സേവനത്തിനുള്ള ഫീസ് ക്രമപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

എന്നാൽ ഇതുവരെ (2023-24, 2024-25 ആഗസ്റ്റ് 13 വരെ)യുള്ള വേതനം ജില്ലാ പഞ്ചായത്തിൽ നിന്നു നൽകാൻ അനുമതി നൽകുന്നു .

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്** |

**4.23 <u>കുടുംബശ്രീ</u>**

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.05.2024 -ലെ 1152/D/2020/KSHO നമ്പർ കത്തും അനുബന്ധരേഖകളും സർക്കാർ ഫയലും (SRG/628/24 IA1/250/2022/LSGD)**

**വിഷയം:-** കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ/ ചെറുകിട യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

മറ്റ് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകളിൽ നിന്ന് ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 25.09.2021-ലെ 19/2021/SPD സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഈ ഉത്തരവിന്റെ കാലാവധി 01.07.2022-നു അവസാനിച്ചു. ഇതിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ 18.06.2023-ൽ കുടുംബശ്രീ സർക്കാരിനോടാവശ്യപ്പെട്ടിരുന്നു. ആവശ്യം തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റോർ പർച്ചേസ് വകുപ്പിന് നൽകിയെങ്കിലും "തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു മിഷൻ പ്രോജക്ടായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ടെണ്ടർ ഇളവ് അനുവദനീയമായ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാറ്റഗറിയിൽപ്പെടുന്നതല്ല" എന്നതടക്കമുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടി ആവശ്യം നിരസിച്ചു. എന്നാൽ ഇത്തരം കുടുംബശ്രീ യൂണിറ്റുകളെ അംഗീകൃത ഗവൺമെന്റ് ഏജൻസികളുടെ ലിസ്റ്റിൽ (Accredited Agencies) ഉൾപ്പെടുത്തുന്നതിന് ധനവകുപ്പുമായി ആലോചിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണെന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടി കൂടാതെ കുടുംബശ്രീ തയ്യൽ യൂണിറ്റിന് നേരിട്ട് നൽകാൻ സാധിക്കുംവിധം ഇത്തരം സേവനങ്ങൾ നൽകുന്ന അംഗീകൃത ഗവൺമെന്റ് ഏജൻസികളുടെ ലിസ്റ്റിൽ (Accredited Agencies) കുടുംബശ്രീയെ ഉൾപ്പെടുത്തണമെന്നു സംബന്ധിച്ച്. ഇതിന്മേൽ റിപ്പോർട്ടിനായി കില ഡയറക്ടർ ജനറലിനു നൽകി. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ ഡയറക്ടർ ജനറൽ മറുപടി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഫയൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

**തീരുമാനം:-** കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തന പരിചയം, സാങ്കേതിക മേന്മ, ഉല്പന്നങ്ങളുടെ ഗുണമേന്മ എന്നിവ പരിശോധിച്ച് ഏതൊക്കെ കുടുംബശ്രീ യൂണിറ്റുകളെയാണ് ഇപ്രകാരം അക്രഡിറ്റഡ് ഏജൻസിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതെന്ന് ലിസ്റ്റ് സഹിതം നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്** |

## 4.24 ശുചിത്വ മിഷൻ

**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.10.2023-ലെ 1494/2022/SM നമ്പർ കത്ത് (SRG/554/24** WM2/328/2023- LSGD)

**വിഷയം:-** കമ്മ്യൂണിറ്റിതല ഗ്രേ വാട്ടർ മാനേജ്മെന്റ് പ്രവൃത്തികളുടെ തുക ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച്

ഗ്രേ വാട്ടർ കമ്മ്യൂണിറ്റിതലത്തിൽ സംസ്കരിക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ പദ്ധതി ഫേസ് II പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ പഞ്ചായത്ത് തല ഗ്രേ വാട്ടർ മാനേജ്മെന്റ് പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേനയും കോട്ടയം, ഇടുക്കി, വയനാട്, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പദ്ധതികൾ കേരള റൂറൽ വാട്ടർ സപ്ലൈ ഏജൻസി മുഖേനയും ഏറ്റെടുത്ത് നടപ്പാക്കണമെന്ന് ശുചിത്വ മിഷന്റെ 19.08.2023-ന് നടന്ന 35-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതികൾ മുകളിൽ പറഞ്ഞ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എസ്.ബി.എം. വിഹിതമായി കൈമാറുന്ന തുക മുകളിൽ പറഞ്ഞ ഏജൻസിക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തികൾ നടപ്പാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, KWA, KRWSA, ശുചിത്വ മിഷൻ എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ 18.10.2023-ലെ യോഗത്തിൽ മുകളിൽ പറഞ്ഞ പ്രകാരം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**തീരുമാനം:-** ഇപ്പോൾ തന്നെ കേരള വാട്ടർ അതോറിറ്റിക്ക് വിഹിതം ഡെപ്പോസിറ്റ് ചെയ്യാൻ അനുമതിയുണ്ട്. കേരള വാട്ടർ അതോറിറ്റിക്കൊപ്പം കേരള റൂറൽ വാട്ടർസപ്ലൈ ഏജൻസിയിലും ഇതിനുള്ള തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കൻ അനുമതി നൽകുന്നു. ഇതിനാവശ്യമായ ക്രമീകരണം ചെയ്യണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാനും തീരുമാനിച്ചു. ഇതിനാവശ്യമായ നടപടി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന സ്വീകരിക്കണം

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ധനവകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്** |

## 4.25 മട്ടന്നൂർ മുനിസിപ്പാലിറ്റി

**മട്ടന്നൂർ മുനിസിപ്പൽ സെക്രട്ടറിയുടെ 1372993/2024 -ാം നമ്പർ കത്ത് (SRG/ 714/24)**

**വിഷയം:-** മട്ടന്നൂർ നഗരസഭയുടെ പഴശ്ശിരാജ മെമ്മോറിയൽ ബഡ്സ് സ്കൂൾ മോഡേൺ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററായി (MCRC) ഉയർത്തുന്നത് സംബന്ധിച്ച്

മട്ടന്നൂർ നഗരസഭയുടെ നിയന്ത്രണത്തിലുള്ള പഴശ്ശിരാജ മെമ്മോറിയൽ ബഡ്സ് സ്കൂളിൽ 52 കുട്ടികളാണ് പഠിക്കുന്നത്. പ്രസ്തുത സ്കൂൾ മോഡേൺ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററായി (MCRC) ഉയർത്തുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇവിടെ 100 ഓളം കുട്ടികളെ പഠിപ്പിക്കാൻ സൗകര്യമുണ്ട്. മോഡേൺ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററായി (MCRC) ഈ സ്ഥാപനത്തെ ഉയർത്തുന്നതിന് താഴെപ്പറയുന്നവരെ മുനിസിപ്പാലിറ്റിയിൽ നിന്ന് നിയമിക്കാൻ കൗൺസിൽ തീരുമാന മെടുത്തിട്ടുണ്ട്.

| **ക്രമ നം** | **തസ്തികയുടെ പേര്** | **എണ്ണം** | **പ്രതിമാസ ശമ്പളം** | **വാർഷിക ശമ്പളം** |
|---|---|---|---|---|
| 1 | MCRC<br>Manager (MBA, MSW/MPH) | 1 | 36,000 | 4,32,000 |
| 2 | Special Education<br>(Degree and Educator<br>B.ED In Special Education) | 4 | 32,560 | 15,62,880 |
| 3 | Physiotherapist | 1 | 36,000 | 4,32,000 |

| | | | | |
|---|---|---|---|---|
| 4 | Speech Therapist | 1 | 36,000 | 4,32,000 |
| 5 | Occupation Therapist | 1 | 30,995 | 3,71,940 |
| 6 | Vocation Instructor (Degree or Diploma, Vocational Training) | 1 | 30,995 | 3,71,940 |
| 7 | Accounts Officer (M.Com Computer Knowledge) | 1 | 30,995 | 3,71,940 |
| 8 | Cook | 2 | 18,390 | 17,65,440 |
| 9 | Ayah | 3 | | |
| 10 | Driver | 1 | | |
| 11 | Sweeper | 1 | | |
| 12 | Watchman | 1 | | |
| | **Total** | | | **57,40,140** |

പുതിയ സ്റ്റാഫ് പാറ്റേൺ പ്രകാരം ജീവനക്കാരുടെ വേതനത്തിനായി പ്രതിവർഷം ഏകദേശം 57,40,140 രൂപ ആവശ്യമായി വരും. ഇത് തനത്/പ്ലാൻ ഫണ്ട് ഉപയോഗിച്ച് നഗരസഭ നൽകാനാണ് ഉദ്ദേശിക്കുന്നത്.

പ്രസ്തുത തസ്തികകളിലേയ്ക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ നിർദ്ദേശാനുസരണം ആദ്യ രണ്ട് വർഷക്കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ച് സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്. നഗരസഭാ ബഡ്സ് സ്കൂളിൽ നിലവിൽ പ്രിൻസിപ്പാൾ (1), ടീച്ചർ (1), ഫിസിയോ തെറാപ്പിസ്റ്റ് (1), ആയ (4), ഡ്രൈവർ (2), പാചകക്കാരൻ (1) എന്നീ തസ്തികകളാണ് ഉള്ളത്. ഇവരുടെ വേതനം നഗരസഭയാണ് നൽകുന്നത്.

**തീരുമാനം :-** മോഡേൺ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്ക് (MCRC) ആദ്യ രണ്ട് വർഷക്കാലത്തേയ്ക്ക് മുകളിൽ പറഞ്ഞ പ്രകാരം വിദഗ്ദ്ധരെ നിയമിക്കാൻ അനുമതി നൽകുന്നു. ധന വകുപ്പിന്റെ 11.02.2021-ലെ 29/2021/ധന ഉത്തരവ് പ്രകാരം അനുവദനീയമായ വേതനമാണ് നൽകാവുന്നത്. എന്നാൽ ഈ സെന്ററിന്റെ പ്രവർത്തന മേഖല മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൂടി വിപുലപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. ഒപ്പം മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം കൂടി ഇതിനായി തേടാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്** |

**യോഗം ഉച്ചകഴിഞ്ഞ് 1.00 മണിക്ക് അവസാനിച്ചു.**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് – പാർലമെന്ററികാര്യ വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് & ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
4. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
5. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
6. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
12. ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
13. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
14. ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി (പ്രതിനിധി)
15. ചീഫ് ടൗൺ പ്ലാനർ, (പ്രതിനിധി)
16. ഡയറക്ടർ, MGNREGS
17. ചീഫ് എഞ്ചിനീയർ, KSEB (പ്രതിനിധി)
18. ഡയറക്ടർ, കൃഷി വകുപ്പ്, (പ്രതിനിധി)
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
21. ഡയറക്ടർ, റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്